# ശവസംസ്കാര ശുശ്രൂഷകളിൽ പ്രസംഗിക്കുന്നതെങ്ങനെ?

**How to Preach for a Funeral**

**സ്റ്റീഫൻ കെ. പ്രെസ്സ്**
Stephen K. Preus

Copyright © 2025 South Asia Lutheran Mission

**ശവസംസ്കാര ശുശ്രൂഷകളിൽ പ്രസംഗിക്കുന്നതെങ്ങനെ?**

**HOW TO PREACH FOR A FUNERAL, in Malayalam**

By

Stephen K Preus

Is licensed under CC BY 4.0

ISBN : 978-1-960840-24-0

Translated by : Rev. Dr. D. Christudas

Cover : Anuroob C.I.

SALM

SouthAsiaLutheranMission.com

# ഉള്ളടക്കം


*മുഖവുര*........................................................................ *vii*

1. മരണകാരണവും ന്യായപ്രമാണവും പ്രസംഗിയ്ക്കേണ്ടതിന്റെ ആവശ്യകതയും.................. 1
2. നമ്മുടെ സ്വന്തം മരണത്തെ സംബന്ധിച്ചുള്ള ഉപദേശം......................................................................... 5
3. പ്രായശ്ചിത്ത രക്തത്തിന്റേയും വിശ്വാസത്താൽ മാത്രമുള്ള നീതികരണത്തിന്റെയും ആവശ്യകത...... 8
4. കൃപാ മുഖാന്തിരങ്ങളുടെ ആവശ്യകതയും പ്രയോജനങ്ങളും............................................................. 12
5. "അവരെക്കുറിച്ച് നല്ലത് സംസാരിക്ക' (അത് അധികമാകരുത്)...................................................16
6. അവർ കരയട്ടെ, എന്നാൽ പ്രത്യാശ നൽകുക............20
7. ശരീരത്തിന്റെ ഉയർത്തെഴുന്നേൽപ്പിന്റെ ലക്ഷ്യം.............24
8. ക്രിസ്തുവിൽ മരിച്ചവരുടെ അവസാന വിശ്വാസപ്രഖ്യാപനം..........................................................29

*പ്രസംഗം 1.*

"യേശു ഷെർളിയെ അറിയുന്നു"..............................32

*പ്രസംഗം 2.*

"മേഘങ്ങളിൽ ജോണിനൊപ്പം കർത്താവിനെ എതിരേൽക്കും..."....................................................... 38

*പ്രസംഗം 3.*

"സ്റ്റീഫൻ ഇതു വിശ്വസിച്ചു."....................................44

*പ്രസംഗം 4.*

"കർത്താവിന്റെ ശക്തി നാഥന്റെ
ബലഹീനതയെ തികഞ്ഞതാക്കി"..............................50

*പ്രസംഗം 5.*

"സലോമിയെ എതിരേല്ക്കുക,
യേശുവിനെ എതിരേൽക്കുക"...................................57

*പ്രസംഗം 6.*

"ജോർജ്ജിന്റെ ജീവിതത്തിലെ
ഏറ്റവും അർത്ഥവത്തായ ദിവസം"..........................63

*പ്രസംഗം 7.*

"അലീനയ്ക്കു മരണം നീങ്ങിപ്പോയ്"......................69

*പ്രസംഗം 8.*

"ഇനി ചലനമില്ല"..........................................................73

# മുഖവുര

നിങ്ങളുടെ എല്ലാ പ്രസംഗങ്ങൾക്കും വേണ്ടത്ര വ്യക്തത ഉണ്ടായിരിയ്ക്കണം. അവ്യക്തതയോടെ ചില പ്രസംഗങ്ങൾ ചെയ്യുമ്പോൾ എന്താണ് സംഭവിക്കുക? കേൾവിക്കാരിൽ വചനവിരുദ്ധമായ ആശയങ്ങൾ കൊണ്ടു നിറയ്ക്കാനുള്ള ഒരു ക്ഷണമായി ഈ അവ്യക്തത തീർന്നേക്കാം. അതു ദിവ്യസത്യത്തെ അസാധുവാക്കും. നിങ്ങളുടെ പ്രഭാഷണങ്ങളെ ചിലർ തെറ്റിദ്ധരിച്ചേക്കാം. നിങ്ങളുടെ കഴിവിന്റെ പരാമവധി വ്യക്തതയോടെ നിങ്ങൾ സംസാരിച്ചാലും ചിലപ്പോൾ അങ്ങനെ സംഭവിച്ചേക്കാം. അതു നിങ്ങളെ ആശ്രയിച്ചിരിക്കും. ആകയാൽ കഴിവിന്റെ പരമാവധി വ്യക്തതയോടെ സംസാരിക്കുക.

ഈ ലഘു ഗ്രന്ഥം നിങ്ങളെ സഹായിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. പ്രത്യേകിച്ചും ചരമ പ്രസംഗങ്ങൾ നടത്തേണ്ടിയ സന്ദർഭങ്ങളിൽ വ്യക്തതയോടെ പ്രസംഗിക്കുക എന്നത് വൈദീകരുടെ കർത്തവ്യമാണ്. ഈ കാര്യത്തിൽ എട്ട് വിഷയങ്ങൾ ഇവിടെ പരിഗണിക്കുന്നു. എന്റെ പിതാവ് പാസ്റ്റർ റോൾഫ് (Rolf Preus) പാസ്റ്റർ ഡേവിഡ് (David Peterson), പാസ്റ്റർ ബ്രയൻ (Brayan Wolfmuller) തുടങ്ങിയവരെ ഞാൻ കേട്ടും അവരിൽ നിന്നും വായിച്ചിട്ടുമുള്ള അനുഭവത്തിലാണിത്. പ്രീതിക്കു മുഖ്യത്വം കൊടുക്കുന്ന ശൈലിയിലേക്ക് നാം വീണു പോകാം. ബോധപൂർവ്വമല്ലെങ്കിലും, ക്രിസ്തുവിൽ നിന്നും അവനിലുള്ള പ്രത്യാശയിൽ നിന്നും കേൾവിക്കാരുടെ ശ്രദ്ധ തിരിച്ചു കളയാൻ ഇടയായേക്കാം. ഈ പട്ടിക സൂക്ഷ്മമായതാകാം. തീർച്ചയായും ഒരു പ്രസംഗത്തിന്റെ രൂപ രേഖയല്ല ഇത്. എന്നാൽ പരമപ്രാധാന്യമുള്ള വിഷയങ്ങൾ ഉൾക്കൊള്ളിയ്ക്കാൻ ശ്രമിച്ചിട്ടുണ്ട്. ചരമ പ്രസംഗങ്ങൾ തയ്യാറാക്കുന്ന അവസരങ്ങളിൽ ഇതു ഒരു സഹായിയായി പ്രയോജനപ്പെടും. എട്ടു വിഷയങ്ങൾ ഇവിടെ കേന്ദ്രീകരിയ്ക്കുന്നതു വഴി പാസ്റ്റർമാരെ ആശ്വസിപ്പിയ്ക്കാനും, സാക്ഷീകരിയ്ക്കാനും, പ്രബോധിപ്പിയ്ക്കാനും കൂടുതൽ പക്വപ്പെടുത്തുക എന്നതാണ് ലക്ഷ്യം. സാധാരണയുള്ള കേൾവിക്കാരിൽ നിന്നും വ്യത്യസ്തമായി

വികാരങ്ങൾ വൃണപ്പെട്ടുപോകാൻ എളുപ്പം സാദ്ധ്യതയുള്ളവരാണ് ശ്മശാന പ്രസംഗത്തിലെ കേൾവിക്കാർ. അതുകൊണ്ടുതന്നെ മറ്റേതു സന്ദർഭങ്ങളേക്കാളും, അവർ ഏറെ ശ്രദ്ധാലുക്കളും സ്വീകാര്യക്ഷമ തയുള്ളവരും ആകും ഈ കേൾവിക്കാർ. അതു കൊണ്ടു തന്നെ പ്രസംഗകർ ഈ അവസരം ശരിക്കും ഭംഗിയായി പ്രയോജനപ്പെടു ത്തണം. ദൈവവചന സത്യത്തെ വളരെ വ്യക്തമായി സംയോജിപ്പിച്ച് ഉച്ചരിക്കുമ്പോഴാണ് അതു ഉദ്ദേശിക്കുന്ന ഫലം ചെയ്യുക. ഇവിടെ എട്ട് വിഷയങ്ങൾ കൈകാര്യം ചെയ്ത ശേഷം ഞാൻ എട്ടു മാതൃകാ പ്രസം ഗങ്ങൾ കൂട്ടിച്ചേർത്തിട്ടുണ്ട്. എന്റെ വർഷങ്ങളായുള്ള ശ്മശാന ശുശ്രൂഷാ വേളകളിലെ അനുഭവത്തിൽ നിന്നും വ്യക്തതയ്ക്കായി ഞാൻ കഠിനപ്രയത്നം ചെയ്തത് ബോധ്യപ്പെടുത്താനാണിത്. തീർച്ച യായും നമുക്കോരോരുത്തർക്കും നമ്മുടേതായ ഒരു പ്രഭാഷണ രീതി യുണ്ടാകും. ഇത്തരത്തിലുള്ള ഒരു ചെറുപുസ്തകത്തിന് പ്രസംഗ ത്തിന്റെ പൂർണ്ണമായ സ്വരമോ ഗതിയോ നിർണ്ണയിക്കാനാവില്ല എന്നതു വാസ്തവമാണ്. ഈ എട്ടു വിഷയങ്ങളെ എങ്ങനെ വിശ്വസ്തതയോടെ കൈകാര്യം ചെയ്യാമെന്നതിന് ഇതിന്റെ ഉള്ളടക്കം സഹായകരമായേ ക്കും. ഇന്ന് സഹായകരമെന്ന് നിങ്ങൾക്ക് അനുഭവപ്പെട്ടാൽ, ദൈവ ത്തിന് നന്ദി. ഇത് കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നിങ്ങളുടെ നിർദ്ദേശങ്ങളെ തീർച്ചയായും ഞാൻ അംഗീകരിച്ച് സ്വാഗതം ചെയ്യും.

ഈ ചെറുഗ്രന്ഥം എഴുതുന്നതിനും മുമ്പേ തന്നെ തയ്യാറാക്കിയ പ്രസംഗങ്ങളാണ് ഇതിൽ ചേർത്തിരിക്കുന്നത്. നിങ്ങൾ ഈ പുസ്ത കത്തിന്റെ ഉള്ളടക്കത്തെ വിലയിരുത്തും മുമ്പേ ഇതിന്റെ ഉദ്ദേശശുദ്ധി തിരിച്ചറിയണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ശുശ്രൂഷയിലായിരിക്കുന്ന എന്റെ പ്രീയ സഹോദരങ്ങളുടെ മൂർച്ചേയറിയ കത്തിക്കായി ഞാൻ നന്ദിയുള്ളവനാണ്. വിശ്വാസികളോട് സദാ വിശ്വസ്തരായ പ്രഭാഷ കർ ആകാനാണല്ലോ നാം കിണഞ്ഞ് പരിശ്രമിക്കുന്നത്. അതിനിട യിൽ നിങ്ങളുടെ അഭിപ്രായങ്ങളും ചോദ്യങ്ങളും സ്വാഗതം ചെയ്യുന്നു.

2022 ജൂലായ് മാസത്തിൽ ബ്യൂഗൻഹാഗൻ സമ്മേളനം റാസീ നിലെ (WI) സെന്റ് ജോൺസ് ലൂഥറൻ സഭയിൽ വച്ചു നടക്കുകയു ണ്ടായി. അവിടെ ഞാൻ “അവ്യക്തത ഒഴിവാക്കുക, ശ്മശാന പ്രഭാഷ ണത്തിലേക്ക് ശ്രദ്ധതിരിക്കുക” എന്ന പേരിൽ അവതരിപ്പിച്ച വിഷയ ങ്ങളാണ് പ്രധാനമായും ഈ ചെറുഗ്രന്ഥത്തിന്റെ ഉള്ളടക്കം.

# 1

# മരണകാരണവും ന്യായപ്രമാണം പ്രസംഗിയ്ക്കേണ്ടതിന്റെ ആവശ്യകതയും

*മനുഷ്യവീക്ഷണത്തിൽ മരണം എന്താണ്?*
*ദൈവീകവീക്ഷണത്തിൽ മരണം എന്താണ്?*

**വൈ**ദീക കലാലയങ്ങളിൽ പ്രസംഗത്തിന്റെ രീതിശാസ്ത്രത്തെക്കുറിച്ച് പഠിപ്പിയ്ക്കാറുണ്ട്. അപ്പോൾ ശവസംസ്കാര ശുശ്രൂഷകളിൽ ന്യായപ്രമാണം അധികമായി ഉപയോഗിക്കരുത് എന്നാവും ഉപദേശിച്ചിട്ടുണ്ടാവുക. എന്നാൽ ന്യായപ്രമാണം ഒരു മൃതശരീരത്തിന്റെ രൂപത്തിൽ ഇപ്പോൾ നിങ്ങളുടെ കൺമുന്നിലുണ്ട്. സദുദ്ദേശത്തോടെയാണ് മുൻകാലങ്ങളിൽ ഇത് പഠിപ്പിച്ചിട്ടുണ്ടാകുക എന്നിരുന്നാലും, എല്ലാ ബഹുമാനത്തോടും ഈ പ്രസംഗ അദ്ധ്യാപകരോട് ഞാൻ വിയോജിക്കുകയാണ്. വിശുദ്ധ ഫ്രാൻസിസ് ഇപ്രകാരം പറഞ്ഞിട്ടുണ്ട്. “എല്ലായ്പ്പോഴും സുവിശേഷം പ്രസംഗിക്കുക, ആവശ്യമാണെങ്കിൽ വാക്കുകൾ ഉപയോഗിക്കുക” ഈ പ്രയോഗത്തിന് ചില പരിമിതികളുണ്ട്. ന്യായപ്രമാണത്തിന് ഒരു ശവശരീരം ആയിരിക്കാനാവില്ല. എന്തെന്നാൽ, വചനവിശുദ്ധമായ അനേകം വിധങ്ങളിൽ ജനം ദൃഷ്ടാന്തപ്രബോധനങ്ങളെ വ്യാഖ്യാനിക്കാറുണ്ട്.

ജനങ്ങളുടെ കാഴ്ചപ്പാടിൽ എന്താണ് മരണം? അനേകർ തികച്ചു ദൈവശാസ്ത്ര വീക്ഷണത്തിൽ മരണത്തെ മനസ്സിലാക്കാൻ ശ്രമിക്കുന്നു. ഒരു ഡോക്ടർ നാഡീമിടിപ്പു ഹൃദയമിടിപ്പും നിന്നു എന്നു മനസ്സിലാക്കുമ്പോൾ മരണം സംഭവിച്ചതായി അറിയിക്കുന്നു. ഒരു വ്യക്തി എങ്ങനെ മരിച്ചു എന്നു നിങ്ങൾ അന്വേഷിച്ചാൽ ലഭിക്കുന്ന മറുപടി ഏകദേശം ഇങ്ങനെയായിരിക്കും. ബോബ് ഹൃദയാഘാതത്താൽ മരിച്ചു. ജനീറ്റ അർബുദബാധ

യാൽ മരിച്ചു. ഡെലോറ പക്ഷാഘാതം പിടിപെട്ടു മരിച്ചു. അവർ ചില വൈദ്യശാസ്ത്ര കാരണങ്ങൾ പറയുകയാണ്. ജീവിത കാല ചക്രത്തിന്റെ സ്വാഭാവികമായ അവസാനത്തെ അവസ്ഥയായി മാത്രമാണ് മരണത്തെ അവർ കാണുന്നത്. അതതിന്റെ മര ണത്തെ സംബന്ധിച്ച ഈ വൈദ്യശാസ്ത്ര കാരണങ്ങൾ മതി യായതല്ല. ഈ വൈദ്യശാസ്ത്ര കാരണങ്ങൾ മൃതശരീരത്തെ കേന്ദ്രമാക്കിയുള്ള നിഗമനങ്ങളിലാണ് മനുഷ്യർ എത്തിച്ചേരു ന്നത്.

മറ്റുള്ളവരുടെ മരണം നമ്മെ സംബന്ധിച്ചിടത്തോളം തികച്ചും സ്വാഭാവികമായ ഒന്നാണ്. മറ്റു ജന്തു ജാലങ്ങൾക്കു സംഭവിക്കുംപോലെ തന്നെ മനുഷ്യനും സംഭവിക്കുന്നു. ജീവിതചക്രത്തെ വിലയിരുത്തിയാണ് ഈ നിഗമനത്തിലെത്തു ന്നത്. അവരെ സംബന്ധിച്ച് ശവപ്പെട്ടിയിലെ മൃതശരീരം ജൈവ വൃത്തത്തിനപ്പുറമായി ഒന്നും തന്നെ പഠിപ്പിക്കുന്നില്ല. മനുഷ്യൻ നിലത്തുനിന്ന് എടുക്കപ്പെട്ടു. അവൻ പൊടിയാണ്. പൊടിയി ലേക്കു തന്നെ തിരികെ ചേരും. (ഉല്പ. 3:19) ഈ ബൈബിൾ വാക്യം ശ്രദ്ധിക്കുമ്പോഴും നമുക്ക് ഇതു തന്നെയാണ് തോന്നു ക. പിതാവിങ്കലേക്ക് നയിക്കപ്പെടുന്ന ഒരു ജീവിതത്തെക്കുറി ച്ചുള്ള ചിന്ത ഇവിടെ ഇല്ല. (യോഹ:14:6) ജനം സാധാരണ ഗതി യിൽ മരണത്തെ നോക്കി ജീവിതത്തിന്റെ ഒരു സ്വാഭാവിക ഭാഗം മാത്രമായി കാണുന്നു.

ഈ കാലങ്ങളിൽ മൃതശരീരം കുഴിച്ചിടുന്നതിനേക്കാൾ ദഹിപ്പിക്കുന്നതിനുള്ള താൽപര്യം കൂടിവരുന്നു. ഇന്ന് ശവപ്പെ ട്ടിയിൽ മൃതശരീരം ലഭിക്കും എന്ന യാതൊരു ഉറപ്പും നമുക്കി ല്ല. അതുകൊണ്ട് ശരീരം കൂടാതെ ഒരു ന്യായപ്രമാണവും ഇവി ടെയില്ല. അതല്ലാതെ, ശവം ദഹിപ്പിക്കുന്നവർ ദൈവത്തിന്റെ ന്യായപ്രമാണം പ്രസംഗിക്കുന്നുവോ? അല്ലെങ്കിൽ, തങ്ങളുടെ പ്രീയപ്പെട്ടവരുടെ ശേഷിപ്പുകളായി ചിലവ ഒരു ശവഭസ്മകല ശത്തിൽ വച്ചിരിക്കുമ്പോൾ ദൈവത്തിന്റെ ന്യായപ്രമാണത്തെ ക്കുറിച്ച് ആരാണ് ചിന്തിക്കുക? ശവസംസ്ക്കാരത്തെ ഇങ്ങനെ യാണോ എല്ലാവരും സമീപിക്കുകയും വ്യാഖ്യാനിയ്ക്കുകയും ചെയ്യുക?

തീർച്ചയായും അല്ല. ആകയാൽ ദൈവഇഷ്ടപ്രകാരം മര

ണത്തെക്കുറിച്ച് പ്രസംഗിക്കു. പാപത്തിന്റെ ശമ്പളമായി മരണത്തെക്കുറിച്ച് സംസാരിക്കുക. “തിന്നുന്ന നാളിൽ നിശ്ചയമായും നീ മരിക്കും” (ഉല്പ 2:17) ഇതു വിലക്കപ്പെട്ട കനി തിന്നുന്നതിന് മുമ്പേ ആദാമിനോട് ദൈവം പറഞ്ഞതാണ്. വിശുദ്ധ പൗലൂസും ഇതു തന്നെ ആവർത്തിച്ചു ഉറപ്പിക്കുന്നു. “ഏക മനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു. “(റോമർ 5:12)” ഇതിനെ ന്യായപ്രമാണത്തോട് ശരിയാം വിധം ബന്ധിപ്പിയ്ക്കാനായി അവൻ എഴുതുന്നു. “മരണത്തിന്റെ വിഷമുള്ള് പാപം. പാപത്തിന്റെ ശക്തിയോ ന്യായപ്രമാണം” (1 കൊരി 15:56) തുടർന്ന് പൗലൂസ് പറയുന്നു, നമുക്കു ജയം നൽകുന്നത് ദൈവമാകുന്നു. അത് കർത്താവായ യേശു ക്രിസ്തുവിലൂടെ (1 കൊരി 15:57). നമ്മുടെ സ്വാഭാവിക പ്രകൃതി നിമിത്തം നാം ആത്മീകമായി പാപത്തിന് മരിച്ചു. (എഫേസ്യർ 2:1) ന്യായപ്രമാണം പഠിപ്പിക്കുന്നത്, അതുനിമിത്തമാണ് താല്ക്കാലിക മരണം നമ്മിൽ സംഭവിക്കുന്നത് എന്നാണ്. ക്രിസ്തുവിലുള്ള വിശ്വാസം കൂടാതെ, ഈ ആത്മീക മരണവും താൽക്കാലിക മരണവും ശിക്ഷാവിധിയിലേക്കും രണ്ടാം മരണത്തിലേക്കും മാത്രമേ നമ്മെ നയിക്കുകയുള്ളു. (വെളിപ്പാട് 21:8) ദൈവത്തിന്റെ കരുണയിലും കൃപയിലും നിന്നുള്ള നിത്യമായ വേർപാട് ആണ് അത്.

മരണകാരണം പാപവുമായി സംയോജിപ്പിക്കുമ്പോൾ മുന്നറിയിപ്പിന്റെ ഒരു വാക്ക്: ജന്മപാപത്തേയും കർമ്മ പാപത്തേയും തമ്മിൽ വേർപിരിക്കുന്നതിൽ നാം ജാഗ്രതയുള്ളവരാകണം. പാപമാണ് മരണകാരണം എന്നു നാം പറയുമ്പോൾ അനേകം ആളുകൾ ഈ വ്യക്തിയുടെ രോഗവും മരണവും അയാളുടെ ചില പ്രത്യേക പാപത്തിന്റെ ശിക്ഷ നിമിത്തമാണ് എന്നു ചിന്തിക്കാൻ ഇടയായേയ്ക്കാം. എന്തന്നാൽ തന്റെ മനുഷ്യായുസ്സിനിടയിൽ ഈ വ്യക്തി ഗൗരവതരമായ പാപകർമ്മങ്ങൽ ചെയ്യാൻ ഇടയായിരിയ്ക്കാം. ഉദാഹരണമായി, ഞാൻ ഒരു സഭാ അംഗത്തെ ഓർക്കുന്നു. അയാൾക്കൊപ്പം ഒരു സ്ത്രീ ലൈംഗീക ബന്ധത്തിൽ ഏർപ്പെടുക എന്ന പാപം ചെയ്തു. ഈ ഒരു പ്രത്യേക പാപം നിമിത്തം, ദൈവം അവളെ നേരിട്ടു മരണശിക്ഷയ്ക്കു വിധിച്ചു എന്നാണ് അയാൾ കരുതിയത്. ഈ ഒരു

കാര്യം തന്നെ മരണശിക്ഷയ്ക്കു മതിയായതാണെങ്കിലും സത്യമിതാണ്. ഈ കർമ്മപാപം ചെയ്തില്ലായിരുന്നെങ്കിൽ പോലും മറ്റെല്ലാവരെയും പോലെ ഈ സ്ത്രീയും പാപത്തിൽ ഗർഭം ധരിച്ചു ജനിച്ചവളാണ്. (സങ്കീ. 5:5) ആഗ്സ്ബർഗ് വിശ്വാസ ഏറ്റുപറച്ചിൽ (11) ഈ ജന്മപാപത്തിൽ നിന്നും പാപവിചാരം വാക്ക്, പ്രവൃത്തി എന്നിവ ഉത്ഭവിക്കുന്നു. ഈ വിഷയം മനസ്സിൽ സൂക്ഷിയ്ക്കണം.

ആകയാൽ ന്യായപ്രമാണം എന്നതു മൃതശരീരം മാത്രമല്ല, നിങ്ങളുടെ പ്രസംഗം വഴി തെറ്റായ ഒരു ആശയം നിങ്ങളുടെ കേൾവിക്കാരിൽ ഉണ്ടാകാതിരിക്കാൻ കഴിവിന്റെ പരമാവധി നിങ്ങൾ ശ്രമിയ്ക്കണം. അല്ലെങ്കിൽ ക്രിസ്തുവിൽ നിന്നും ശ്രദ്ധ വേർതിരിയാനും അവയ്ക്കുപകരക്കാരനായി യേശുക്രിസ്തു അവരുടെ സ്ഥാനത്ത് മരിയ്ക്കേണ്ടതിന്റെ ആവശ്യകത കേൾവിക്കാർക്ക് ഇല്ലാതെയും പോയേക്കാം. ദൈവം, “അതിക്രമങ്ങളൊക്കെയും നമ്മോടു ക്ഷമിച്ച് ചട്ടങ്ങളാൽ നമുക്കു വിരോധവും പ്രതികൂലവും ആയിരുന്ന കയ്യെഴുത്തു മായിച്ചു ക്രൂശിൽ തറച്ചു. നടുവിൽ നിന്ന് നീക്കി കളഞ്ഞു.” (കൊലോസ്യർ 2:14) ഈ സത്യം ശ്രോതാക്കളിൽ വ്യക്തതയോടെയും ശ്രദ്ധയോടെയും പതിയുന്നതിലാവണം പ്രസംഗത്തിന്റെ ഊന്നൽ.

# 2
# നമ്മുടെ സ്വന്തം മരണത്തെ സംബന്ധിച്ചുള്ള ഉപദേശം

*മരണം മറ്റുള്ളവർക്ക് മാത്രം സംഭവിയ്ക്കുന്നതാണോ, അതോ നമ്മുടേതിനുമായി നാം തയ്യാറെടുക്കേണ്ടതുണ്ടോ?*

**അ**നേകരെ സംബന്ധിച്ചിടത്തോളം മറ്റുള്ളവരുടെ മരണം തങ്ങളുടെ തന്നെ മരണത്തെ ഓർമ്മിപ്പിക്കുന്ന മുഖാന്തിരമാകുന്നില്ല. അതു മറ്റുള്ളവർക്ക് സംഭവിച്ച കാര്യം മാത്രമാണ്. മൃത ശരീരത്തെ നോക്കി, "പാപത്തിന്റെ ശമ്പളം മരണം" എന്ന് ഒരു പക്ഷെ അവർ ഉരുവിടുന്നില്ലായിരിയ്ക്കാം. മൃതശരീരത്തെ നോക്കി "ഇതു തന്നെ എനിക്ക്/ എന്റെ ജീവിത പങ്കാളിക്ക്/ മക്കൾക്ക്/ സുഹൃത്തുക്കൾക്ക് സംഭവിക്കും" എന്നു പറഞ്ഞുകൊണ്ട് തന്റെ തന്നെ ജീവനറ്റ ശരീരത്തെ സ്വയം കാണാൻ കഴിയുന്നില്ല.

ഇത്തരം സന്ദർഭങ്ങളിൽ സാധാരണയായി നാം കേൾക്കുന്നതിങ്ങനെയാണ്, "ഒരു നല്ല ശവം അടക്കം അയാൾക്കു കിട്ടി." കാര്യങ്ങളെല്ലാം വളറെ ഭംഗിയായി നടന്നു." "അയാൾ നല്ല രീതിയിൽ കാണപ്പെട്ടു." നല്ലതിനോ, ചീത്തയ്ക്കോ, മരണവീടുകളിൽ എല്ലാ ഒരുക്കങ്ങളും പരമാവധി ഭംഗിയായി ചെയ്യുന്നു. ശവശരീരത്തെ- അതു ചീഞ്ഞു അഴിഞ്ഞു നശിക്കാനുള്ളതാണെങ്കിലും- വളരെ മനോഹരമായി അലങ്കരിക്കുന്നു. പുഷ്പങ്ങൾകൊണ്ടും പരിമള തൈലംകൊണ്ടും മനോഹരവും സുഗന്ധപൂർണ്ണവും ആക്കുന്നു. ശവക്കുഴിയുടെ പരിസരവും വഴിയും ചപ്പുചവറുകൾ നീക്കി വൃത്തിയാക്കുന്നു. കഴിയുമെങ്കിൽ പൊടിപടലങ്ങൾ ശ്രദ്ധയിൽപെടാതിരിക്കാനായി കൃത്രിമ പച്ച പരവതാനി വിരിക്കുന്നു. കല്ലറകളിൽ അടക്കം ചെയ്യാതെ ദഹിപ്പിക്കു

ന്നവരുടെ കാര്യത്തിൽ മരിച്ചയാളിന്റെ ഭൗതീക അടയാളങ്ങൾ ഒന്നും ശേഷിപ്പിക്കാതെ കാര്യങ്ങൾ അവസാനിപ്പിക്കുന്നു. ഇവിടെ ഓർക്കുക, ശവശരീരങ്ങൾ ആരും തന്നെ തങ്ങൾക്കായ് തന്നെ ഇനിമേൽ സൂക്ഷിക്കുന്നില്ല. അവരുടെ കാഴ്ച്ചയ്ക്കും മനസ്സിനും അപ്പുറത്തേയ്ക്ക് അതു മറയുന്നു. നിശ്ചയമായും ബുദ്ധിയുള്ള ഒരു ആത്മാക്കളും മരണത്തിന്റെ മാലിന്യത്തിൽ ആഹ്ലാദിക്കുന്നില്ല. അത് ആരോഗ്യകരവുമല്ല. മരണത്തിൽ നിന്നും ശ്രദ്ധ തെറ്റിപ്പോകാൻ അനേകം വഴികളുണ്ട്. എന്നിരുന്നാലും അനേകം ഹൃദയങ്ങൾ തങ്ങളുടെ മരണത്തെ സംബന്ധിച്ച ആരോഗ്യകരമായ തിരിച്ചറിവുകളിൽ എത്തിച്ചേരുന്നില്ല. ഒരു നാൾ അവർ അവരുടെ സൃഷ്ടിതാവിനെ എതിരേൽക്കും!

നിങ്ങളുടെ കേൾവിക്കാരോട് അവരുടെ തന്നെ മരണത്തിനായ് ഒരുങ്ങുവാൻ പറയുക. കർത്താവു പറയുന്നു: “നീ പൊടിയാകുന്നു, പൊടിയിലേക്ക് തിരികെ ചേരും”. (ഉല്പത്തി 8:19) ഇത് ഓർക്കുക. മോശെ ഇങ്ങനെ പ്രാർത്ഥിച്ചു: “ഞങ്ങൾ ജ്ഞാനമുള്ളോരു ഹൃദയം പ്രാപിയ്ക്കത്തക്കവണ്ണം ഞങ്ങളുടെ നാളുകളെ എണ്ണുവാൻ ഞങ്ങളെ ഉപദേശിയ്ക്കേണമേ.” (സങ്കീ. 90:12) ശവസംസ്ക്കാര വേളകളിൽ ശുശ്രൂഷകനും പ്രാർത്ഥിയ്ക്കുന്നു. “ഞങ്ങൾ മർത്യൻ ആണ് എന്ന് ഞങ്ങളെയും ഓർമ്മിപ്പിയ്ക്കേണമേ. വിശ്വാസത്തിൽ നിദ്ര ചെയ്യാനായി ഞങ്ങളെ ഒരുക്കേണമേ...” പെട്ടെന്നുള്ള മരണത്തിൽ നിന്നും ദുർമരണങ്ങളിൽ നിന്നും ഞങ്ങളെ വിടുവിയ്ക്കേണമേ എന്നും കൂടെ നാം പ്രാർത്ഥിയ്ക്കുന്നു. കർത്താവു പഠിപ്പിച്ച പ്രാർത്ഥനയുടെ ഏഴാം അപേക്ഷയിൽ; ‘ഞങ്ങളെ ദോഷങ്ങളിൽ നിന്നും വിടുവിയ്ക്കേണമേ’ എന്നും നാം പ്രാർത്ഥിയ്ക്കുന്നു. ഒരു നല്ല അവസാനം ഞങ്ങൾക്കു തരേണമേ എന്നതാണ് യാചന. ഒരു ക്രിസ്തീയ മരണത്തിനായ് നാം കാംക്ഷിക്കുന്നു. മരണം എപ്പോഴാണ് വന്നെത്തുക എന്ന് ആർക്കറിയാം? ശവസംസ്ക്കാരശുശ്രൂഷകളിലെ പാട്ടുകൾ, വായനകൾ, പ്രാർത്ഥനകൾ ഇവയെല്ലാം നമ്മെ ഓർമ്മിപ്പിക്കുന്നത് നാം നമ്മുടെ മരണത്തെക്കുറിച്ച് ജാഗ്രതയുള്ളവർ ആകണമെന്നതാണ്. എന്തെന്നാൽ നമുക്കു മാനസാന്തപ്പെട്ടവരുടെ മരണം വേണം. തെറ്റു ചെയ്തു പോയവരോട് നാം നിരക്കണം. ദൈവത്തിന്റെ ക്രിസ്തുവിലുള്ള കൃപാകരമായ വാഗ്ദത്തങ്ങളിൽ

വിശ്വാസവും ആശ്രയവും ഉള്ളവരായിരിക്കണം നാം. അനേകം പേർ കരുതുന്നത് വേദനകൾ കൂടാതെയും വേഗത്തിലുള്ളതു മായ മരണം നല്ല മരണം എന്നാണ്. എന്നാൽ മരണം ശരിയായ ഒരുക്കത്തോടുകൂടെയുള്ളതാകണം. വിശ്വാസത്താൽ അവർ അവരുടെ രക്ഷകനെ എതിരേൽക്കാൻ ഒരുങ്ങുകയാണ്,.

ഒരു പഴയ ജർമ്മൻ പ്രാർത്ഥനയുണ്ട്. സ്വന്തം മരണം ദൃഢ മായ വിടുതലാണ് എന്നോർമ്മിപ്പിക്കുന്ന ഉപദേശമാണത്. മറ്റൊ രാളുടെ ചരമശുശ്രൂഷകളിൽ പങ്കെടുത്തുകൊണ്ടിരിക്കുന്നവർ തങ്ങളുടെ തന്നെ മരണത്തിനായ് സ്വയം ഒരുങ്ങാൻ ആവശ്യ പ്പെടുന്നതാണത്. ഇതിനു സമാനമായി നമ്മുടെ രാജ്യത്ത് ഒരു സ്മാരകശിലയിൽ രേഖപ്പെടുത്തി കണ്ട വാക്കുകൾ ഇപ്രകാര മാണ്.

*കടന്നു പോകുന്ന സ്നേഹിതരേ നിങ്ങൾ ഓർക്കുക*
*നിങ്ങൾ ഇപ്പോൾ എന്നപോലെ ആയിരുന്നു ഞാനും ഒരിയ്ക്കൽ*
*ഞാൻ ഇപ്പോൾ  ആയിരിക്കുന്നപോലെ നിങ്ങളും മരിക്കും*
*മരണത്തിനായ് ഒരുങ്ങുക; എന്റെ പിന്നാലെ വരിക.*

ഇതൊരു മ്ലാനചിന്തയല്ല. ഉൾക്കൊള്ളാൻ യോഗ്യമായ ചിന്തയാണിത്. ഇതു നാം ശരിക്കും ഉൾക്കൊണ്ടാൽ, നമുക്കും ഒരു അനുഗൃഹീത മരണത്തിനുടമയാകാം. നമ്മുടെ രക്ഷകനും വീണ്ടെടുപ്പുകാരനും വിശുദ്ധീകരിക്കുന്നവനുമായവനെ എതി രേൽക്കാൻ തയ്യാറാകാം.

നിങ്ങളുടെ കേൾവിക്കാരും കൂടെ മരിയ്ക്കാൻ പോകുക യാണ്. അതിനായ് അവർ ശരിയായി തയ്യാറെടുക്കേണ്ടതുണ്ട്. നിങ്ങളുടെ കഴിവിന്റെ പരമാവധി, നിങ്ങളുടെ കേൾവിക്കാർ നിങ്ങ ളുടെ വാക്കുകളാൽ തെറ്റായ ആശയങ്ങൾ സ്വീകരിക്കാൻ ഇട യാകാതെ നോക്കുക. നിങ്ങളുടെ കേൾവിക്കാരുടെ ശ്രദ്ധ യേശു ക്രിസ്തുവിൽ നിന്നും വഴിമാറിപ്പോകരുത്. അവനിൽ അവർക്ക് പറ്റിച്ചേരാൻ കഴിഞ്ഞില്ലെങ്കിൽ ആർക്ക് അവരെ മരണത്തിൽ നിന്നും വിടുവിയ്ക്കാനാകും?

# 3

# പ്രായശ്ചിത്ത രക്തത്തിന്റേയും വിശ്വാസത്താൽ മാത്രമുള്ള രക്ഷയുടേയും ആവശ്യകത

*നമ്മുടെ ദൈവശാസ്ത്രം: "ആശ്ചര്യ കൃപയോ;"*
*"ഞാൻ കൃപയാൽ രക്ഷിക്കപ്പെട്ടു" എന്നതോ?*

**അ**ടുത്തയിടെ, തന്റെ ഭർത്താവിന്റെ മരണത്തോടു ബന്ധപ്പെട്ടു ഞാൻ നമ്മുടെ ഒരു സഭാ അംഗത്തെ സന്ദർശിച്ചു. റോമൻ കത്തോലിക്കാ വിശ്വാസികളായി അവൾക്ക് അനേകം ബന്ധുക്കളുണ്ട്. യേശുവിനെക്കുറിച്ചുള്ള ശുദ്ധ സുവിശേഷം കേൾക്കാൻ അവൾ താല്പര്യപ്പെട്ടു. ചടങ്ങുകളിൽ പങ്കെടുക്കുന്ന തന്റെ ബന്ധുക്കൾ, അവരുടെ പ്രവൃത്തികളാൽ അല്ല രക്ഷിക്കപ്പെടുന്നതെന്ന് അവർ കേൾക്കണമെന്ന് അവൾ ആഗ്രഹിച്ചു. രക്ഷ വിശ്വാസത്താൽ മാത്രം. കൃപയാൽ മാത്രം, ക്രിസ്തുവിനാൽ മാത്രം ഈ സത്യം ഈ സ്ത്രീ ശരിക്കും ഗ്രഹിച്ചിരുന്നു. ഈ സുവിശേഷ സത്യം വിശദമാക്കുന്ന പാട്ടുകൾ തിരഞ്ഞെടുക്കാൻ അവൾ പ്രത്യേകം ശ്രദ്ധിച്ചു. ഈ അപൂർവ്വ അവസരം ഒരു ആശ്ചര്യ സന്തോഷവേളയും കൂടെ ആയിരുന്നു എന്നു പറയണം. 'ആശ്ചര്യകൃപയെ' കുറിച്ച് ആവർത്തിച്ചു പാടാനുള്ള അപേക്ഷ ആവർത്തിച്ചു നമുക്കു കിട്ടാറുണ്ട്. എന്നാൽ ഈ പാട്ടു സുവിശേഷത്തെ സംബന്ധിച്ച തികഞ്ഞ ഒരു സന്ദേശം നമുക്കു നൽകുന്നില്ല.

'ആശ്ചര്യ കൃപ' നല്ല ഒരു ഭക്തി ഗാനം തന്നെ. കൃപാലുവായ ദൈവത്തെക്കുറിച്ച് ഒരു വിധം മനസ്സിലാക്കിയിട്ടുള്ള ആരും ഇഷ്ടത്തോടെ ഈ പാട്ടു പാടും. എന്നാൽ അത് സുവിശേഷത്തിന്റെ അവ്യക്തമായ ഒരു പ്രദർശനമാണ്. അവ്യക്തമായ അനേകം ധാരണകൾ, അതും കൃപയെ സംബന്ധിച്ച സ്വയ

നിർവ്വചനത്തിലേക്ക് കേൾവിക്കാരെ നയിക്കും. ഇത് അയോഗ്യരായ നമ്മുടെ മേലുള്ള യേശുക്രിസ്തുമൂലം നമുക്കുള്ള ദൈവകൃപയെ പൂർണ്ണമായി വെളിപ്പെടുത്തുന്നുണ്ടോ? പാപത്തിന്റെ അനന്തരഫലമായ അകൽച്ചയ്ക്ക് ക്രൂശിലെ യേശുക്രിസ്തുവിന്റെ ഒരിക്കലായുള്ള പ്രായശ്ചിത്ത മരണം വഴിയുള്ള ഫലം അത് പ്രഖ്യാപിക്കുന്നുണ്ടോ?

ദൈവം നമ്മെ ധരിപ്പിച്ച നീതീകരണത്തേയും വചനം വഴിയായി പരിശുദ്ധാത്മാവിന്റെ നമുക്കായി പൂർത്തീകരിച്ച പ്രവൃത്തിയേയും ഇതു വേണ്ട വിധം വിശദമാക്കുന്നുണ്ടോ? അല്ലെങ്കിൽ ഈ കൃപ നമ്മെ കുഴപ്പിക്കുകയാണോ? നമ്മുടെ വിശുദ്ധീകരണം വഴി നമ്മുടെയും കൂടെ പങ്കാളിത്വത്തോടെ നാം നേടിയെടുക്കേണ്ട ഒന്നാണ് ദൈവത്തിന്റെ നീതീകരണം എന്ന ധാരണ നമ്മിൽ ഉളവാക്കുന്നുവോ? 'ആശ്ചര്യകൃപ' യെ പോലുള്ള പ്രസംഗങ്ങൾ സുവിശേഷത്തെ സംശയത്തിന്റെ നിഴലിലാക്കുന്ന പഠിപ്പിക്കലുകളിലേക്ക് വേഗത്തിൽ നമ്മെ കൊണ്ടെത്തിക്കും. ദൈവത്തിന്റെ രക്ഷിക്കുന്ന കൃപയെക്കുറിച്ച് ശരിയല്ലാത്ത ധാരണകൾ നമ്മിൽ പതിപ്പിക്കും.

എന്റെ ഒരു സഭാ അംഗം, മേൽപറഞ്ഞ സ്ത്രീയുടെ ഭർത്താവിന്റെ ശവസംസ്ക്കാര ശുശ്രൂഷയിൽ ആലപിയ്ക്കാനായി വ്യക്തമായ സുവിശേഷ ഗീതങ്ങൾ തിരഞ്ഞെടുത്തു. "കൃപയാൽ ഞാൻ രക്ഷിയ്ക്കപ്പെട്ടു" എന്ന പാട്ടാണ് പ്രസംഗത്തോടനുബന്ധിച്ച് തെരഞ്ഞെടുത്തു പാടിയത്.

ഇതാണ് നമ്മുടെ ദൈവശാസ്ത്രം. ഇതു പാടുക വഴി വ്യക്തമായ സുവിശേഷ സന്ദേശം നമ്മുടെ ചുണ്ടുകളിലും നാവുകളിലും കൂടി; അതായത് നമ്മുടെ പ്രവൃത്തികളും നമ്മുടെ സൽസ്വഭാവവും വഴിയല്ല നാം രക്ഷിക്കപ്പെട്ടത് എന്ന്; വ്യക്തമായി പഠിപ്പിക്കുന്നു. നമ്മെ വീണ്ടെടുക്കാനായി ദൈവം സ്വപുത്രനെ അയച്ചത് തന്റെ ശുദ്ധകൃപയാലാണ്. അവന്റെ നിസ്തുല്യസ്നേഹത്തിന്റെ പ്രകടനമാണത്. തന്റെ പുത്രനായ യേശുക്രിസ്തുവിലൂടെ, പാപികളോടുള്ള പിതാവാം ദൈവത്തിന്റെ കൃപയേയും വിശാലമായി തുറന്ന ഹൃദയത്തേയും അത് കാണിയ്ക്കുന്നു. അതു നിമിത്തം ക്രൈസ്തവർ അവരുടെ ഹൃദയ അവസ്ഥ അറിയുന്നു. വിശ്വാസത്താൽ തങ്ങളുടെ രക്ഷകന്റെ

ശബ്ദവും അറിയുന്നു. അത് അവരോട് പറയുന്നു; ദൈവകൃപ യാൽ മാത്രം ആണ് അവർ രക്ഷിക്കപ്പെട്ടത് എന്ന്, "കൃപയാൽ ഞാൻ രക്ഷിക്കപ്പെട്ടു". "നമുക്കു രക്ഷവന്നു" "കൃപ മനോഹരം ചെവിക്കിമ്പ സ്വരം", "ദൈവത്തിന്റെ സ്നേഹം മൂലം രക്ഷിക്ക പ്പെട്ടു പാപി ഞാൻ" "പ്രീയക്രിസ്ത്യാനികളേ, നമെല്ലാവരും സന്തോഷിക്ക" തുടങ്ങിയ പാട്ടുകൾ ഈ ശുദ്ധ സുവിശേഷം വ്യക്തമായി പഠിപ്പിക്കുന്നു. നിങ്ങളുടെ ചരമപ്രസംഗങ്ങളും അതു തന്നെ ചെയ്യണം. പ്രത്യേകിച്ച്, യേശുക്രിസ്തുവിന്റെ പ്രായ ശ്ചിത്ത രക്തവും വിശ്വാസത്താലുള്ള നീതീകരണവും വഴി ദൈവത്തിന്റെ കൃപയെ വ്യക്തമായി വിശദീകരിക്കുക. നിങ്ങൾക്ക് വേദഭാഗങ്ങൾ അറിയാം. യേശു പറഞ്ഞത് ചിന്തിക്കുക. "മനു ഷ്യപുത്രൻ ശുശ്രുഷ ചെയ്യിപ്പാനല്ല ശുശ്രൂഷിപ്പാനും അനേ കർക്കു വേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും വന്നതു പോലെ തന്നെ." (മത്തായി 20:28) യോഹന്നാൻ സ്നാപ കൻ വിളിച്ചു പറഞ്ഞു; "ഇതാ ലോകത്തിന്റെ പാപത്തെ ചുമ ക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്." (യോഹ. 1:29) വിശുദ്ധ പൗലൂസ് പറഞ്ഞു: "അവന്റെ രക്തത്താൽ നാം നീതീകരിയ്ക്ക പ്പെട്ടു." (റോമർ 5.9) കൂടാതെ, "ക്രൂശിൽ ചൊരിഞ്ഞ രക്തം കൊണ്ട് അവൻ മുഖാന്തിരം സമാധാനം ഉണ്ടാക്കി." (കൊലോ സ്സ്യർ 1:20) കൂടാത റോമർ 3:24–25–ൽ പൗലൂസ് ഇങ്ങനെ പറയു ന്നു. "അവന്റെ (ദൈവത്തിന്റെ) കൃപയാൽ ക്രിസ്തു യേശുവി ങ്കലെ വീണ്ടെടുപ്പു മൂലം സൗജന്യമായത്രേ നീതീകരിയ്ക്കപ്പെ ടുന്നത്. "വിശ്വസിക്കുന്നവർക്ക് അവൻ തന്റെ രക്തം മൂലം പ്രായ ശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിറുത്തിയിരി ക്കുന്നു." ഇതെല്ലാം പറയുന്നത്, "പാപം അറിയാത്തവനെ, നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിന് അവൻ (ദൈവം) നമുക്കു വേണ്ടി പാപം ആക്കി" (2 കൊരി. 5:21) നിങ്ങൾ തിര ഞ്ഞെടുക്കുന്ന ധ്യാനഭാഗം വഴി കൃത്യമായും വ്യക്തമായും സംസാരിക്കുക. വേദഭാഗം നിങ്ങൾക്ക് തിരഞ്ഞെടുക്കാം. എന്നാൽ യേശുക്രിസ്തു നമ്മുടെ സ്ഥാനത്ത്, നമ്മുടെ പകര ക്കാരനായി, നമുക്കു വേണ്ടി ന്യായപ്രമാണം നിവർത്തിച്ചു ജീവി ച്ചു. ഇതു നാം വ്യക്തമാക്കണം. (ഗലാത്യർ 3:13, എബ്രായർ 2:14). "ന്യായ പ്രമാണത്തിന്റെ പ്രവൃത്തികൾ കൂടാതെ" (റോമർ

3:28) യേശുക്രിസ്തുവിലുള്ള വിശ്വാസം മൂലം നാം നീതിമാന്മാരായി പ്രഖ്യാപിക്കപ്പെട്ടു എന്നതു സംശയാതീതമായി കേൾവിക്കാർ ഗ്രഹിക്കട്ടെ. ഇതാണ് ശരിയായ ക്രിസ്തു മൂലമുള്ള ദൈവകൃപയെക്കുറിച്ചുള്ള പ്രസംഗം. യേശു ക്രിസ്തുവിന്റെ പ്രായശ്ചിത്ത രക്തം, വിശ്വാസത്താൽ മാത്രമുള്ള നീതീകരണം ഇവ മാത്രം പ്രസംഗത്തിൽ ഉയർന്നു നിൽക്കണം. നിങ്ങളുടെ കഴിവിന്റെ പരമാവധി വ്യക്തതയോടെ സംസാരിക്കുക. കേൾവിക്കാർ നിങ്ങളുടെ വാക്കുകളാൽ തെറ്റായ ധാരണകൾ സ്വീകരിക്കാൻ ഇടയാകാതിരിക്കട്ടെ. അല്ലാത്ത പക്ഷം കേൾവിക്കാർ യേശുക്രിസ്തുവിൽ നിന്നും ഉള്ള ശ്രദ്ധയിൽ നിന്നും മാറി രക്ഷയെക്കുറിച്ചുള്ള സമ്മിശ്രമായ ആശയങ്ങളിലേക്ക് വഴുതിപ്പോകും. എന്നാൽ രക്ഷ ദൈവത്തിന്റെ സൗജന്യ ദാനമാകുന്നു. നമ്മുടെ സ്ഥാനത്ത്, നമുക്ക് പകരക്കാരനായി നമ്മുടെ രക്ഷകൻ നിവർത്തിച്ച് പൂർത്തിയാക്കിയ പ്രവൃത്തിയിലുള്ള വിശ്വാസം മൂലമാണ് നാമത് സ്വന്തമാക്കുക.

# 4

# കൃപാ മുഖാന്തിരങ്ങളുടെ ആവശ്യകതയും പ്രയോജനങ്ങളും

*സ്വർഗ്ഗം സ്വയം പ്രേരിതമോ അതോ വിശ്വാസത്താൽ ഉളവാകുന്നതോ? അതോ, വചനത്താലും സാക്രമെന്തി നാലും പരിപോഷിപ്പിക്കപ്പെടുന്നതോ?*

**എ**ല്ലാ മനുഷ്യരും ആത്യന്തികമായി രക്ഷിക്കപ്പെടും എന്നു വിശ്വസിക്കുന്ന സാർവ്വത്രീക വാദികളുണ്ട്. ഇതു നേരിട്ട് വ്യക്ത മായി പറയുന്നവരെ അധികം ശവസംസ്ക്കാരവേദികളിൽ കാണു ന്നില്ലായിരിയ്ക്കാം. എന്നാലും ഇതിനു സമാനമായി സംസാരിച്ചു കേൾക്കാറുണ്ട്. എല്ലാ മനുഷ്യരും ഒടുവിൽ രക്ഷിക്കപ്പെടും, രോഗിയായിരുന്ന ഈ പ്രീയപ്പെട്ടവൻ ഒടുവിൽ ഇപ്പോൾ രക്ഷി ക്കപ്പെട്ടു. ഇപ്രകാരം സംസാരിക്കുന്നവരെ കാണാനാകും. ഒരാ ളിന്റെ വിശ്വാസമോ, വിശ്വാസമില്ലായ്മയോ, അയാൾ എങ്ങനെ ജീവിച്ചു എന്നതോ ഇവിടെ കണക്കിലെടുക്കുന്നില്ല. തങ്ങളുടെ പ്രീയപ്പെട്ടവരെ ദൈവം സ്വർഗ്ഗത്തിലേക്കു തന്നെ കൊണ്ടു പോക ണമെന്നതാണ് ആഗ്രഹം. കാരണം ഈ വ്യക്തിയെ അവർ സ്നേഹിയ്ക്കുന്നു. അതിനാൽ ദൈവവും അങ്ങനെ തന്നെ ചെയ്യ ണം. തീർച്ചയായും ക്രിസ്തുവിൽ ദൈവം സകലരേയും സ്നേഹിക്കുന്നു. എന്നാൽ എല്ലാവരും അനുതാപത്താലും വിശ്വാസത്താലും അവന്റെ സ്നേഹത്തെ സ്വീകരിക്കുന്നില്ല.

ദുഃഖത്തോടെ പറയട്ടെ, ചിലർ ഒരിക്കലും ദൈവത്തിന്റെ സ്നേഹത്തെ സ്വീകരിയ്ക്കുന്നതേയില്ല. ക്രിസ്ത്യാനികളായി മാനസാന്തരപ്പെട്ടു വിശ്വസിച്ച് ജീവിക്കുന്നില്ല. സ്വർഗ്ഗമല്ല, നരക മാണ് ഒടുവിൽ അവരുടെ അവസാനം. സ്വർഗ്ഗം സ്വയം പ്രേരിത മല്ല, യാന്ത്രികമല്ല. നരകം ഒരു യാഥാർത്ഥ്യമാണ്. മാനസാന്തര

പ്പെടാത്തവർ, അവിശ്വാസികൾ – മരിക്കുമ്പോൾ അവിടേയ്ക്കു പോകാൻ അവർ അതു സ്വയം തിരഞ്ഞെടുത്തതാണ്. വഴി, സത്യം, ജീവൻ ഇവയെ ഒരിക്കലും അറിയാതെ ജീവിച്ച് മരിച്ച നമ്മുടെ പ്രിയപ്പെട്ടവർ സ്വർഗ്ഗത്തിൽ ഉണ്ടായിരിക്കും എന്ന് നമുക്ക് ആഗ്രഹിക്കാൻ കഴിയില്ല.

മറ്റു ചിലർ ക്രിസ്തുവിലെ ദൈവസ്നേഹം സ്വീകരിക്കുകയും ഒരു വിഷയത്തിൽ വിശ്വസിക്കുന്ന ക്രിസ്ത്യാനികളുമാണ്. എങ്കിലും തിരുസ്നാനപ്പെട്ടവരുടേതായ ജീവിതം അവർ നയിക്കുന്നില്ല. മാനസാന്തരത്തിന്റെയും ക്രിസ്തുവിലുള്ള വിശ്വാസത്തിന്റേയും ജീവിതം അവർ പിന്തുടരുന്നില്ല. അവർ ഇരുട്ടിന്റെ പ്രവൃത്തികളിലേക്ക് തിരികെ വീണുപോയി. “ഒരിയ്ക്കൽ രക്ഷിക്കപ്പെട്ടാൽ പിന്നെ എന്നേയ്ക്കും രക്ഷിയ്ക്കപ്പെട്ടു.” എന്ന വ്യാജ ഉപദേശം നമുക്കു സ്വീകാര്യമല്ല. “ഒരിയ്ക്കൽ സ്നാനമേറ്റാൽ, എല്ലായ്പ്പോഴും രക്ഷിയ്ക്കപ്പെട്ടു.” എന്നു ചില ലൂഥറൻകാർ പറഞ്ഞാലും നാം അതു തള്ളിക്കളയുന്നു. സ്നാനപ്പെട്ട ശേഷം ഒരാളുടെ വിശ്വാസം നഷ്ടപ്പെട്ടേയ്ക്കാം. വിശുദ്ധ പത്രോസ് എഴുതുന്നു.

> *കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്താൽ ലോകത്തിന്റെ മാലിന്യം വിട്ടോടിയവർ അതിൽ വീണ്ടും കുടുങ്ങി തോറ്റുപോയാൽ അവരുടെ ഒടുവിലത്തെ സ്ഥിതി ആദ്യത്തേതിനേക്കാൾ അധികം വഷളായിപ്പോയി. (2 പത്രോ. 2:20, മത്തായി 12:45 കാണുക)*

വിശുദ്ധ പൗലൂസും അതു തന്നെ പറയുന്നു; “ആകയാൽ താൻ നിൽക്കുന്നു എന്നു തോന്നുവൻ വീഴാതിരിപ്പാൻ നോക്കിക്കൊള്ളട്ടെ”. (1 കൊരി.10:12) വിശ്വാസികൾ പോലും വിശ്വാസം ത്യജിക്കാനും മാനസാന്തരം നിരസിക്കാനും കർത്താവിന്റെ വചനങ്ങളനുസരിക്കാതിരിക്കാനും ഉള്ള സാദ്ധ്യതയുണ്ട്. മരിയ്ക്കും മുമ്പേ ഇവർ മാനസാന്തപ്പെട്ടില്ലെങ്കിൽ അവരുടെ അവസാനം നരകത്തിലായിരിക്കും. സ്വർഗ്ഗത്തിലല്ല.

കൂടാതെ അനേകം സാർവത്രീക വാദികൾക്ക് മറ്റൊരു മനോനിലയുണ്ട്. ശവസംസ്ക്കാര വേളകളിൽ അനേകം പേർ തങ്ങളുടെ പ്രീയപ്പെട്ടവർക്ക് ‘വിശ്വാസം’ ഉണ്ടായിരുന്നുവെന്നും മരണാനന്തരം അവർ സ്വർഗ്ഗത്തിൽ ആയിരിയ്ക്കുമെന്നും ഊഹി

യ്ക്കുന്നു. അവരെ സംബന്ധിച്ചിടത്തോളം സ്വർഗ്ഗം ഒരു മനോഹരമായ കാഴ്ചയല്ല; അബ്രഹാമിന്റെ മടില്ല; അല്ലെങ്കിൽ വേദപുസ്തകപരമല്ല. മറിച്ച് അവർക്ക് സ്വർഗ്ഗമെന്നത് ഈ ഭൂമിയിൽ അവർ ആസ്വദിച്ചപോലെയുള്ള മറ്റൊരു ഇടം മാത്രമാണ്. അവർ ദൈവാലയത്തിൽ പോയില്ല. മീൻ പിടിച്ചു. വിനോദങ്ങളിൽ ഏർപ്പെട്ടു. അങ്ങനെ പലതും ചെയ്തു ജീവിതം തള്ളി നീക്കി. അവർ വില കുറഞ്ഞതായി വിശ്വാസത്തേയും സ്വർഗ്ഗത്തേയും കാണുന്നു. നമ്മുടെ കർത്താവും ഇങ്ങനെ ഒക്കെ തന്നെയാണ് ചിന്തിയ്ക്കുന്നത് എന്നാണ് അവരുടെ വിചാരം.

ആകയാൽ വ്യക്തമായി പ്രസംഗിക്കുക. തിരുവെഴുത്തുകളിൽ വാഗ്ദത്തം ചെയ്തിരിക്കുന്ന സ്വർഗ്ഗം ക്രിസ്തുവിലുള്ള വിശ്വാസത്താലും കൃപാ മുഖാന്തിരങ്ങളായ വചനത്താലും ക്രിസ്തുവിന്റെ സാക്രമെന്തുകളാലും ആണ് സ്വന്തമാക്കുക. “വിശ്വാസം കേൾവിയാലും, കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു.” (റോമർ 10:17) യേശു പറയുന്നു: “നിങ്ങൾ എന്റെ വചനത്തിൽ നിലനിൽക്കുന്നു എങ്കിൽ വാസ്തവമായി നിങ്ങൾ എന്റെ ശിഷ്യന്മാരായി...” (യോഹ. 8:31) “വിശ്വസിക്കുകയും സ്നാന മേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും.” (മർക്കോസ് 16:16) “ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു; വെള്ളത്താലും ആത്മാവിനാലും ജനിയ്ക്കാത്തവർ ആരും ദൈവരാജ്യത്തിൽ പ്രവേശിക്കുന്നില്ല.”. (യോഹ.3:5) “ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു; നിങ്ങൾ മനുഷ്യപുത്രന്റെ മാംസം തിന്നാതെയും അവന്റെ രക്തം കുടിയ്ക്കാതെയും ഇരുന്നാൽ നിങ്ങൾക്ക് ഉള്ളിൽ ജീവൻ ഇല്ല.” (യോഹ. 6:53) ക്രിസ്തു വളരെ വ്യക്തമായി സംസാരിച്ചു നാം തിരുസ്നാനത്താൽ ദൈവമക്കളാക്കപ്പെട്ടു. വചനവും കർത്താവിന്റെ അത്താഴവും വഴി വിശ്വാസത്താൽ പരിപോഷിപ്പിച്ചു പരിപാലിക്കപ്പെടുന്നു. മറ്റെല്ലാറ്റിലും ഉപരിയായി നാം യേശുവിൽ വിശ്വസിക്കുന്നു. അവസാനത്തോളം നാം അവനിൽ സംരക്ഷിക്കപ്പെടുന്നു. വിശ്വാസത്താലാണ് ജനം ഇതു ഗ്രഹിക്കുന്നത്. ഈ സ്നാനവും വിശ്വാസവും ഉയർത്തെഴുന്നേൽപിൽ പൂർണ്ണമാകുന്നു. (റോമർ 6:5)

തിരുസ്നാനത്തെക്കുറിച്ച് സൂചിപ്പിക്കുമ്പോൾ, നിങ്ങൾക്ക് കേൾവിക്കാരുടെ ശ്രദ്ധയെ ശവശരീരത്തെ പുതപ്പിക്കുന്ന തുണി

യിലേക്ക് തിരിയ്ക്കാം. മരിച്ചു പോയ ഈ അനുഗ്രഹീതൻ തിരുസ്നാനത്തിൽ തന്റെ പാപത്തെ എല്ലാം മൂടിക്കൊണ്ട് സ്വീകരിച്ച ക്രിസ്തുവിന്റെ നീതിയുടെ വസ്ത്രത്തെ പ്രതിനിധാനം ചെയ്തു സംസാരിയ്ക്കാം. സ്നാന സമയം ത്രീയേക ദൈവത്തിന്റെ നാമത്തിൽ നെറ്റിയിലും മാർവിലും കുരിശ് വരച്ചത് ഓർമ്മിപ്പിയ്ക്കാം. ശിക്ഷാവിധി വിട്ടൊഴിഞ്ഞ് ഈ ശരീരം നിത്യ വിശ്രമത്തിലേക്ക് പ്രവേശിച്ചത് നമുക്ക് എടുത്തു പറയാം. മരണമടഞ്ഞ ഈ അനുഗ്രഹീത വ്യക്തി തിരുസ്നാന വാഗ്ദത്തിലൂടെ നേടിയ അനുഗൃഹങ്ങളെയും ശരിയായ വിശ്വാസത്തോടെ കൃപാമുഖാന്തിരങ്ങൾ ക്രമമായി സ്വീകരിച്ചതിനേയും ചൂണ്ടിക്കാണിച്ച് സത്യവിശ്വാസത്തിലൂടെ നിത്യജീവന്റെ അവകാശിയായതിനെ സാക്ഷിയ്ക്കാം. കേൾവികാർക്കും ഇതേ വിശ്വാസം ഉണ്ടായിരിക്കാൻ അവരെ നിങ്ങൾക്കു ഉത്സാഹപൂർവ്വം ക്ഷണിയ്ക്കാം.

ചരമപ്രസംഗ വേളകളിൽ കേൾവിക്കാരെ ദൈവാലയത്തിലേയ്ക്ക് ക്ഷണിയ്ക്കുന്നതിനുള്ള അവസരമായി ഉപയോഗിയ്ക്കാം, പ്രത്യേകിച്ചും പരിസരവാസികളെ ഒരു വിശ്വസ്ത സഭയായി ഉത്സാഹപൂർവ്വം അവരെ ശുശ്രൂഷിക്കുന്നതിലുള്ള നിങ്ങളുടെ താല്പര്യം അവരെ അറിയിയ്ക്കാം. അവർ കൃപാമുഖാന്തിരങ്ങളും വിശ്വാസകൂട്ടായ്മയും അനുഭവിച്ച് ക്രിസ്തീയ പ്രചോദനം ആശ്വാസകരമായി കണ്ടെത്തണം എന്നതാവണം താല്പര്യം. ഇതിൽ നിങ്ങൾ സ്ഥിരതയും നിശ്ചയവും ഉള്ളവരായി പ്രബോധിപ്പിയ്ക്ക. (എബ്രായർ 10:25)

കൃപാ മുഖാന്തിരങ്ങളുടെ ഉപയോഗവും പ്രയോജനങ്ങളും നിങ്ങൾ എടുത്തു പറയേണ്ടതുണ്ട്. മാനസാന്തരവും യേശുക്രിസ്തുവിന്റെ വചനത്തിലുള്ള വിശ്വാസവുമാണ് വിഷയം. നിങ്ങളുടെ കഴിവിന്റെ പരമാവധി നിങ്ങളുടെ കേൾവിക്കാർ നിങ്ങളുടെ വാക്കുകൾ വഴി തെറ്റായ ചിന്താഗതികളിലേയ്ക്കും ആശയങ്ങളിലേക്കും വഴുതിപ്പോകാതിരിക്കാൻ ജാഗ്രത പുലർത്തുക. അല്ലാത്ത പക്ഷം കേൾവിക്കാർ ക്രിസ്തുവിൽ നിന്നും തങ്ങളുടെ ശ്രദ്ധ തിരിക്കുകയും  തങ്ങൾക്കു പ്രീയപ്പെട്ടവരെല്ലാം സ്വർഗ്ഗത്തിൽ തന്നെ പോകും എന്നു തെറ്റായി ധരിക്കുകയും ചെയ്യും. യേശുക്രിസ്തു പിതാവിങ്കലേക്കുള്ള ഏക വഴി എന്നതിനു പകരം ഒരു അധിക പറ്റായി കരുതാൻ ഇടയായികൂടാ.

# 5

# "അവരെക്കുറിച്ച് നല്ലതു സംസാരിയ്ക്ക"
# (അത് അധികം ആകരുത്)

*പ്രസംഗം ക്രിസ്തുവിനെക്കുറിച്ചു മാത്രമാകണമോ അതോ മരിച്ച ഈ അനുഗ്രഹീത വ്യക്തിയുടെ ക്രിസ്തുവിലുള്ള ജീവിതത്തെക്കുറിച്ചു ആകാമോ?*

സ്തുതിഗീതം മാത്രം പാടാതിരിക്കുക. നിങ്ങളുടെ വാഴ്ത്തു പാട്ടു ക്രിസ്തുവിന്റെ ആശ്വാസത്തിന് എതിരാകരുത്. സ്മരണകളെക്കുറിച്ച് സംസാരിക്കാൻ സമയവും സന്ദർഭവുമുണ്ട്. എന്നാൽ ശവസംസ്ക്കാര ശുശ്രൂഷ അതിൽ തന്നെ മുഴുകി കിടക്കാനുള്ള സന്ദർഭമല്ല. നാം അങ്ങിനെ ചെയ്താൽ പുറകിലേട്ടു മാത്രം നോക്കി ഓർമ്മകൾ പങ്കിടാനും ഈ വ്യക്തി നയിച്ച ജീവിതത്തെ അയവിറക്കുകയുമാണ് ചരമശുശ്രൂഷയുടെ ലക്ഷ്യമെന്ന് തോന്നിപ്പോകും. മറിച്ച് ഈ വ്യക്തിയുടെ ആത്മാവ് ഇപ്പോഴും ജീവിച്ചിരിക്കുന്നു എന്നും ഉയർത്തെഴുന്നേലുപ്പു വഴി ശരീരത്തോടും ആത്മാവോടും എന്നേയ്ക്കും ജീവിച്ചിരിക്കും എന്നതിനും ആകണം മുഖ്യത്വം. ഇക്കാര്യത്തിൽ "ജീവന്റെ ആഘോഷം" അനേകരെ സംബന്ധിച്ച് പിഴവായ് മാറുന്നു.

ചരമപ്രസംഗങ്ങൾ എല്ലായിടത്തും എല്ലാപേർക്കും ഒരേ വിധം തന്നെ ആയിരിക്കണമെന്നില്ല. ചെറിയ കറ്റേക്കിസ്മുസിൽ, മാർട്ടിൽ ലൂഥർ നാം നമ്മുടെ "അയൽക്കാരനെക്കുറിച്ച് നന്മ സംസാരിക്കുന്നതിനെ" സൂചിപ്പിക്കുന്നു. ചരമപ്രസംഗങ്ങളിലും ഇത് ഒരു നല്ല ആലോചനയാണ്. നന്മ സംസാരിക്കണം, എന്നാൽ നാം സ്തുതിപാടകർ ആയിക്കൂടാ. പ്രശംസിക്കുന്നത് പാടേ ഒഴിവാക്കുന്നവരുണ്ട്. അതും ശരിയല്ല. നമ്മെ വിട്ടു പിരിഞ്ഞ ഈ വ്യക്തിത്വം പ്രധാനമാണ്. ചരമപ്രസംഗത്തിൽ യേശുവിനെ മാത്ര

മല്ല ഈ ദൈവ പൈതിലിന്റെ ജീവിതത്തിൽ യേശു ക്രിസ്തു എന്തായിരുന്നു, എങ്ങനെയായിരുന്നു എന്നതും പ്രാധാന്യമർഹിയ്ക്കുന്നു.

ആകയാൽ ഈ പ്രത്യേക വ്യക്തിയുടെ യേശു ക്രിസ്തുവുമായുള്ള ബന്ധത്തെകുറിച്ച് സൂചിപ്പിക്കുക. വിട ചൊല്ലിയ ഈ വ്യക്തി സ്വീകരിയ്ക്കാനും പങ്കിടാനും അനുവദിക്കപ്പെട്ട സകല നന്മകൾക്കും നാം ദൈവത്തിന് നന്ദി പറയുന്നു. തിരുസ്നാനം വഴി ഈ കടന്നു പോയ വ്യക്തിക്കൊപ്പം ഒരു പേര് കൂട്ടിച്ചേർത്തിട്ടുണ്ട്. ആ പേരിനെ അനാദരിക്കുന്നത് ഈ വിലയേറിയ സത്യത്തെ അവഗണിയ്ക്കലാകും. ഈ വ്യക്തി ക്രിസ്തുവിന്റെ ശരീരത്തിലെ അവയവമായി ചേർക്കപ്പെട്ടു. അതെ, ‘‘അവനോ വളരേണം, ഞാനോ കുറയേണം’’ (യോഹ:3.30) എന്നു യോഹന്നാൻ സ്നാപകൻ പറഞ്ഞതു ശരി തന്നെ. ഈ പ്രീയപ്പെട്ട വ്യക്തി ഇപ്പോൾ നമ്മുടെ കാഴ്ചയ്ക്ക് മറയുകയാണ്.

ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ ഫലത്തെക്കുറിച്ച് നമുക്ക് സംസാരിയ്ക്കാനാകണം. എന്നാൽ ഈ ഫലം ആരെയും രക്ഷിക്കുന്നില്ല എന്നതിൽ സൂക്ഷ്മതവേണം. ദൈവം ഈ വ്യക്തിയിലൂടെ സഭയിൽ എങ്ങനെ പ്രവർത്തിച്ചു എന്നു നിങ്ങൾക്കു പറയാം. കുടുംബത്തിൽ, സുഹൃത്തുകൾക്കിടയിൽ, സമൂഹത്തിൽ... അങ്ങനെ പലതും ഓർമ്മയായ ഈ വ്യക്തി പാപം ഏറ്റു പറഞ്ഞിരുന്നതിനെക്കുറിച്ച് ക്രിസ്തുവിലുള്ള വിശ്വാസത്തെ പ്രതി ചെയ്ത സൽകർമ്മങ്ങളെക്കുറിച്ച്... ഇവയെ ഒക്കെ നിങ്ങൾക്ക് ഓർമ്മിപ്പിയ്ക്കാം. തിരുവെഴുത്തുകൾ പറയുന്നു: “ഇന്നു മുതൽ കർത്താവിൽ മരിയ്ക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ. അതെ അവർ അവരുടെ പ്രയത്നങ്ങളിൽ നിന്നും വിശ്രമിയ്ക്കേണ്ടതാകുന്നു. അവരുടെ പ്രവൃത്തി അവരെ പിന്തുടരുന്നു എന്ന് ആത്മാവു പറയുന്നു.” (വെളി. 14:13)

ചില ശുശ്രൂഷകർ അവരുടെ സഭകളിൽ തങ്ങളുടെ ശുശ്രൂഷാ കാലഘട്ടത്തിൽ ഉടനീളം ഓരോ അംഗങ്ങളുടെയും വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നു. തങ്ങളുടെ അംഗങ്ങൾ തങ്ങളോടും താൻ അവരോടും ഇടപെട്ടതും ചെലവിട്ടതും ആയ സകല കാര്യങ്ങളേയും ഓർമ്മയിൽ സൂക്ഷിയ്ക്കാൻ ഈ രേഖ

സഹായിക്കുന്നു. പ്രത്യേകിച്ച് ഇത്തരം മരണ ശുശ്രൂഷാ വേളകളിൽ അവർ നയിച്ച വിശ്വസ്ത ക്രിസ്തീയ ജീവിതത്തെ സംബന്ധിച്ച വ്യക്തമായ ഉദാഹരണങ്ങൾ എടുത്തു പറയാൻ സഹായിക്കുന്നു. അങ്ങനെ അവകളെ വിശദമായി ക്രമീകരിച്ച് രേഖപ്പെടുത്തിയിട്ടില്ല എങ്കിൽപോലും ഈ വ്യക്തി കിടക്കയിൽ ആയിരുന്നപ്പോൾ നിങ്ങൾ സന്ദർശിച്ച സന്ദർഭങ്ങൾ, അതുപോലെ ഈ വ്യക്തിയുമായുള്ള നിങ്ങളുടെ സ്വകാര്യ അനുഭവങ്ങൾ, അയാളുടെ ക്രിസ്തീയ ജീവിതം ഇവയൊക്കെ നിങ്ങൾക്കു പരാമർശിക്കാം.

ഇതിനു സഹായകരമായ ചില ഉദാഹരണങ്ങൾ: ഒരു സഭാ അംഗം തന്റെ അവസാനനാളുകളിൽ സംസാരിക്കാനോ ഭക്ഷണം കഴിക്കാനോ സാധിയ്ക്കാത്ത അവസ്ഥയിൽ ആയിരുന്നു. കൈകാലുകളും തലയും മാത്രമേ ചലിപ്പിക്കാനകുമായിരുന്നുള്ളു. ധ്യാനം അവസാനപ്പിയ്ക്കാറായപ്പോൾ അയാൾ തന്റെ കരം വായോട് ചേർത്തുവച്ചു. അപ്പോൾ അയാളുടെ ഭാര്യ എന്നോടു പറഞ്ഞു; “ അയാൾ തിരുവത്താഴം ആവശ്യപ്പെടുകയാണ്” അത് സമ്മതിച്ചുകൊണ്ട് അവളും തലകുലുക്കി, അയാളുടെ ശവസംസ്ക്കാരവേളയിൽ ഞാൻ  ഈ സംഭവം എടുത്തു പറഞ്ഞു; മറ്റൊന്നു മറവിരോഗം ബാധിച്ച ഒരു രോഗിയുമായി ബന്ധപ്പെട്ടതാണ്. അയാൾ എന്നോടൊപ്പം പാട്ടു പാടുകയും വിശ്വാസപ്രമാണവും പ്രാർത്ഥനയും ഉരുവിടുകയും ചെയ്ത സംഭവമാണത്. ഒരു ഉദാഹരണം കൂടെ പറയേണ്ടതുണ്ട്. ഇപ്പോഴും സജീവ അംഗമായിരിക്കുന്ന ഒരാളിന്റെ ഭാര്യയുടെ അവസാന നാളുകളിൽ ഞാൻ അടിയ്ക്കടി പോയി അവരെ സന്ദർശിക്കുമായിരുന്നു. വിശ്വാസപ്രമാണത്തിന്റെ മൂന്നാം അംശത്തിൽ അവർ വളരെ സംപ്രീതയായിരുന്നു. ഞങ്ങൾ ഒരുമിച്ച് തിരുവത്താഴം എടുത്തിരുന്നപ്പോൾ അത് എത്രമാത്രം ആശ്വാസകരമായിരുന്നു എന്ന് അവർ എടുത്തു പറഞ്ഞു. മറ്റൊന്നു മറവിരോഗം ബാധിച്ച ഒരു രോഗിയുമായി ബന്ധപ്പെട്ടതാണ്. അയാൾ എന്നോടൊപ്പം പാടുകയും വിശ്വാസപ്രമാണവും പ്രാർത്ഥനയും ഉരുവിടുകയും ചെയ്ത സംഭവമാണത്. ഒരു ഉദാഹരണം കൂടെ പറയേണ്ടതുണ്ട്. ഇപ്പോഴും സജീവ അംഗമായിരിക്കുന്ന ഒരാളിന്റെ ഭാര്യയുടെ അവസാന നാളുകളിൽ ഞാൻ അടിയ്ക്കടി പോയി അവരെ

സന്ദർശിക്കുമായിരുന്നു. വിശ്വാസപ്രമാണത്തിന്റെ മൂന്നാം അംശത്തിൻ അവർ വളരെ സംപ്രീതയായിരുന്നു. ഞങ്ങൾ ഒരുമിച്ച് തിരുവത്താഴം എടുത്തിരുന്നപ്പോൾ അത് എത്രമാത്രം ആശ്വാസകരമായിരുന്നു എന്ന് അവർ എടുത്തു പറഞ്ഞു. കാരണം തന്റെ ഭാര്യ വിശ്വാസത്താൽ പാപമോചനം സ്വീകരിച്ചു. "ശരീരത്തിന്റെ പുനരുത്ഥാനത്തിലും നിത്യജീവനിലും" ഉള്ള വിശ്വാസം ഏറ്റുപറഞ്ഞു. ഈ വ്യക്തിയുടെ ശവസംസ്കാര സമയത്ത് എനിക്കും പങ്കാളിയാകാൻ അവസരം ലഭിച്ചാൽ, തീർച്ചയായും ഈ വിശ്വസ്തമായ ഏറ്റു പറച്ചിലിനെ എന്റെ പ്രസംഗത്തിൽ ഞാൻ പരമാർശിക്കും! ഇത്തരം നിമിഷങ്ങൾ ഒരു കാര്യം സ്പഷ്ടമാക്കുന്നു. ക്രിസ്തുവിന്റെ അവർക്കായുള്ള പ്രവൃത്തികൾ അവരിലുള്ള പ്രവൃത്തികൾ, അവരിലൂടെയുള്ള പ്രവൃത്തികൾ... ഇവയൊക്കെ നിങ്ങൾക്ക് സൂചിപ്പിയ്ക്കാം, സുവിശേഷം കേൾക്കാൻ അവസാനം വരെ അവർക്കുണ്ടായിരുന്ന ദാഹം, പാപമോചനവും ജീവനും രക്ഷയും പ്രദാനം ചെയ്യുന്ന യേശുവിന്റെ ശരീരരക്തങ്ങളെ ഭക്ഷിയ്ക്കാനും പാനം ചെയ്യാനും അവർക്കുണ്ടായിരുന്ന വാഞ്ഛ എന്നിവ ശ്രദ്ധയിൽ പെടുത്തണം. അവരെക്കുറിച്ചു പുകഴ്ത്തി പറഞ്ഞു കൊണ്ടേയിരിക്കുന്നതിനു പകരം അവരിലെ നന്മ എടുത്തു കാട്ടി സംസാരിയ്ക്കാം. നിങ്ങളുടെ കേൾവിക്കാർ നിങ്ങളുടെ വാക്കുകൾ നിമിത്തം തെറ്റായ ധാരണകൾ സ്വീകരിക്കാതിരിയ്ക്കാൻ നിങ്ങൾ പരമാവധി ജാഗ്രത പുലർത്തുക.യേശുക്രിസ്തുവിൽ നിന്നും അവരുടെ ശ്രദ്ധ വ്യതിചലിക്കാതിരിക്കട്ടെ. പൊതു ധാരണയ്ക്കു വേണ്ടിയല്ല യേശു ക്രിസ്തു വന്നത്. യേശുക്രിസ്തു വന്നത് ഓരോ തനിപ്പെട്ട വ്യക്തികൾക്കും വേണ്ടിയാണ്. നിങ്ങൾ പ്രസംഗിച്ചു കൊണ്ടിരിക്കുമ്പോൾ ശവപ്പെട്ടിയിൽ കിടക്കുന്ന ഈ വ്യക്തിയ്ക്കു കൂടെ.

# 6

# അവർ കരയട്ടെ, എന്നാൽ പ്രത്യാശ നൽകുക

*നാം ആഹ്ലാദിക്കുക മാത്രം ചെയ്യണമോ അതോ ക്രിസ്തു ചെയ്തപ്രകാരം മരണപ്പെട്ടവരെ ഓർത്ത് കരയാൻ അനുവദിയ്ക്കണമോ?*

**ഒ**രു സഭാ അംഗം മരിച്ചു. അതിൽ താൻ സന്തോഷവാനാണ് എന്ന് അയാളുടെ പുത്രൻ എന്നോടു പറഞ്ഞു. എന്റെ പിതാവ് സ്വർഗ്ഗത്തിലാണ്, ഞാനെന്തിന് ദുഃഖിക്കണം? ഈ പറഞ്ഞതിനർത്ഥം കരയുകയും വിലപിക്കുകയും ചെയ്യുന്നത് അവിശ്വാസത്തിന്റെ അടയാളമായിട്ടാണ് അയാൾ ധരിച്ചിരിക്കുന്നത് എന്നതാണ്. ഇതു ഞാൻ കണ്ടറിഞ്ഞിട്ടുള്ള പൊതുവായ ഒരു ധാരണയാണ്. ഇതേ പോലെ മരണവീടുകളിൽ വിലപിക്കുന്നവരെ വിലക്കി അതു അവിശ്വാസത്തിന്റെ അടയാളമാണ് എന്നു പറയാറുള്ള ഒരു മുതിർന്ന അംഗത്തെ പലതവണ ഞാൻ തിരുത്തിയിട്ടുണ്ട്, മരണക്കിടക്കയിൽ കിടന്നുകൊണ്ട്; "ഞാൻ നല്ല ഒരു സ്ഥലത്തേയ്ക്കു പോകുകയാണ്, നിങ്ങൾ സന്തോഷിക്കുക" എന്നു കുടുംബ അംഗങ്ങളോടു പറഞ്ഞവരെക്കുറിച്ച് ഞാൻ കേട്ടിട്ടുണ്ട്. ഇതിനു പിന്നിൽ ഒരു സദുദ്ദേശം ഉണ്ടെന്നു സമ്മതിക്കുമ്പോൾ തന്നെ, വചനം ഇങ്ങനെയല്ല നമ്മെ പഠിപ്പിക്കുന്നത്. പ്രീയപ്പെട്ടവർ വേർപ്പെട്ടുപോകുമ്പോൾ കടുത്ത നിരാശയിൽ ഹൃദയം തകർന്നു പോയ്ക്കൂടാ. എന്നാലും ഒരാൾക്ക് ഇത്തരം അവസരങ്ങളിൽ വിശ്വാസത്തോടെ ദുഃഖിയ്ക്കാം വിലപിയ്ക്കാം.

യേശുക്രിസ്തുവിനെ ഒരു മുഖ്യ ഉദാഹരണമായിട്ടെടുക്കുക. "യേശു കരഞ്ഞു" (യോഹ.11:35) യേശു ലാസറിനെ എത്ര മാത്രം സ്നേഹിച്ചിരുന്നു എന്ന് ഇതു കാണിയ്ക്കുന്നു. "കണ്ടോ,

അവനോടു എത്ര പ്രീയമുണ്ടായിരുന്നു" (യോഹ.11:36) എന്നു കാണികൾ പറഞ്ഞു ലാസറിനെ മരിച്ചവരുടെ ഇടയിൽ നിന്നും താൻ ഉയർത്തെഴുന്നേൽപ്പിയ്ക്കാൻ പോകുകയാണെന്നറിഞ്ഞിട്ടും യേശു കണ്ണുനീർ വാർത്തു. മരണം നമ്മുടെ കൊടിയ ശത്രുവാണെന്ന് മറ്റാരേയുകാൾ കൂടുതലായി യേശു അറിഞ്ഞിരുന്നു. അതു കൊണ്ടാണ് യേശു കരഞ്ഞത്. നാം മരിയ്ക്കാൻ ഉദ്ദേശിക്കപ്പെട്ടവരല്ല. നമ്മുടെ മരണം താൽക്കാലിക അവസ്ഥയുടെ അവസാനം മാത്രം. നാം ഇഷ്ടപ്പെടുന്ന ഇഹലോകജീവിതത്തിൽ നിന്നുമുള്ള ഒരു വേർപാട് ആണ് അത്. ദുഃഖം സ്നേഹത്തെ തെളിയിക്കുന്നു. മാതാപിതാക്കൾ ഒരു ചെറു സന്ദർശനശേഷം പിരിഞ്ഞു പോകുമ്പോൾ മക്കൾ കരഞ്ഞുപോകുന്നത് അതിനാലാണ്. കൂടാതെ വിശ്വസ്ത ക്രിസ്ത്യാനികൾ ദുഃഖിച്ചു പോകുന്നത് ഒരു സൽകർമ്മമാണ്. യേശുവും അതു ചെയ്തു. യേശു വ്യസന പാത്രത്തെ പോലെയായിരുന്നു. യെശ. 53.3 നീതിയുടെ കാരണങ്ങളാൽ അവൻ ദുഃഖിച്ചു.

ആകയാൽ ഇത്തരം സന്ദർഭങ്ങളിൽ നിങ്ങളുടെ സഭാ അംഗങ്ങളും ദുഃഖിയ്ക്കട്ടെ, കരയട്ടെ. അവർ വിലപിക്കട്ടെ. എന്തെന്നാൽ, ഒടുക്കത്തെ ശത്രുവായ മരണം നീങ്ങിപ്പോകേണ്ടതുണ്ട്. (1 കൊരി. 15:26) അത് അവരുടെ വിശുദ്ധീകരിക്കപ്പെട്ട ഹൃദയത്തിൽ ദുഃഖം ഉളവാക്കുന്നതാണ്. വിശ്വാസികളായിരുന്ന നമ്മുടെ പ്രീയപ്പെട്ടവർ, സ്വർഗ്ഗത്തിൽ ആയിരിക്കുന്നു എന്നതിൽ നാം സന്തോഷിക്കുന്നു. അപ്പോഴും യേശു ചെയ്തതുപോലെ മരണത്തിന്മേൽ നാം ദുഃഖിക്കുന്നു. നമ്മുടെ കണ്ണുനീർ സന്തോഷത്തോടു കലരുന്നു. അത് പ്രത്യാശ നൽകുന്നു.

> *"സഹോദരന്മാരേ, നിങ്ങൾ പ്രത്യാശയില്ലാത്ത മറ്റുള്ളവരെപ്പോലെ ദുഃഖിയ്ക്കാതിരിയ്ക്കേണ്ടതിന് നിദ്രകൊള്ളുന്നവരെക്കുറിച്ച് അറിവില്ലാതിരിയ്ക്കരുത് എന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. യേശു മരിയ്ക്കുകയും ജീവിച്ച് എഴുന്നേൽക്കുകയും ചെയ്തു എന്നു നാം വിശ്വസിക്കുന്നു എങ്കിൽ, അങ്ങനെ തന്നെ ദൈവം നിദ്രകൊണ്ടവരേയും യേശു മുഖാന്തിരം അവനോട് വരുത്തും" (1തെസ്സ.4:13-14)*

വിശ്വാസികളുടെ മരണവേളകളിൽ ക്രിസ്ത്യാനികളെ ആശ്വസിപ്പിയ്ക്കാൻ ലൂഥർ ഈ വാക്കുകളെ ആവർത്തിച്ച് ഉപയോഗപ്പെടുത്തി. നമുക്കു ദുഃഖത്തോടൊപ്പം യേശു ക്രിസ്തു

വിന്റെ മരണവും ഉയിർപ്പും നിമിത്തം ഉള്ള പ്രത്യാശയും ചേർന്നു വരുന്നത് ലൂഥർ എടുത്തു കാട്ടി പഠിപ്പിച്ചു. ദുഃഖിയ്ക്കുമ്പോഴും തങ്ങളുടെ പ്രീയപ്പെട്ടവർ ക്രിസ്തുവിനോടുകൂടെയാണ് എന്ന് അവർ അറിയണം. അവർക്ക് ഉയർത്തെഴുന്നേറ്റ ക്രിസ്തുവിനോട് ഒപ്പമുള്ള ജീവിതമുണ്ട്. ക്രിസ്ത്യനികൾക്ക് മരണം എന്നതു ഒരു ശത്രുമാത്രമല്ല തോൽപ്പിയ്ക്കപ്പെട്ട ശത്രുവാണ്. അത് തങ്ങളുടെ തന്നെ ഉയർത്തെഴുന്നേൽപ്പിന്റെ ആധാരവുമാണ്. ക്രിസ്തുവിന്റെ കയ്യിൽ "മരണത്തിന്റെയും പാതാളത്തിന്റേയും താക്കോൽ" ഉണ്ട്. (വെളി 1:8). നമ്മുടെ മനോഹരമായ പാട്ട് ഇങ്ങനെയാണ്. ഇതിനെ സാക്ഷിക്കുന്നത്.

*ക്രിസ്തു എന്നേയ്ക്കും ജയവാൻ, മരിച്ചതാൻ ജീവിയ്ക്കുന്നു.*
*എൻമധുരം ആശ്വാസം താൻ, എൻ രക്ഷകൻ ജീവിക്കുന്നു.*
*മരണത്തെ ജയിച്ചവൻ ജീവിക്കയാൽ ഞാനും ജീവിക്കും*
*വീട്ടിടുമ്പോൾ ഈ ലോകത്തെ എൻ രക്ഷകൻ ജീവിക്കുന്നു.*
*ശ്രീയേശു നാം വാഴണം ഇന്നും യേശു ജീവിക്കുന്നു.*

ഇതു ശ്രദ്ധിക്കണം. ദുഃഖിച്ചു വിലപിക്കുന്നവരെല്ലാം മറ്റൊരു വിധത്തിൽ തങ്ങളുടെ സങ്കടത്തിൽ നിന്നും വിടുതൽ പ്രാപിയ്ക്കാൻ ശ്രമിക്കുകയാണ്. അവർ ചെയ്യുന്നതിനേക്കാൾ മോശമായി മറ്റുള്ളവരും ഇത്തരം സന്ദർഭങ്ങളിൽ അവർ ഇപ്ര കാരമോ ഇതിനേക്കാളോ ചെയ്യും എന്നവർ ന്യായീകരിക്കും. ചിലർ ദുഃഖങ്ങളിൽ നിന്നും ഒളിച്ചോടാൻ കൃത്രിമ മാർഗ്ഗങ്ങൾ സ്വീകരിക്കും. അവരുടെ കണ്ണുനീരുകളെ മുക്കിക്കളയാൻ അവർ വഴിതേടും. മറ്റുകാര്യങ്ങൾ ശ്രദ്ധതിരിച്ചോ ഇതര പ്രവൃത്തിക ളിൽ മുഴുകിയോ, തങ്ങളെ തന്നെ കർമ്മനിരതരാക്കുക വഴി സ്വയം ദുഃഖത്തെ അമർത്തിവയ്ക്കാൻ അവർ പ്രയാസപ്പെടും. എന്നാൽ ഇതൊന്നും ശരിയായി ദുഃഖത്തെ ശമിപ്പിക്കുന്നില്ല. ക്രിസ്തുവിലുള്ള പ്രത്യാശ മാത്രമാണ് ദുഃഖത്തെ അകറ്റി നിർത്താനുള്ള ഒറ്റ പരിഹാരമാർഗ്ഗം. യേശു ക്രിസ്തുവിന്റെ മര ണവും ഉയർത്തെഴുന്നേല്പും മാത്രം സാദ്ധ്യമാക്കുന്ന നിശ്ചയ മായ പ്രത്യാശ അവർക്കു നൽകുക. അതുവഴി അവരുടെ വിശ്വാസം ഉറപ്പുള്ള അടിസ്ഥാനത്തിൽ ഉറയ്ക്കട്ടെ.

ആകയാൽ, അവർ വിലപിയ്ക്കട്ടെ, ഒപ്പം പ്രത്യാശയും നൽകുക. നിങ്ങളുടെ കഴിവിന്റെ പരമാവധി ഈ വിധം സംസാ രിയ്ക്കുക. നിങ്ങളുടെ വാക്കുകൾ നിമിത്തം കേൾവിക്കാർ

തെറ്റായ ധാരണകളിൽ അകപ്പെടാതിരിക്കട്ടെ. നിങ്ങളെ ശ്രവിക്കുന്നവരുടെ ശ്രദ്ധ യേശുക്രിസ്തുവിൽ നിന്നും അകന്നു പോകാൻ ഇടയാകാതിരിക്കട്ടെ. മരണത്തെ ദുഃഖകരമായ കൊടിയ ശത്രുവായി അവർ തിരിച്ചറിയട്ടെ. അവരുടെ ശരീരം ഉയർത്തെഴുന്നേൽപ്പിനായി ഒരുക്കപ്പെടട്ടേ. ക്രിസ്തുവിന്റെ ഉയർത്തെഴുന്നേൽപ് ആദ്യ ഫലം എന്ന നിശ്ചയം അവർക്ക് നൽകട്ടെ. (1കൊരി 15:20).

## 7

# ശരീരത്തിന്റെ ഉയർത്തേഴുന്നേൽപ്പിന്റെ ലക്ഷ്യം

*സ്വർഗ്ഗം മാത്രം മതിയോ? അതോ നിങ്ങളും മരിച്ചവരുടെ പുനരുത്ഥാനം നോക്കി പാർക്കുന്നുവോ?*

**സ്വ**ർഗ്ഗത്തെക്കുറിച്ച് പ്രസംഗിക്കുക. കടന്നുപോയ വിശുദ്ധരുടെ ആത്മാക്കൾ അവിടെ ക്രിസ്തുവിനോടൊപ്പം ആയിരിയ്ക്കുന്നു. വിശുദ്ധ പൗലൂസ് എഴുതുന്നു. "ഇങ്ങനെ ഞങ്ങൾ ധൈര്യപ്പെട്ടു ശരീരം വിട്ടു കർത്താവിനോടു കൂടെ വസിപ്പാൻ അധികം ഇഷ്ടപ്പെടുന്നു." (2കൊരി. 5:8) വീണ്ടും പൗലൂസ് എഴുതുന്നു.

> *"എനിയ്ക്ക് ജീവിയ്ക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും ആകുന്നു.... ഇവ രണ്ടിനാലും ഞാൻ ഞെരുങ്ങുന്നു, വിട്ടു പിരിഞ്ഞ് ക്രിസ്തുവിനോട് കൂടെ ഇരിപ്പാൻ എനിയ്ക്ക് കാംക്ഷയുണ്ട്. അതു അത്യുത്തമമല്ലോ. എന്നാൽ ഞാൻ ജഡത്തിൽ ഇരിയ്ക്കുന്നത് നിങ്ങൾ നിമിത്തം ഏറെ ആവശ്യം" (ഫിലി.1:21,23.24)*

ധനവാനേയും ലാസറിനേയും കുറിച്ചു പറഞ്ഞപ്പോൾ യേശുവും ഇങ്ങനെ പറഞ്ഞു. ദൂതന്മാർ ലാസറിനെ അബ്രഹാമിന്റെ മടിയിലേക്ക് കൊണ്ടു പോയി '(ലൂക്കോ. 16:22) അതു കൊണ്ട്, ക്രിസ്തുവിൽ വിശ്വസിച്ചു മരിക്കുന്ന ഏവരുടെയും, അത് മരണം ഏതു വിധത്തിലൂടെയായാലും, ആത്മാക്കളുടെ നിത്യസ്വസ്ഥതയുടെ ഇടമാണ് സ്വർഗ്ഗം. മരണപ്പെട്ടവരുടെ ആത്മാക്കൾ താൽക്കാലികമായി ശുദ്ധീകരണ സ്ഥലത്ത് എത്തിച്ചേരും എന്ന് മരണവേളകളിൽ പറയാറുണ്ട്. പൂർണ്ണതയ്ക്കും വിശുദ്ധിയ്ക്കുമായിട്ടാണ് ആത്മാക്കൾ ഈ താൽക്കാലിക സ്ഥലത്ത് എത്തിച്ചേരുക. ഈ ആത്മാക്കൾ ദൈവീക കാരുണ്യവും സൗഹൃദവും ഈ സ്ഥലത്തുവച്ചു പ്രാപിക്കുന്നു. ദുഃഖ

ങ്ങൾ ഇല്ലാത്ത ആനന്ദകരമായ സ്വർഗ്ഗത്തിലെത്തിച്ചേരും മുമ്പ് ഇടയ്ക്ക് ഇങ്ങനെ ഒരു സ്ഥലമുണ്ടെന്നു അവർ ഭാവന ചെയ്യുന്നു. ഈ സംയോഗകർമ്മ വാദ ചിന്തകളെ നാം എതിർക്കണം. രക്ഷയ്ക്കായുള്ള നീതീകരണം ക്രിസ്തു യേശുവിൽ പ്രാപിച്ച ഏവരും; ക്രിസ്തുവിലാശ്രയിച്ചു മരിച്ച എല്ലാവരും തന്നെ, മരണാനന്തരം ഉടൻ സ്വർഗ്ഗീയ സന്തോഷത്തിലേയ്ക്ക് പ്രവേശിക്കുന്നു. ഇതാണ് നമ്മുടെ നിശ്ചയമായ ഉപദേശം.

അനേകം പേർ തങ്ങളുടെ ഉയർത്തെഴുന്നേൽപ്പിനു മുമ്പുള്ള ഇടം തങ്ങളുടെ സ്ഥിരം സ്ഥലമായി തെറ്റായി ചിന്തിക്കുന്നു. മരണാനന്തരം അവരുടെ ആത്മാക്കൾ ഇങ്ങനെ ആകാശമണ്ഡലത്തിൽ പറന്നു നടക്കും. എന്നാണവരുടെ ധാരണ. ചിലർ കരുതുന്നത് നാം മരണാനന്തരം ദൂതന്മാരായി ആകാശമണ്ഡലത്തിൽ ചേരും  എന്നാണ്. "സ്വർഗ്ഗത്തിലെ ദൂതന്മാരെ പോലെയാണ്" (മത്തായി20:30) എന്ന് യേശു പറഞ്ഞത് ഇതാണ് അർത്ഥമാക്കുന്നത് എന്നവർ കരുതുന്നു. മറ്റനേകം പേരുടെ ധാരണ സ്വർഗ്ഗം ഒരു അവസാനമാണ്. നാം അവിടെ ശരീരരഹിതരായി എന്നേയ്ക്കും ജീവിക്കും. എന്റെ സെമിനാരി ജീവിതത്തിലെ ഒരു സഹപാഠിയെ ഞാൻ ഓർക്കുന്നു. അയാൾ ക്ലാസ്സിൽ ഒരിക്കൽ പ്രസംഗിച്ചു. നമ്മുടെ ശരീരം ശരിക്കും ഒരു പുറം തോട് മാത്രമാണെന്ന്. എന്നാൽ മറ്റൊരു വിദ്യാർത്ഥി അയാളെ തിരുത്തി. ഇതു തെറ്റായ ജ്ഞാനവാദ പ്രഖ്യാപനമാണ് എന്നായിരുന്നു ആ സുഹൃത്ത് പറഞ്ഞത്.

സ്വർഗ്ഗം ഒരു അവസാനമല്ല. നിങ്ങളുടെ ശരീര അസ്തിത്വത്തിന്റെ അവസാനവുമല്ല മരണം. പുനഃരുത്ഥാനം അതിന്റെ തുടർച്ചയാണ്. ക്രിസ്തു മരിച്ചവരുടെ ഇടയിൽ നിന്നും ശരീരത്തോടു കൂടി ഉയർത്തെഴുന്നേറ്റു. തലയെ പോലെ തന്നെ അതിന്റെ അവയവങ്ങൾക്കും സംഭവിക്കും. "എന്നാൽ ദൈവം കർത്താവിനെ ഉയിർപ്പിച്ചതുപോലെ നമ്മെയും തന്റെ ശക്തിയാൽ ഉയർത്തെഴുന്നേൽപ്പിയ്ക്കും. " (1കൊരി. 6:14) വിശുദ്ധ പൗലൂസ് എഴുതുന്നു! "ഒടുക്കത്തെ ശത്രുവായിട്ടു മരണം നീങ്ങിപ്പോകും." (1കൊരി. 15:26) ദൈവവചനത്തിനായി കൊലചെയ്യപ്പെട്ട ആത്മാക്കളെപറ്റി യോഹന്നാൻ പറയുമ്പോൾ ചോദിയ്ക്കുന്നു. "ഭൂമിയിൽ വസിക്കുന്നവനോട്, ഞങ്ങളുടെ രക്തത്തെക്കു

റിച്ച് നീ എത്രത്തോളം ന്യായവിധിയും പ്രതികാരവും നടത്താതെയിരിക്കും?" (വെളി. 6.10) ശവക്കല്ലറയ്ക്കരികിൽ നിൽക്കുന്ന നിങ്ങളോട് സംസാരിയ്ക്കാൻ തക്കവിധം വിശുദ്ധ പൗലൂസും ഈ വാക്കുകൾ രേഖപ്പെടുത്തിയിരിക്കുന്നു.

> *"നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു. അവിടെ നിന്നും നമ്മുടെ കർത്താവായ യേശുക്രിസ്തു വരും എന്ന് നാം കാത്തിരിക്കുന്നു. അവൻ സകലവും തനിക്കു കീഴ്പ്പെടുത്തുവാൻ കഴിയുന്ന തന്റെ വ്യാപാര ശക്തികൊണ്ട് നമ്മുടെ താഴ്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപമായി രൂപാന്തരപ്പെടുത്തും. (1കൊരി. 15.53.56 കാണുക)*

ഇയ്യോബിനെ പോലെ

*''എന്നെ വീണ്ടെടുക്കുന്നവൻ ജീവിച്ചിരിക്കുന്നു എന്നും അവൻ ഒടുവിൽ പൊടിമേൽ നിൽക്കുമെന്നും ഞാൻ അറിയുന്നു. എന്റെ ത്വക്ക് ഇങ്ങനെ നശിച്ചശേഷം ഞാൻ ദേഹരഹിതനായി ദൈവത്തെ കാണും. ഞാൻ തന്നെ അവനെ കാണും. അന്യനല്ല എന്റെ സ്വന്തം കണ്ണ് അവനെ കാണും. " ഇയ്യോബ് 19:25–27*

യെശയ്യാവു പറയുന്നു. "അവൻ മരണത്തെ സദാകാലത്തേയും നീക്കിക്കളയും" (യെശ.25:8)

കൃപാമുഖന്തിരങ്ങളെപ്പോലെ തന്നെ മഹത്തായ ഒരു സ്ഥലവുമായി ജനത്തെ ബന്ധിപ്പിക്കുവാൻ നിങ്ങളുടെ പ്രസംഗത്തിൽ ശ്രദ്ധിയ്ക്കണം. വിശുദ്ധ പൗലൂസ് എഴുതുമ്പോൾ, നാം ക്രിസ്തുവിന്റെ മരണത്തോടും ഉയർത്തെഴുന്നേൽപ്പിനോടും കൂടെ ചേരുവാൻ സ്നാനമേറ്റു എന്നു പറയുന്നു. "അവന്റെ മരണത്തിന്റെ സാദൃശ്യത്തോടു നാം ഏകീഭവിച്ചവരായെങ്കിൽ പുനഃരുത്ഥാനത്തിന്റെ സാദൃശ്യത്തോടും ഏകീഭവിക്കും." (റോമർ 6.5) യേശുക്രിസ്തുവും ഇപ്രകാരം വാഗ്ദത്തം ചെയ്തിരിക്കുന്നു. "എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവന് നിത്യ ജീവൻ ഉണ്ട്. ഞാൻ ഒടുക്കത്തെ നാളിൽ അവനെ ഉയർത്തെഴുന്നേൽപ്പിക്കും. " (യോഹ. 6.54) കൂടാതെ യേശു പറഞ്ഞു. "ഞാൻ തന്നെ പുനഃരുത്ഥാനവും ജീവനുമാകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും ജീവിച്ചിരുന്ന്

എന്നിൽ വിശ്വസിക്കുന്നവൻ ഒരു നാളും മരിക്കയില്ല." (യോഹ. 11:25-26) ഈ വചനം വളരെ വ്യക്തമാണ്. സകലരും ഉയർത്തെഴുന്നേൽക്കും എന്നാൽ ക്രിസ്തുവിൽ മരിക്കുന്നവരാണ് നിത്യ ജീവനായ് ഉയർത്തെഴുന്നേൽക്കുന്നത്. അനുഗൃഹീതമായ ഈ പ്രത്യേക സത്യം പ്രസംഗകൻ സദാ മനസ്സിൽ സൂക്ഷിക്കണം. (യോഹ. 5:26-29 കാണുക)

ക്രിസ്തീയ വിശ്വാസപ്രമാണ പ്രകാരം നാം ഉയർത്തേഴ്ന്നേൽപ്പിനെക്കുറിച്ച് പറയുമ്പോൾ "സമാധാനത്തോടെ വിശ്രമിക്കുക" എന്നു പറയുന്നു. അതെന്തുകൊണ്ടാണ് എന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു: "നമ്മുടെ സ്നേഹിതരായ ലാസർ നിദ്രകൊള്ളുന്നു. എങ്കിലും ഞാൻ അവനെ ഉണർത്തുവാൻ പോകുന്നു." (യോഹ.11:11) ഇത് യായിറോസിന്റെ മരിച്ച മകളെ നോക്കി അവളെ ഉയിർപ്പിക്കും മുമ്പേ, "ബാല ഉറങ്ങുകയത്രേ" എന്നു പറഞ്ഞതുപോലെയാണ്. (മത്താ. 9:24) ക്രിസ്തുവിൽ മരിച്ചവർ അവരുടെ ആത്മാവിൽ ജീവിക്കുന്നു. എന്നാൽ ശരീരത്തിൽ നിദ്രകൊള്ളുന്നു. ഉയർത്തെഴുന്നേൽപിൽ എഴുന്നേൽക്കാനായി കാത്തിരിയ്ക്കുന്നു. (ദാനി.12:12 കാണുക) ഇതു ഏറ്റുപറയേണ്ട ആശ്വാസ സത്യമാണ്. പ്രത്യേകിച്ചും ശവശരീരങ്ങളെ ദഹിപ്പിക്കുന്ന ഈ കാലത്ത്, ഞാൻ എന്റെ കുഞ്ഞുങ്ങളെ കിടക്കയിലേക്ക് കൊണ്ടു പോകുമ്പോൾ "ശുഭരാത്രി, ശുഭരാത്രിയുടെ നിദ്ര" എന്നെല്ലാം ആശംസിക്കുന്നു. എന്നിട്ടു തുടർന്നും അവരെ പ്രകോപിപ്പിച്ചും ശല്യപ്പെടുത്തിയും കൊണ്ടിരിക്കയില്ല. അവർ ഉറങ്ങാൻ പോയി. വീണ്ടും അവർ എഴുന്നേൽക്കും എന്ന് എനിക്ക് പ്രതീക്ഷയുണ്ട്! ഇതേ വിധം, അവനിൽ നിദ്രകൊള്ളുന്നവരുടെ ശരീരങ്ങളെ നമ്മുടെ കർത്താവു വീണ്ടും ഉണർത്തും എന്നു നാം കാത്തിരിക്കുന്നു. (1 തെസ്സ 4:13) അതുകൊണ്ട് നാം പാടുന്നു.

*എന്നെ ജീവിയ്ക്കാൻ പഠിപ്പിയ്ക്കേണമേ*
*കഠിന ഭീതിയായ കല്ലറയെ എന്റെ ചെറുകിടക്കയാക്കി മാറ്റേണമേ*
*എന്നെ മരിയ്ക്കാൻ പഠിപ്പിയ്ക്കേണമേ*
*ആ ആശ്ചര്യ ദിനത്തിൽ ഞാൻ മഹിമയോടെ ഉയിർക്കട്ടെ*

സ്വർഗ്ഗവും ഉയിർപ്പും ചേർന്ന് വിശദീകരിക്കുക. നിങ്ങളുടെ കേൾവിക്കാർ നിങ്ങളുടെ വാക്കുകൾ നിമിത്തം പതറിപ്പോകാനോ

തെറ്റായ ധാരണകളിലേക്ക് വഴുതിപ്പോകാനോ ഇടയാകാതവണ്ണം കഴിവിന്റെ പരമാവധി പരിശ്രമിച്ചു സംസാരിക്കുക. അല്ലാത്ത പക്ഷം അവർ ക്രിസ്തുവിൽ നിന്നകന്നു മാറി നിത്യജീവനെക്കുറിച്ചുള്ള ക്രിസ്തുവിന്റെ വാഗ്ദത്തത്തിന്റെ പൂർണ്ണത അവർക്ക് ലഭ്യമല്ലാതാകും. "വരുവാനുള്ള ലോകത്തിലെ ജീവനും മരിച്ചവരുടെ പുനഃരുത്ഥാനത്തിലും പ്രത്യാശയോടെ അവർ നോക്കിപ്പാർക്കട്ടെ, ഈ രണ്ടു സത്യങ്ങളേയും സംയോജിപ്പിക്കുന്ന ഒരു പാട്ടിന്റെ വരികൾ ശ്രദ്ധിക്കുക.

*കർത്താവേ, ഒടുവിൽ അങ്ങയുടെ ദൂതന്മാർ വരുമ്പോൾ*
*വീട്ടിൽ, അബ്രഹാമിന്റെ മടിയിൽ എന്നെ ചേർത്തു കൊള്ളേണമേ*
*ഞാൻ നിർഭയനായി മരിയ്ക്കട്ടെ.*
*അതിന്റെ ഇടുങ്ങിയ വഴികളിൽ നീ സംരക്ഷകനാകേണമേ*
*എന്റെ ശരീരം സുരക്ഷിതമായി സമാധാന നിദ്രകൊള്ളട്ടെ*
*നീ വീണ്ടും പ്രത്യക്ഷനാകുംവരേയ്ക്കും*
*പിന്നീട് മരണത്തിൽ നിന്നും എന്നെ ഉണർത്തും*
*എന്റെ ഈ കണ്ണുകൾ ആ സന്തോഷം കാണട്ടെ*
*ദൈവപുത്രാ, നിന്റെ മഹത്വ മുഖം*
*എന്റെ രക്ഷകാ എന്റെ കൃപയുടെ ഉറവയേ*
*കർത്താവായ യേശുവേ എന്റെ പ്രാർത്ഥന കേൾക്കേണമേ*
*എന്റെ പ്രാർത്ഥന കേൾക്കേണമേ*
*ഞാൻ നിന്നെ യുഗായുഗങ്ങളായി സ്തുതിയ്ക്കും.*

# 8

# ക്രിസ്തുവിൽ മരിച്ചവരുടെ അവസാന വിശ്വാസ സാക്ഷ്യം

*ശവസംസ്ക്കാര ശുശ്രൂഷ ജീവിച്ചിരിക്കുന്നവർക്കായി മാത്രമോ, അതോ മരിച്ചവർക്കും കൂടെയുള്ളതോ?*

**ശ**വസംസ്ക്കാരം ജീവിച്ചിരിക്കുന്നവർക്കു വേണ്ടിയാണ് മരിച്ചവർക്കായല്ല എന്നു പറയുന്നത് നിങ്ങളും കേട്ടിട്ടുണ്ടാവും. ഈ വാക്കുകൾ ഒരു ഭക്തി പ്രദർശനമാണ്. മരിച്ചുപോയ പ്രിയപ്പെട്ടവർ സ്വർഗ്ഗത്തിൽ ചെന്നു ചേർന്നിരിക്കുന്നു; ജീവിച്ചിരിക്കുന്നവർക്ക് ആശ്വാസം പകരാനുള്ളതാണ് ശവസംസ്ക്കാര ശുശ്രൂഷകൾ! ഈ പ്രസ്താവനയിൽ ചില പ്രശ്നങ്ങൾ ഉണ്ട്. ചിലപ്പോഴെങ്കിലും ശവസംസ്ക്കാര ശുശ്രൂഷകൾ ക്രിസ്തുവിലും ക്രിസ്തുവിൽ മരിച്ച വിശ്വാസിയിലും അവരുടെ വിശ്വാസത്തിലുമല്ല, മറിച്ച് ജീവിച്ചിരിക്കുന്നവരിലാണ് കേന്ദ്രീകരിക്കുക. ഈ ശുശ്രൂഷയിലുടനീളം പ്രാധാന്യമേറിയത് എന്താണെന്ന് നിശ്ചയിക്കുന്നത് അതാണ്. അവർക്കിഷ്ടപ്പെടും വിധം ശുശ്രൂഷകൾ, ചടങ്ങുകൾ ഇവ ക്രമപ്പെടുത്തുകയാണ്. ഇഷ്ടപ്പെട്ട പാട്ടുകൾ, സംഗീതം, വേഷവിധാനം, പലപ്പോഴും അമിതമായ വികാരപ്രകടനങ്ങൾ ചിലപ്പോഴെങ്കിലും ദുരുപദേശങ്ങളുടെയും ദുരാചാരങ്ങളുടെയും കടന്നുകയറ്റം.... ഇവകളൊക്കെ ഈ അവസരത്തെ വെറും ഭക്തിപ്രകടന അവസരങ്ങളായി അധഃപതിപ്പിക്കാറുണ്ട്. ശവസംസ്ക്കാര ചടങ്ങളുകൾ പോലും ഇവന്റ് മാനേജ്മെന്റുകാർക്ക് കരാർ കൊടുക്കുന്ന ആധുനീക രീതി പ്രകടമാണ്. ഇതെല്ലാം ജീവിച്ചിരിക്കുന്നവരുടെ തൃപ്തിയാണ്.

ശുശ്രൂഷകർ പോലും പലപ്പോഴും ശവസംസ്ക്കാര ശുശ്രൂഷകൾ ജീവിച്ചിരിക്കുന്നവരെ തൃപ്തിപ്പെടുത്താനും സുഖിപ്പി

യ്ക്കാനുമായി അബദ്ധ ധാരണകളിൽ അകപ്പെട്ടുപോകാറുണ്ട്. ശവസംസ്ക്കാര ശുശ്രൂഷകളിൽ മരിച്ച വ്യക്തയെയല്ല, അയാൾ വിശ്വസ്ത വിശ്വാസിയായിരുന്നോ, ഏതു വിശ്വാസധാര പുലർത്തിയ വ്യക്തിയായിരുന്നു എന്നതു ഒന്നും കണക്കിടാതെ, "ജീവിച്ചിരിക്കുന്നവരോട് സുവിശേഷം പങ്കിടാനുള്ള നല്ല അവസരമായി" പ്രയോജനപ്പെടുത്താൻ പരീക്ഷിക്കപ്പെടുന്നവരുണ്ട്. അതുവഴി അവർക്ക് നല്ല പ്രതിഫലവും മനുഷ്യസ്തുതിയും ലഭിക്കുന്നു. എന്നാൽ മരിച്ചുപോയ ഈ വ്യക്തിയ്ക്ക്, താൻ ഈ ഭൂമിയിൽ ഒരു ക്രിസ്ത്യനിയായിരുന്നു എന്നും അവസാന ഉയിർപ്പ്വരേയും താൻ സ്വർഗ്ഗീയവാസത്തിലാകുമെന്നും ജീവിക്കുന്നവനോടു സാക്ഷിക്കാനുള്ള ഏറ്റവും ഒടുവിലത്തെ അവസരമാണിത്. താൻ ക്രിസ്തുവിന്റെ ക്രൂശിനോട് എപ്രകാരം പറ്റിനിന്നു എന്ന് ചുറ്റും കൂടി നിൽക്കുന്നവരോട് നിശബ്ദമായി, എന്നാൽ ഒച്ചയോടെ വിളിച്ചുപറയുന്ന നിമിഷങ്ങളാണിത്.

കൃപാ മുഖാന്തിരങ്ങളും പരിശുദ്ധാത്മാവിന്റെ മുദ്രയും തന്നിൽ ക്രിസ്തീയ വിശ്വാസ ത്തെ എപ്രകാരം പരിപോഷിപ്പിച്ചു. അതു നിമിത്തം മാത്രമാണ് താൻ ഇപ്പോൾ സ്വർഗ്ഗത്തിൽ ആയിരിക്കുന്നത്- ശരീരത്തിന്റെ ഉയർത്തെഴുന്നേൽപ്പിനായും പുതിയ സൃഷ്ടിയായി തീർന്ന് നിത്യജീവന്റെ ഉടമയാകാനും നോക്കിപ്പാർക്കുന്നത്- ഇത് തന്റെ ജീവിതകാലത്തെ വിശ്വാസത്തിന്റെ ഫലമാണ് എന്ന് പ്രസ്താവിക്ക കൂടിയാണ് ഇവിടെ. തന്റെ ഐഹീക ജീവിതകാലത്ത് പലവിധത്തിൽ അത് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എങ്കിലും ശവസംസ്ക്കാരം ജീവിച്ചിരിക്കുന്നവർക്ക് മരിച്ചവരെ കേൾക്കാനുള്ള അവസാന അവസരം കൂടെയാണ്. ജീവിച്ചിരിക്കുന്നവർ മൂലമല്ല മരണപ്പെട്ടവർ നിമിത്തമാണ് ഈ ശുശ്രൂഷ ഇവിടെ സംഭവിക്കുന്നത്. ആകയാൽ മരണപ്പെട്ട ഈ വ്യക്തി എന്തു വിശ്വസിച്ചു എന്നും ജീവിച്ചിരിക്കുന്നവർ എന്തു വിശ്വസിക്കണമെന്നും ഈയവസരത്തിൽ ഓർമ്മിപ്പിക്കുക.

ഇതിന് ഒരു ഉദാഹരണം പറയാം. ഒരു മുത്തശ്ശി തന്റെ മരണത്തിന് മുൻപ് തന്റെ ചെറുമകൾക്കായ് നിരന്തരം പ്രാർത്ഥിച്ചു. അവരുടെ കൊച്ചുമക്കൾ ക്രിസ്തീയ വിശ്വാസവും മാതൃകയും മുറുകെ പിടിച്ച് ജീവിക്കണമെന്നതായിരുന്നു അവരുടെ പ്രാർത്ഥനയുടെ ഉള്ളടക്കം. ഈ കാര്യം ചരമപ്രസംഗത്തിൽ ഉൾകൊള്ളിയ്ക്കുക നിമിത്തം

അവരുടെ പിൻ തലമുറ ഈ മുത്തശ്ശി വിട്ടേച്ചുപോയ വിശ്വാസ പൈതൃകത്തിന്റെ പിൻതുടർച്ചയ്ക്കായ് പ്രോത്സാഹിപ്പിക്കപ്പെടുകയാണ്. മറ്റൊരു ഉദാഹരണം: മറ്റൊരു വ്യക്തി ജീവിച്ചിരിക്കുമ്പോൾ തന്നെ, മരണാനന്തരം തിരുസ്നാനപ്പെട്ടതും ഉയർത്തെഴുന്നേൽപ്പിനായി കാത്തിരിക്കുന്നതും ആയ തന്റെ ഭൗതീക ശരീരത്തെ എത്ര ശ്രദ്ധയോടും ആദരവോടും കൈകാര്യം ചെയ്യണമെന്ന താല്പര്യം മുൻകൂട്ടി അറിയിച്ചിരുന്നു. ക്രിസ്തുവിൽ മരിച്ച വ്യക്തി തീർച്ചയായും ജീവിച്ചിരിക്കുന്നവനോട് തന്റെ വിശ്വാസത്തിന്റെ സാക്ഷ്യം വെളിപ്പെടുത്തുന്നു.

ആകയാൽ, നിങ്ങളുടെ കേൾവിക്കാർ നിങ്ങളുടെ വാക്കുകൾ നിമിത്തം തെറ്റായ ധാരണകളിൽ കുടുങ്ങിപ്പോകാതിരിക്കാൻ നിങ്ങളുടെ കഴിവിന്റെ പരമാവധി ശ്രദ്ധിക്കുക. നിങ്ങളുടെ കേൾവിക്കാർ ക്രിസ്തുവിലുള്ള ശ്രദ്ധയിൽ നിന്നും അകന്നുപോകാൻ ഇടയാകാതിരിക്കയ്ക്കട്ടെ. ജീവിച്ചിരിക്കുന്നവർക്ക് കടന്ന പോയവർ അവശേഷിപ്പിച്ചുപോകുന്ന സാക്ഷ്യമാതൃകയും ക്രിസ്തുവിൽ മരിക്കുന്നതിന്റെ ശ്രേഷ്ഠതയും പ്രചോദനമായി തീരട്ടെ.

## പ്രസംഗം 1

# യേശു ഷെർളിയെ അറിയുന്നു

### യോഹന്നാൻ 10.27-30

*പ്രീയ ഷെർളിയുടെ കുടുംബ അംഗങ്ങളേ, ക്രിസ്തു വിൽ പ്രീയ സഹോദരീ സഹോദരന്മാരേ,*

നമ്മുടെ പിതാവായ ദൈവത്തിങ്കൽ നിന്നും നമ്മുടെ കർത്താവായ യേശുക്രിസ്തുവിങ്കൽ നിന്നും നിങ്ങൾക്ക് കൃപയും സമാധാനവും ഉണ്ടാകട്ടെ, **ആമേൻ.**

**നി**ങ്ങളുടേതായ വഴികളിൽ നിങ്ങൾക്ക് ഷെർളിയെ അറിയാം. എന്നാൽ ഇവിടെ ഈ ആരാധനയിൽ നിങ്ങൾക്ക് എന്തുമാത്രം ഷെർളിയെ അറിയാം എന്ന കാര്യത്തിൽ നാം അധികം ശ്രദ്ധ ചെലുത്തുന്നില്ല. എന്നെ തെറ്റിദ്ധരിക്കേണ്ട. അതിന് തീർച്ചയായും സ്ഥലവും സമയവും അവസരവുമുണ്ട്. തന്റെ വീട്ടിലും തൊഴിലിടത്തും അവൾ എത്രമാത്രം കഠിനാദ്ധ്വാനിയായിരുന്നു എന്നതു സംബന്ധിച്ച് ധാരാളം ഓർമ്മകളുണ്ട്. അവൾ എന്തുമാത്രം പൂന്തോട്ടനിർമ്മാണത്തിൽ സന്തോഷിച്ചു. അവളുടെ ഓരോ മക്കൾക്കും കൊച്ചുമക്കൾക്കും വേണ്ടി എന്തുമാത്രം ശ്രദ്ധേയമായ കരുതൽ നൽകി. അതും കണക്കിലെടുക്കേണ്ടതുണ്ട്. ഓരോ ഉത്സവങ്ങളിലും പ്രത്യേകിച്ച് ക്രിസ്തുമസ്സ്, ഈസ്റ്റർ പോലുള്ളവകളിൽ അവൾ കുട്ടികൾക്കു തയ്യാറാക്കി നൽകിയ മധുരങ്ങളും സമ്മാനങ്ങളുമെല്ലാം നമ്മുടെ ഓർമ്മകളിലേക്ക് ഓടിയെത്തുന്നു. തീർച്ചയായും ഇത്തരം സ്മരണകൾ ഓർക്കണം, പങ്കിടണം. കുടുംബ അംഗങ്ങളും സുഹൃത്തുക്കളും ഉചിതമായി അതു നിറവേറ്റും. നല്ലത്. ഇവൾ നൽകിയതും സ്വീകരിച്ചതുമായ എല്ലാ സ്നേഹങ്ങൾക്കും ദൈവമേ, അങ്ങേയ്ക്ക് നന്ദി. *എന്നാൽ ഇപ്പോൾ ഇവിടെ ഈ ആരാധനയിൽ* നിങ്ങൾക്ക് ഷെർളിയെക്കുറിച്ച് അറിയാവുന്നതെല്ലാം പങ്കിടുകയല്ല, മറിച്ച്

യേശു ഷെർഷിയ്ക്കു ചെയ്ത കാര്യങ്ങളെക്കുറിച്ച് പറയാനാണ് ശ്രദ്ധിക്കുന്നത്.

യേശു പറഞ്ഞു "എന്റെ ആടുകൾ എന്റെ ശബ്ദം കേൾക്കുന്നു. ഞാൻ അവയെ *അറിയുന്നു.*" അതായത് യേശു ഷെർളിയെ അറിയുന്നു. എന്നാൽ എങ്ങനെ? ഒരു മാതാവായി, അമ്മൂമ്മയായി, സുഹൃത്തായി അതിലും ഉപരിയായ് എനിക്ക് ഒരു സഭാ അംഗമായി ഷെർളിയെ അറിയാം. നമ്മളെല്ലാവരേയുംകാൾ ഏറ്റവും നന്നായി ഷെർളിയെ കർത്താവു അറിയുന്നു. ഈ അനുഗ്രഹ യാഥാർത്ഥ്യത്തിലേക്ക് നമ്മുടെ ശ്രദ്ധയെ തിരിക്കാം. എങ്ങനെ യേശു ഷെർളിയെ അറിയുന്നു?

നോക്കുക, ഷെർളി ജനിക്കുന്നതിനു മുമ്പുതന്നെ അവളെ കർത്താവു അറിഞ്ഞു. അത് കാര്യങ്ങൾ സംഭവിക്കും മുമ്പേ കാലേക്കൂട്ടി അറിയാൻ കഴിയുന്ന സർവ്വജ്ഞാനിയായ ദൈവപുത്രനാകയാൽ മാത്രമല്ല. കാലത്തിനു മുമ്പേ യേശു അവളെ തന്റെ ആടായി തെരഞ്ഞെടുത്തു. നാമതിനെ നിത്യമായ തെരഞ്ഞെടുപ്പ് എന്നു വിളിക്കുന്നു. സൃഷ്ടിപ്പിനും മുമ്പേ തന്റെ ആടായി അവൻ അവളെ തിരഞ്ഞെടുത്തു. അതായത് ആർക്കും തന്നെ അവളെ അവന്റെ പിതാവിന്റെ കയ്യിൽ നിന്നും തട്ടിപ്പറിയക്കാനാവില്ല. സാരാംശത്തിലും ഇഷ്ടത്തിലും അവനും അവന്റെ പിതാവും ഒന്നാണ്. ദൈവഇഷ്ടം ഷെർളിയെ നിത്യമായി രക്ഷിയ്ക്കണം എന്നതാണ്.

മറ്റൊരു വിധത്തിലും യേശു ഷെർളിയെ അറിഞ്ഞതു നമുക്കു മനസ്സിലാക്കാം. അവന് അവളുടെ പാപങ്ങളും പോരായ്മകളും അറിയാം. വീണ്ടും അത് അവൻ നിത്യനായ സകലവും അറിയുന്ന ദൈവത്തിന്റെ ഏകപുത്രൻ ആകയാൽ മാത്രമല്ല. ആ വിധത്തിലും കൂടെ അവൻ അവളുടെ പാപങ്ങളെ അറിയുന്നു എന്നതു സത്യം തന്നെ. *ലോകത്തിന്റെ മുഴുവൻ പാപവും* ഈ വിധത്തിൽ അവൻ മനസ്സിലാക്കുന്നു. ആദ്യ *പാപിയായ* ആദമിൽ നിന്നും നമ്മിലേക്ക് പകർന്ന മൂലപാപം അഥവാ *ജന്മപാപമുണ്ട്.* ദൈവഭയം ദൈവസ്നേഹം, ദൈവ ആശ്രയം ഇവയൊക്കെ അതു നിമിത്തം നമ്മിൽ നഷ്ടമായി. കൂടാതെ വാക്കുകൊണ്ടും വിചാരം കൊണ്ടും പ്രവൃത്തികൊണ്ടും ചെയ്ത കർമ്മപാപങ്ങളുമുണ്ട്. യേശു ഇവയെ എല്ലാം അറിയുന്നു. പാപത്തിന്റെ ശമ്പ

ളമാണ് നമ്മുടെ മരണം എന്നും അവനറിയുന്നു. അതു നിമിത്തമാണ് ഷെർളി മരിച്ചത് എന്ന് അവൻ അറിയുന്നു. അതു നിമിത്തമാണ് *ഞാനും നിങ്ങളും* മരിയ്ക്കാൻ പോകുന്നത് എന്നും അവൻ അറിയുന്നു. യേശു അവളുടെ പാപങ്ങൾ അറിയുന്നു എന്ന് ഞാൻ സൂചിപ്പിച്ചതു കൊണ്ട് അർത്ഥമാക്കിയത് ഇതു മാത്രമല്ല, മറിച്ച് യേശു അവളുടെ പാപം അറിയുന്നു. എന്തെന്നാൽ *അവൻ അവളുടെ പാപങ്ങളെ തന്റെ ശരീരത്തിൽ ചുമന്നു അതിന്റെ വില കൊടുത്തു.* അങ്ങനെയാണ് ഷെർളിയുടെ പാപത്തെ യേശു അറിഞ്ഞത്! *അവളുടെ പാപങ്ങളെ* ദൈവം യേശുവിന്റെ ക്രൂശിന്മേൽ കണക്കിട്ടു. അവൻ നല്ല ഇടയനാകയാൽ ഷെർളിയ്ക്കു വേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുത്ത് സ്നേഹിച്ചു. അവളുടെ മരണത്തിനു പകരമായി യേശു മരിച്ചു. അവളുടെ സ്ഥാനത്ത് യേശു തന്റെ തികഞ്ഞ പരിശുദ്ധ ജീവൻ ക്രൂശിൽ അർപ്പിച്ചു അവളുടെ പാപത്തിന്റെ സകല ശിക്ഷയും അവന്റെ സഹനം വഴി വീട്ടിത്തീർത്തു. അതിനായ് അവൻ അടക്കപ്പെട്ടു. പാപത്തിന്മേൽ വിജയം വരിച്ച് ഉയർത്തെഴുന്നേറ്റു. മരണം, പിശാച്, പാപം എന്നിവകളെ *അവൾക്കായ്* അവൻ കീഴടക്കി. ഇപ്രകാരമാണ് യേശു ഷെർളിയുടെ പാപത്തെ അറിഞ്ഞത് ഇനി അവയെ അവൻ കണക്കിടുന്നില്ല, ഓർക്കുന്നില്ല, അവയെയെല്ലാം അവൻ ക്ഷമിച്ചു കൊടുത്തു. തന്റെ രക്തത്താൽ അവൻ അവളെ കഴുകി ശുദ്ധീകരിച്ചു.

മറ്റൊരു വിധത്തിലും യേശു ഷെർളിയെ അറിഞ്ഞത് നമുക്കു മനസ്സിലാക്കാം. അത് അവന്റെ വചനവും സാക്രമെന്തും മുഖാന്തിരമാണ്. യേശു ക്രൂശിനാലും അവന്റെ മരിച്ചവരുടെ ഇടയിൽ നിന്നുള്ള ഉയർത്തെഴുന്നേൽപിനാലും അവൾക്ക് *രക്ഷ നേടിക്കൊടുത്തു.* താൻ സ്വന്തമാക്കിയ അവളുടെ രക്ഷ വചനവും സാക്രമെന്തുകളും വഴി യേശു അവൾക്കും നൽകി.

വെള്ളത്താലും ആത്മാവിനാലും അവൻ അവളെ *സ്നാനപ്പെടുത്തി.* അവനിലുള്ള വിശ്വാസം നൽകി. വെള്ളകമ്പിളി പുതപ്പിച്ച് കുഞ്ഞാടുപോലെ അവളെ ശുദ്ധയും നിർമ്മലയും ആക്കി. ഷെർഷി വളർന്നുവന്നപ്പോൾ യേശു തന്റെ ആശ്വാസ വചനങ്ങൾ അവൾക്കു നൽകി. അവളോടു സംസാരിച്ചു. ഇടയനെ ആടുകൾ ശ്രദ്ധിക്കുന്നപോലെ അവളും യേശുവിനെ ശ്രദ്ധിച്ചു

കേട്ടു. "എന്റെ ആടുകൾ എന്റെ ശബ്ദം കേൾക്കുന്നു." യേശു പറയുന്നു അങ്ങനെ *യേശു* ഷെർളിയെയും ഷെർളി യേശുവിനെയും അറിഞ്ഞു. ഷെർളി വചനത്തിലും സാക്രമെന്തിലും കൂടെ യേശുവിന്റെ ശബ്ദം ശ്രവിച്ചു. അതിൽ അവൾ ആശ്രയിച്ചു അവൾ അനുഗമിച്ചു. അതു അവളെ അപകടകരമായ പിശാചിൽ നിന്നും, ലോകത്തിൽ നിന്നും, അവളുടെ സ്വന്ത ജഡത്തിന്റെ മരണത്തിൽ നിന്നും തന്നെയും അവളെ സുരക്ഷിതമായി കാത്തു സംരക്ഷിച്ചു.

ഷെർളി ഈ ഇടവകയിൽ വരികയും ആജീവനാന്തം സജീവ അംഗമായിരിക്കുകയും ചെയ്തു. അവളുടെ ജീവിതത്തിലുടനീളം യേശുവിന്റെ ശബ്ദം അവൾ കേട്ടു. വർഷങ്ങളായി അവളെ വ്യക്തിപരമായി അറിയാൻ എനിക്ക് പദവി ലഭിച്ചു. ആലയത്തിനുള്ളിലെ ഇരിപ്പിടത്തിൽ, ഇരുന്ന് ശ്രദ്ധയോടെ, യേശുവിന്റെ പാപമോചനത്തിന്റെയും ജീവന്റെയും രക്ഷയുടെയും വചനങ്ങൾ അവൾ കേൾക്കുന്നത് ഞാൻ ഓർക്കുന്നു. അൾതാരയ്ക്കു മുന്നിൽ ക്രമമായി യേശുവിന്റെ ജീവനേകുന്ന ശരീര രക്തങ്ങൾ ഭക്ഷിച്ചു പാനം ചെയ്തു. കൂട്ടായ്മകളെ അവൾ ഏറെ വിലമതിച്ചു. ആലയത്തിൽ വരാൻ പറ്റാത്ത ആരോഗ്യ പ്രശ്നങ്ങളുണ്ടായപ്പോൾ സഭ അവളുടെ അടുക്കലേക്ക് ചെന്നു. ഈ ആട്ടിൻകൂട്ടത്തിന്റെ ഭാഗമാണ് താൻ എന്ന ഓർമ്മയും ചിന്തയും അവൾക്ക് അഭിമാനം നൽകി. അന്ത്യത്തോളം അവൾ അവളുടെ നല്ല ഇടയന്റെ ശബ്ദം കേട്ടു.

അവസാനമായി കഴിഞ്ഞ ആഴ്ച ഭവനത്തിലെ തിരുവത്താഴ ശുശ്രൂഷയിൽ "ഞാൻ നിന്റെ എല്ലാ പാപങ്ങളേയും ക്ഷമിക്കുന്നു!" എന്ന യേശുവിന്റെ ശബ്ദം അവളുടെ മുറിയിൽ ഇരുന്നു അവൾ കേട്ടു. ഒരുമിച്ചു കർത്താവു പഠിപ്പിച്ച പ്രാർത്ഥന പറയുമ്പോൾ, നേർത്ത സ്വരത്തിൽ അവളും അതിൽ പങ്കുചേർന്നു. അവളോടൊപ്പം യേശു അവൾക്കു ചെയ്ത നന്മകളെ ഓർത്തു ഞങ്ങൾ പാടിസ്തുതിച്ചപ്പോൾ അവൾ പതിയെ അവളുടെ കൈവിരലുകൾ അനക്കുന്നതു ഞാൻ ശ്രദ്ധിച്ചു. അതെ ദുതന്മാർ അവളുടെ ആത്മാവിനെ സ്വർഗ്ഗത്തിൽ യേശുവിന്നരികിൽ ചേർത്തുകൊള്ളും വരെ ഷെർളി നല്ല ഇടയന്റെ ശബ്ദം കേട്ടു. അവനെ ശ്രദ്ധിച്ചു. അവന്റെ ജീവ വാഗ്ദത്തങ്ങളിൽ ആശ്രയിച്ചു.

ഇതു കൂടാതെ മറ്റൊരു വിധത്തിലും യേശു അവളെ *അറിയുന്നു.* യേശു പറഞ്ഞു, "ഞാൻ അവർക്ക് നിത്യ ജീവൻ *കൊടുക്കുന്നു.* അവർ ഒരുനാളും നശിച്ചു പോകയില്ല.'' യേശു വാഗ്ദത്തം ചെയ്ത പ്രകാരം അവൾക്ക് നിത്യജീവൻ കൊടുത്തു. അതെ അവളുടെ ശരീരത്തിൽ ഇപ്പോൾ ഇവിടെ ജീവൻ ഇല്ല. എന്നാൽ അത് സമാധാനത്തിൽ വിശ്രമിക്കുന്നതിന് ഏൽപ്പിച്ചു കൊടുക്കും. യേശു വാഗ്ദത്തം ചെയ്ത നിത്യജീവൻ അവൾവക്കവകാശമായുണ്ട്. അവൾ സ്വർഗ്ഗത്തിൽ ആണ് ഇപ്പോൾ എന്ന് ഞാൻ അറിയുന്നു. നാം പാടുന്നപോലെ യേശു തന്റെ ആടിനെ മാർവ്വോട് ചേർക്കന്നു. ഷെർളി വിശ്രമത്തിനായ് യേശുവിന്റെ മാർവ്വിൽ ആയിരിക്കും.

എന്നാൽ യേശു ഷെർളിയെ അറിയുന്നു എന്ന മനോഹരമായ യഥാർത്ഥ്യം അവിടെയും അവസാനിക്കുന്നില്ല. അന്ത്യനാളിൽ കാഹളം ധ്വനിക്കുമ്പോൾ, ഒടുവിലായി കർത്താവു തിരിച്ചുവരുമ്പോൾ, അവൻ ഷെർളിയുടെ ശരീരത്തെ ഉയർത്തെഴുന്നേൽപിച്ച് അവളുടെ *ആത്മാവോടു കൂട്ടിച്ചേർക്കും.* കണ്ണിമയ്ക്കുന്നതിനിടയിൽ, യേശു ഇവളുടെ മർത്യശരീരത്തെ അമർത്യ ശരീരമായി രൂപാന്തരപ്പെടുത്തും. അവളുടെ ഒരു *ശരീരഭാഗവും* നശിച്ചുപോകാൻ അവൻ അനുവദിക്കുകയില്ല. മറിച്ച് പുതിയ സൃഷ്ടിയുടെ *നിത്യശരീരവും* ആത്മാവും നൽകും. പിന്നീട് നിത്യമായി അവൾ പറുദീസയിലായിരിക്കും എന്ന് യേശു അറിയുന്നു. ലോകാരംഭം മുതലേ യേശു ആരംഭിച്ച പദ്ധിയുടെ പൂർത്തീതകരണത്തിലേയ്ക്ക് കൊണ്ടുവരും.

*ഇങ്ങനെയാണ്* യേശു ഷെർളിയെ അറിയുന്നത്. അവന്റെ *ശബ്ദംകേൾക്കുന്ന ഏവരേയും* ഈ വിധം അവൻ അറിയുന്നു. സകലരും *സ്വർഗ്ഗത്തിൽ* എത്തിച്ചേരുന്നില്ല. സകലരും പുനഃരുത്ഥാനത്തിങ്കൽ സന്തോഷിക്കുന്നുമില്ല. ഷെർളി ചെയ്യും പ്രകാരം നല്ല ഇടയന്റെ ശബ്ദം കേട്ടവർ *മാത്രം* ആണ് ഈ ഭാഗ്യ അവസ്ഥയിൽ എത്തിച്ചേരുക, ആകയാൽ നിങ്ങളും വിശ്വാസത്തോടെ ദൈവശബ്ദം കേൾക്കുക. നിങ്ങളുടെ പാപങ്ങളെയും കൂടെ അവൻ അറിയുന്നതിൽ സന്തോഷിക്കു. അവൻ സർവ്വജ്ഞാനിയാകയാൽ മാത്രമല്ല, നിങ്ങളുടെ സകലപാപവും കുരിശിൽ അവൻ ചുമന്നുകൊണ്ടു പോകയാലുമാണത്. അവിടെ അവൻ

*നിങ്ങൾക്കായും കൂടെ* തന്റെ ജീവനെ ഏൽപ്പിച്ചു കൊടുത്തു. ഷെർളി ചെയ്തപോലെ അവന്റെ പാപമോചനത്തിലും ജീവൻ നൽകുന്ന വചനത്തിലും സാക്രമെന്തിലും ആഹ്ലാദിക്കുക. ഷെർളി ആയിരുന്നപോലെ വിശ്വസ്ത സഭാ അംഗമായി, നല്ലിടയന്റെ ആടുകളിൽ ഒന്നായി അവനിൽ ആശ്രയിക്കുക. സൗജന്യദാനമായി അവൻ നൽകുന്ന നിത്യജീവൻ സ്വീകരിക്കുക. *ഷെർളിയെ* അവൻ അറിഞ്ഞപോലെ നിങ്ങളെയും അറിയും മാത്രമല്ല ഷെർളി അവനെ അറിഞ്ഞപ്രകാരം നിങ്ങളും അവനെ അറിയും. നിങ്ങളും എന്നേയ്ക്കും ഷെർളിയെ അറിയും. അതു കഴിഞ്ഞ കാലങ്ങളിൽ നല്ലതും ചീത്തയും ആയി ഞാൻ ഉപേക്ഷിച്ചുപോയ ഓർമ്മകളിലൂടെ അറിയുന്ന പോലെയല്ല. നമുക്ക് മുൻപേയും നമുക്കു പിന്നാലെയും ഉള്ള സകല വിശ്വാസികളെയും ഉയിർപ്പിന്റെ നാളിൽ നിത്യസന്തോഷ അനുഭവത്തിന് പ്രാപ്തമാക്കുന്ന അറിവാണത്.

അതുകൊണ്ടാണ് *യേശു* എപ്രകാരം ഷെർളിയെ അറിയുന്നു എന്നതിനെകുറിച്ച് സംസാരിയ്ക്കാൻ നാം ഇഷ്ടപ്പെടുന്നത്. നാം ഇതുവരെ ശ്രദ്ധിക്കാൻ ശ്രമിച്ചത് എങ്ങനെ യേശു ഷെർളിയെ അറിയുന്നു എന്നതാണ്. ഷെർളി നിലനിൽക്കുന്ന അനേകം ഓർമ്മകൾ അവശേഷിപ്പിച്ചിട്ടുണ്ട്. എന്നാൽ *യേശു ക്രിസ്തു* വിട്ടേച്ചു പോയത് *നിത്യമായ* ഒന്നാണ്. ആകയാൽ നല്ലിടയന്റെ ആടുകൾക്കൊപ്പം സന്തോഷിക്കുക. ദുഃഖിക്കുമ്പോഴും ആശ്വാസം കൊൾക. യേശു തന്റെ ആടുകളെ അറിയുന്നു, ഷെർളിയെ ഉൾപ്പെടെ അവ ഒരു നാളും നശിച്ചു പോകയില്ല. അവന്റെ കയ്യിൽ നിന്നും ആർക്കും അവയെ തട്ടിപ്പറിച്ചെടുക്കാനാവില്ല. **ആമേൻ.**

# പ്രസംഗം 2

# "ആകാശത്തിൽ ജോണിനൊപ്പം കർത്താവിനെ എതിരേൽക്കും"

**1 തെസ്സലോ.: 4.13–18**

*ജോണിന്റെ കുടുംബാംഗങ്ങളേ, പ്രത്യേകിച്ചു ജൂലി, പ്രീയ സുഹൃത്തുക്കളെ, ക്രിസ്തുവിൽ പ്രീയ സഹോദരീ സഹോദരങ്ങളേ!*

നമ്മുടെ പിതാവായ ദൈവത്തിങ്കൽ നിന്നും നമ്മുടെ കർത്താവായ യേശുക്രിസ്തുവിങ്കൽ നിന്നും നിങ്ങൾക്ക് കൃപയും സമാധാനവും ഉണ്ടാകട്ടെ, **ആമേൻ**

**ആ**കാശത്തിൽ നാം കർത്താവിനെ എതിരേൽക്കും! നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന ഏവർക്കും തിരുവെഴുത്തുകൾ നൽകുന്ന വാഗ്ദാനമാണിത്. അന്ത്യനാളുകളിൽ കർത്താവു താനും സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവരും. "കാഹളം ധ്വനിക്കും. ദൈവദൂതന്മാരും പ്രധാനദൈവദൂതന്മാരും ഗംഭീരനാദം മുഴക്കും" ഈ ജീവിതത്തിൽ വിശ്വാസപൂർവ്വം ക്രിസ്തുവിൽ ചാരി ജീവിച്ചവർ, *"ആകാശത്തിൽ കർത്താവിനെ എതിരേൽക്കും"*. ക്രിസ്തുവിൽ മരിച്ചവർ മുമ്പേ ഉയിർത്തെഴുന്നേൽക്കും. കൂട്ടത്തിൽ ജോണും ഉണ്ടാകും. അവരുടെ ആത്മാക്കൾ ഇപ്പോൾ സ്വർഗ്ഗത്തിൽ ആണ്. എന്നാൽ അവരുടെ ശരീരം സമാധാനമുള്ള വിശ്രമത്തിനായ് കർത്താവിന്റെ മഹത്വനാൾവരേയ്ക്കും ഈ ഭൂമിയിൽ നിക്ഷേപിച്ചു. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോട് ഒരുമിച്ച് ആകാശത്തിൽ *കർത്താവിനെ എതിരേൽക്കാൻ* മേഘങ്ങളിൽ എടുക്കപ്പെടും കർത്താവിനോടു പറ്റിചേർന്നിരിക്കുന്ന ഏവർക്കും കർത്താവു

നൽകിയിരിക്കുന്ന നിശ്ചയമായ വാഗ്ദത്തമാണത്.

*ആകാശത്തിൽ കർത്താവിനെ എതിരേൽക്കുക* എന്നത് ജോണിനെ സംബന്ധിച്ച് തികച്ചും അനുയോജ്യം തന്നെ. ജോൺ ഒരു വൈമാനികനായി ചുരുങ്ങിയ സമയം പോലും ആകാശത്തിൽ ചെലവിട്ടിട്ടില്ല. ഒരു വായു ഗതാഗത നിയന്ത്രിതാവായി ചെറിയ സമയം പോലും ജോൺ ആകാശമണ്ഡലത്തെ നിരീക്ഷിച്ചിട്ടില്ല. ജോൺ പൂന്തോട്ടനിർമ്മാണത്തിലും മീൻപിടുത്തത്തിലും ശ്രദ്ധവച്ച് *ശുദ്ധവായു* ആസ്വദിച്ചിട്ടുണ്ട്. മരങ്ങളിൽ പഴവർഗ്ഗങ്ങൾ നിൽക്കുന്നതും ആകാശത്തെ നക്ഷത്രങ്ങളെയും സൂര്യചന്ദ്രന്മാരേയും ജോൺ തല ഉയർത്തി നോക്കിയിട്ടുണ്ട്. എന്നാൽ കഴിഞ്ഞ ദിവസം ജോണിന്റെ ആത്മാവ് ദൂതന്മരുടെ ചിറകിലേറി ആകാശത്തിലേക്ക് പറന്നു യാത്രയായി. അത് ദൈവം ജോണിന്റെ *ആത്മാവിനെ* സ്വർഗ്ഗത്തിലേക്ക് കൂട്ടിക്കൊണ്ട് പോകാൻ നിയോഗിക്കപ്പെട്ട സേവകാത്മാക്കൾ വഴിയാണ്. ജോണിന്റെ ശരീരവും ആത്മാവും വീണ്ടും സംയോജിപ്പിയ്ക്കപ്പെടുന്ന നിത്യമഹത്വത്തിന്റെ നാൾവരെയും ഉള്ള മഹത്തായ കൊയ്ത് ആണ്. ജോണിനെക്കുറിച്ച് ചിന്തിയ്ക്കുമ്പോൾ എത്ര മാത്രം യോജിക്കുന്ന ഒരു സത്യമാണിത്. ജോൺ *ആകാശത്തിൽ കർത്താവിനെ എതിരേൽക്കും.*

യേശുവിൽ വിശ്വാസവും മാനസാന്തരവുമുള്ള ജീവിതം നയിക്കുന്ന ഏവർക്കും ഇതു തന്നെ സംഭവിക്കും. ഇങ്ങനെയാണ് നാം സ്വർഗ്ഗത്തിലേക്ക് പ്രവേശിക്കുന്നത് മാനസാന്തരവും വിശ്വാസവും ഉള്ള ജീവിതത്തിന്റെ ഉടമയായിരിക്ക എന്നതാണ് കർത്താവിനെ ആകാശത്തിൽ എതിരേൽക്കാനുള്ള വഴി.

ജോൺ ഇതു നല്ലവണ്ണം അറിഞ്ഞിരുന്നു. ജീവിതാന്ത്യത്തിൽ ഓർമ്മ നശിച്ച ദിനങ്ങൾ ജോണിനുണ്ടായിരുന്നു. എങ്കിലും ജോൺ ഇതു മനസ്സിലാക്കിയിരുന്നു. ജോണിനെ കർത്താവു മറക്കുന്നില്ല. ജോൺ ഒരു പാപിയായിരുന്നു എന്നു ഓർമ്മിയ്ക്കുവാൻ കർത്താവ് അവന് അവസരം നൽകി. ഒരു പാപിക്കും താൻ ചെയ്യുന്ന സൽപ്രവൃത്തികളുടെ കണക്കിന്റെ ബലത്തിൽ സ്വർഗ്ഗത്തിൽ പ്രവേശിക്കാനാവില്ല. ഒരു പാപി തന്റെ പാപത്തിന്റെ ശമ്പളമായ മരണത്തിന് യോഗ്യനാകുന്നു. അതു നമ്മെ നരകത്തിലെത്തിയ്ക്കുന്നു. അതു മാത്രമാണ് ഞാനും

നിങ്ങളും ന്യായമായി അർഹിക്കുന്നത്. യേശുവിൽ മാനസാന്തരവും വിശ്വാസവുമുള്ള ജീവിതം നമുക്കില്ലായെങ്കിൽ നാമോരോരുത്തരും അനുഭവിയ്ക്കാൻ പോകുന്നതും അതു തന്നെ, മാനസാന്തരവും വിശ്വാസവും നിരസിക്കുന്നതിന്റെ അനന്തര ഫലമാണത്. എന്നാൽ ജോൺ സ്വന്തമാക്കിയത് *ഇതല്ല*. ജോൺ തന്റെ പാപങ്ങളെ ഓർത്ത് അനുതപിച്ച് അവന്റെ രക്ഷകനായ യേശുവിൽ ആശ്രയിച്ചു. കഴിഞ്ഞ ദിവസം അവന്റെ ആത്മാവ് ദൂതന്മാരുടെ ചിറകിലേറി സ്വർഗ്ഗത്തിലേക്ക് പറന്നു.

ജോണിന്റെ ജീവിതാവസാന നാളുകളിൽ എനിക്ക് അവനെ ശുശ്രൂഷിയ്ക്കാൻ അവസരം കിട്ടിയതുമൂലം ഇത് ഞാൻ അറിയുന്നു. വർഷങ്ങൾക്കു മുമ്പേ തന്നെ എനിക്കു ജോണിനെ പരിചയം ഉണ്ട്. ഒറ്റമുറിയുള്ള ഒരു ക്ലാസ്സിൽ അവൻ പഠിച്ചുകൊണ്ടിരുന്നത് ഞാൻ നന്നായി ഓർക്കുന്നു. ഒരു സ്കൂൾ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ അവൻ ഞങ്ങളുടെ പള്ളിയിൽ വരുമായിരുന്നു. അവന്റെ അദ്ധ്യാപകരിൽ ചിലർ ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്. ജൂലിയോടൊപ്പം അവൻ നമ്മുടെ സഭയിൽ ചേർന്നപ്പോൾ ഈ അദ്ധ്യാപികമാർ അവനെക്കുറിച്ച് പറഞ്ഞ കഥകൾ ഞാൻ കേട്ടിട്ടുണ്ട്. ഒരു യുദ്ധവിമാനം സ്കൂളിനു മുകളിലേയ്ക്കു താഴ്ന്നു പറക്കുകയായിരുന്നു. ജോണും കൂട്ടരും വെളിയിലേക്ക് ഓടി കൗതുകത്തോടെ തല ഉയർത്തി *ആകാശത്തേയ്ക്ക്* നോക്കികൊണ്ടേയിരുന്നു. അത് അവന്റെ ജീവിതത്തിൽ വലിയ സ്വാധീനം ഒന്നും ചെലുത്തിയിട്ടില്ലായിരിയ്ക്കാം. കുറച്ചു വർഷങ്ങൾക്കു ശേഷം ജോണിനെ ഓർമ്മിയ്ക്കാൻ ഈ സംഭവം എന്നെ സഹായിക്കുന്നു.

എന്നാൽ പിന്നീട് അവന്റെ സഭാശുശ്രൂഷകനായിരിക്കാൻ എനിക്കു പദവി ലഭിച്ചു. ഏറ്റവും *വിലപ്പെട്ടത്* എന്ത് എന്ന് അവന്റെ ചെറുപ്രായത്തിൽ തന്നെ അവൻ മനസ്സിലാക്കിയിരുന്നു. അവനെ വീണ്ടെടുത്തത് ആരാണ്, എങ്ങനെയാണ് എന്ന് അവൻ ഇതിനകം ഗ്രഹിച്ചിരുന്നു. അതു അവന്റെ ശുശ്രൂഷകനായിരിക്കുന്നതിൽ എന്നെ സന്തോഷിപ്പിച്ചു അവനെ ഓർമ്മിക്കുന്നവനെ അവൻ ഓർത്തിരുന്നു. ജോൺ യേശുവിനെ ഓർത്തു. ജോൺ അവനിൽ ആശ്രയിച്ചു. “ഞാനോ ഭൂമിയിൽ നിന്നു ഉയർത്തപ്പെട്ടാൽ, എങ്കലേക്ക് എല്ലാവരെയും

ആകർഷിക്കും" (യോഹ.12:32) എന്നു പറഞ്ഞവനാണവൻ. യേശു ജോണിനെ തന്നിലേക്ക് ആകർഷിച്ചു. യേശു ഭൂമിക്കു മുകളിൽ ക്രൂശിൽ ഉയർത്തപ്പെട്ടു ജോണിന്റെ പാപങ്ങൾക്ക് മരിച്ചു. യേശു ജോണിനെ തന്നിലേക്ക് ആകർഷിച്ച് അടുപ്പിച്ചു. *ജോണിനുവേണ്ടി* യേശു ക്രൂശിൽ *ഉയർത്തപ്പെട്ടത്* അനേകം പ്രാവശ്യം അവൻ എടുത്തു പറഞ്ഞിട്ടുണ്ട്. ജോണിന്റെ രക്ഷയ്ക്ക് ആവശ്യമായിരുന്നതെല്ലാം അവനു പകരം ദൈവപുത്രൻ നിവർത്തിച്ചു. നിവർത്തിയായ് ഈ ഉറച്ച നിലവിളി ഭൂമിയിൽ നിന്ന് അന്തരീക്ഷത്തിൽ മുഴങ്ങികേട്ടു പിതാവാം ദൈവം കൂട്ടിചേർത്തു. "ആമേൻ" നിന്റെ രക്ഷ നിറവേറി! ഉയിർപ്പിന്റെ പ്രഭാതത്തിലെ തണുത്ത അന്തരീക്ഷത്തിൽ ദൈവം തന്റെ പുത്രനെ മരിച്ചവരുടെ ഇടയിൽ നിന്നും ഉയർത്തെഴുന്നേൽപ്പിച്ചു. *ജോൺ ഇതു വിശ്വസിച്ചു.* ജോൺ അത് ഓർമ്മയിൽ സൂക്ഷിച്ചു. മറ്റെന്തു നിങ്ങൾ മറന്നുപോയാലും ഓർമ്മയിൽ സൂക്ഷിക്കേണ്ട വിലയേറിയ കാര്യമാണിത്. നമ്മുടെ രക്ഷകനായ യേശുക്രിസ്തു തന്റെ ക്രൂശിലെ മരണത്താലും ഉയർത്തെഴുന്നേൽപിനാലും സമ്പാദിച്ചു തന്ന ദൈവകൃപയുടെ വിലയേറിയ സത്യമാണത്.

നമ്മുടെ കർത്താവിന്റെ ക്രൂശാരോഹണവേളയിൽ തീർച്ചയായും ജോൺ അവിടെ ഉണ്ടായിരുന്നില്ല. എന്നാൽ 'ഞാൻ സകലരേയും ആകർഷിക്കും" എന്നു യേശു പറഞ്ഞപ്പോൾ അതിൽ ജോണും ഉൾപ്പെടുന്നു എന്നു നമുക്കറിയാം. അവന്റെ സുവാർത്ത സകലരോടും പങ്കിടുക നിമിത്തം അവർ അവനിൽ വിശ്വസിച്ചു. ജോൺ അവന്റെ വിശ്വാസത്തിന്റെ അടയാളമായി യേശുക്രിസ്തുവിന്റെ മരണത്തിലും ഉയിർപ്പിലും പങ്കാളിയാകും വിധം തിരുസ്നാനമേറ്റു. വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും. പാപമോചനം പ്രഖ്യാപനം ഞാൻ നടത്തുമ്പോൾ ജോൺ അവിടെയുണ്ടായിരുന്നു. യേശുവിന്റെ ശരീര രക്തങ്ങൾ വിതരണം ചെയ്തപ്പോൾ ജോണും അവിടെ സന്നിഹിതനായിരുന്നു. അത് അവന് പാപമോചനം നൽകുക മാത്രമല്ല, സ്വർഗ്ഗീയ വിരുന്നിന്റെ മുന്നാസ്വാദനം നൽകുക കൂടി ചെയ്തു.

ജോൺ മാത്രമായിരിക്കുകയല്ല അവിടെ. തങ്ങൾ പാപിക

ളാണ് എന്നും ക്രിസ്തു യേശുവിലൂടെയുള്ള കൃപയാൽ മാത്രം തങ്ങൾ വിശ്വാസത്താൽ രക്ഷിക്കപ്പെട്ടു എന്നും അറിഞ്ഞ് യേശുവിൽ ആശ്രയിച്ച സകലരും കൂടെ ജോണിനെ എതിരേൽക്കും. എനിക്ക് ജോണിനേയും അവന്റെ വിശ്വാസ സാക്ഷ്യത്തേയും അടുത്തു നിന്നറിയാം. അവനോടൊപ്പം ചേർന്നു നിന്ന് അവന്റെ വളർച്ച കണ്ട സഹവിശ്വാസികളേറെയുണ്ട്. ജോൺ കേട്ട സുവിശേഷം വിശ്വസിച്ചു. ജോൺ *യേശുവിൽ ആശ്രയിച്ചു.* ഈ വിശ്വാസം മാത്രമാണ് അവനു രക്ഷാകാരണമായി തീർന്നത്. ഈ വിശ്വാസത്താൽ മാത്രം, ക്രിസ്തുവിനാൽ മാത്രം ആണ് ജോൺ ഇപ്പോൾ അവന്റെ *ആത്മാവോടുകൂടി* സ്വർഗ്ഗത്തിൽ ആയിരിക്കുന്നത്. തന്റെ മഹത്വീകരിക്കപ്പെട്ട ശരീരത്തോടുകൂടി അവൻ ആകാശത്തിൽ കർത്താവിനെ എതിരേൽക്കും, ഉയർത്തെഴുന്നേൽപ്പിൻ നാളിൽ.

നിങ്ങളുടെ ഓരോരുത്തരുടെയും ജീവിതത്തിലും ഇതു തന്നെ സംഭവിക്കണമെന്ന് ഞാൻ പ്രാർത്ഥിക്കുന്നു. *ആകാശത്തിൽ കർത്താവിനെ എതിരേൽക്കുന്ന* മഹത്വദിനത്തിൽ നിങ്ങൾക്കും കൂടെ സ്വർഗ്ഗീയപ്രവേശനം സാദ്ധ്യമാക്കുന്ന ഏകവഴി മാനസാന്തരവും യേശു ക്രിസ്തുവിലുള്ള വിശ്വാസവും മാത്രമാണ്. *ജോൺ* ഇത് നന്നായ് അറിഞ്ഞിരുന്നു. നിങ്ങളും ഇതു നന്നായ് അറിയണം. യേശു ക്രിസ്തുവിന്റെ ക്രൂശിനാൽ ആകർഷിക്കപ്പെട്ടവരായി അവനോടു പാപങ്ങളെ ഏറ്റുപറഞ്ഞു ഉള്ള ജീവിതത്തേക്കാൾ സ്വതന്ത്രമായ മറ്റൊരു അനുഭവമില്ല. നിങ്ങളുടെ സകല പാപങ്ങൾക്കായും മരിച്ചവനെ ഉറ്റുനോക്കുക. തന്നിൽ തന്നെ നിങ്ങളുടെ മരണത്തെ ഏറ്റെടുത്തവനെ നോക്കുക. അവൻ നരകയാതന അനുഭവിച്ചു.

ദൈവത്താൽ ഉപേക്ഷിക്കപ്പെട്ടവനായി. അതുവഴി ദൈവം നിങ്ങളെ ഒരു നാളും കൈവിടാത്ത ശ്രേഷ്ഠത നിങ്ങൾക്കുണ്ടായി. ദൈവം ഒരു നാളും നിങ്ങളെ കൈവിടുകയില്ല, ഉപേക്ഷിക്കുകയുമില്ല. അവൻ ഏറ്റവും പ്രീയത്തോടെ നിങ്ങളെ സ്നേഹിക്കുന്നു. ഇത് നിങ്ങൾക്ക് ഓരോരുത്തർക്കുമുള്ള സുവാർത്തയാണ് നിങ്ങളുടെ പാപങ്ങൾക്കായ് തന്റെ ഏകജാതനെ നൽകുവാൻ മനസ്സായവന്, ഇതു ചെയ്യാതിരിക്കാൻ കഴിയുന്നതെങ്ങനെ! തന്റെ മരണ നാഴിക വരെ ജോൺ സ്വീകരിച്ച് വിശ്വസിച്ചത്,

കർത്താവായ യേശുക്രിസ്തുവിന്റെ ഈ രക്ഷിക്കുന്ന സുവിശേഷമാണ്. ഇതേ സുവിശേഷം തുടർന്നും നിങ്ങൾ കേട്ടു യേശുവിൽ വിശ്വസിക്കുന്നു. അതു നിങ്ങളേയും രക്ഷിക്കും.

കൂടാതെ ജോണിന്റെ മരണത്തിൽ ദുഃഖിക്കുന്ന നിങ്ങൾക്ക് ഇതു സഹായകരമാകും. ക്രിസ്ത്യാനികളായ നാം പ്രത്യാശയില്ലാത്ത മറ്റുള്ളവരെപ്പോലെ ദുഃഖിക്കുന്നവരല്ല. നമുക്കും ദുഃഖമുണ്ട്. ജോണിന്റെ ഓർമ്മകൾ നമ്മുടെ കണ്ണുകളെ നനയിക്കുന്നു. നമുക്ക് അവനെ തൽക്കാലത്തേയ്ക്ക് എങ്കിലും നഷ്ടമായിരിക്കുന്നു. അവൻ ഇവിടെ ഉണ്ടായിരുന്നെങ്കിൽ എന്നു നാം ആശിച്ചു പോകുന്നു. യേശുവിനെപ്പോലെ നാം കരഞ്ഞു പോകുന്നു. നാം ജോണിനെ സ്നേഹിച്ചിരുന്നു എന്നതിന്റെ തെളിവാണ് ഈ ദുഃഖം. *എന്നാൽ* നമുക്ക് പ്രത്യാശയുണ്ട്. നിശ്ചയവും ഉറപ്പുമുള്ള ജീവന്റെ പ്രത്യാശ. എന്തെന്നാൽ യേശു മരിക്കുകയും ഉയിർക്കുകയും ചെയ്ത പോലെ ജോണിനെയും, ക്രിസ്തുവിൽ നിദ്രകൊണ്ട സകലരേയും അവൻ അവരോടു കൂടെ വരുത്തും. യേശു അവൻ പറഞ്ഞ പ്രകാരം പുനരുത്ഥാനവും ജീവനുമാകുന്നു. ആകയാൽ അവൻ *ക്രൂശിൽ ഉയർത്തപ്പെട്ടു*. യേശുക്രിസ്തുവിനെ സഭാ കൺമുന്നിൽ കണ്ടു ജീവിക്കുക. തന്റെ കല്ലറയ്ക്കുള്ളിൽ നിന്നും *ശുദ്ധവായുവിലേക്ക്* ഉയർത്തപ്പെട്ട ക്രിസ്തുവിനെ നിങ്ങളുടെ ഹൃദയത്തിൽ സൂക്ഷിക്കുക. കർത്താവു എന്നേയ്ക്കും നിങ്ങളോട് കൂടെ ഇരിക്കും. ജോണിനൊപ്പം *ആകാശത്തിൽ കർത്താവിനെ എതിരേൽക്കാൻ* അവൻ നിങ്ങളെ നയിക്കും. അങ്ങനെ നാം എല്ലായ്പ്പോഴും കർത്താവിനോടിരിക്കും. **ആമേൻ**

# പ്രസംഗം 3
# "സ്റ്റീഫൻ ഇതു വിശ്വസിച്ചു"

**യോഹന്നാൻ 11:17–27**

*ഹല്ലേലൂയ്യാ! ക്രിസ്തു ഉയിർത്തെഴുന്നേറ്റു. അതെ നിശ്ച യമായും **അവൻ ഉയിർത്തെഴുന്നേറ്റു. ഹല്ലേലൂയ്യാ.***
*സ്റ്റീഫന്റെ കുടുംബ അംഗങ്ങളെ, പ്രത്യേകിച്ചും*
*റോസമ്മേ, പ്രീയ സുഹൃത്തുക്കളേ, ദൈവ കുടുംബമേ.*

***"ഇ**തു നീ വിശ്വസിക്കുന്നുവോ?"* ഈ പ്രധാന ചോദ്യം യേശു മാർത്തയോടു ചോദിച്ചതാണ്. അതിനു തൊട്ടുമുമ്പ് യേശു പറഞ്ഞു! "ഞാൻ തന്നെ പുനരുത്ഥാനവും ജീവനുമാകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും, ജീവിച്ചിരു നന്ത് എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരു നാളും മരിക്കയി ല്ല." ഇതിനു ശേഷമാണ് യേശു മാർത്തയോട് ഈ ചോദ്യം ചോദി ച്ചത്. സന്ദർഭവും വളരെ പ്രധാനമായതാണ്. തൊട്ടു മുൻദിവസ ങ്ങളിൽ മാർത്തയുടെ സഹോദരൻ ലാസർ മരിച്ചു. അവൻ ഒരു യുവാവായിരുന്നു. പ്രധാന സമയത്ത് അവന്റെ ജീവൻ കവർന്നെ ടുക്കപ്പെട്ടു. മേരീ, മാർത്ത എന്ന രണ്ടു സഹോദരിമാർക്കൊപ്പം ലാസറും യേശുവിന് ഏറെ പ്രീയപ്പെട്ടവരായിരുന്നു. മാർത്ത യോടു യേശു ഈ പ്രധാന ചോദ്യം ചോദിച്ചു. "നീ ഇതു വിശ്വ സിക്കുന്നുവോ?" യേശു ക്രിസ്തുവിന് മരണത്തിന്മേലും ശക്തി യുണ്ട് എന്നു മാർത്ത നിശ്ചയമായും വിശ്വസിക്കുന്നുവോ?

സ്റ്റീഫനെ പോലെ ''നിങ്ങൾ ഇതു വിശ്വസിക്കുന്നുവോ?" ഓരോ മാസവും പാപം ഏറ്റുപറച്ചിലിനു ശേഷം ഞാൻ ഈ ചോദ്യം സ്റ്റീഫനോടും റോസമ്മയോടും പലയാവർത്തി ചോദി ച്ചിട്ടുണ്ട്. റോസമ്മയും സ്റ്റീഫനും പറഞ്ഞിരുന്നത്. "അതെ" എന്നാണ്. പാപമോചന പ്രസ്താവനയിലൂടെ യേശു ക്രിസ്തു സമ്പാദിച്ച പാപമോചനം നിങ്ങൾ സ്വീകരിച്ചു. യേശുക്രിസ്തു

ക്രൂശിൽ തന്റെ പ്രായശ്ചിത്ത മരണത്തിലൂടെ സമ്പാദിച്ചത് അവനിൽ വിശ്വസിക്കുന്ന ഏവർക്കും നിത്യജീവന്റെ ജാമ്യം ആയി നിൽക്കുന്നു. അതെ, സ്റ്റീഫൻ ഒരു ക്രിസ്ത്യാനിയായിരുന്നു; ആയി തന്നെ തുടരുന്നു. അതായത് ഈ ഭൂമിയിൽ വച്ച് താൻ ഒരു പാപിയാണ് എന്ന് സ്റ്റീഫൻ ഉണർന്നു. അതു കൊണ്ട് അവൻ തന്റെ പാപങ്ങളെ ഏറ്റുപറഞ്ഞു. അതുവഴി ക്രിസ്തു സൗജന്യമായി നൽകിയ പാപപമോചനത്തിന്റെ വലിയ ആശ്വാസം അവന് ലഭിച്ചു. അവൻ സ്വതന്ത്രനായി. അവൻ നിത്യ ജീവന് അവകാശിയായ്. വിശ്വാസികളുടെ കൂട്ടത്തിൽ അവനെ എണ്ണുവാൻ തക്കവിധം അവന്റെ വായിൽ നിന്നും അനേകം പ്രാവശ്യം ഞാൻ അതു കേട്ടിട്ടുണ്ട്.

"നീ ഇതു വിശ്വസിക്കുന്നുവോ?" സ്റ്റീഫൻ അതു വിശ്വസിച്ചു. എന്റെ മനസ്സിൽ അതിനെ കുറിച്ച് തെല്ലും സംശയമില്ല. ഏതു പ്രതിസന്ധികൾക്കിടയിലും ഞായറാഴ്ചകളിൽ പതിവു തെറ്റിയ്ക്കാതെ അവൻ ആരാധനകളിൽ പങ്കെടുത്തു. ഏതു ആരാധനയിലുംകൃത്യമായി സംബന്ധിക്കുക എന്നത് അവന്റെ സ്വഭാവമായിരുന്നു. സ്ഥിരീകരിക്കപ്പെട്ടപ്പോൾ നൽകിയ വാക്ക് അവൻ പാലിച്ചു. സത്യസന്ധതയുടെയും വിശ്വസ്തതയുടെയും മനുഷ്യനായിരുന്നു അവൻ യേശുവിനെ കുറിച്ചുള്ള സാക്ഷ്യം പങ്കിടുന്നത് വിലയേറിയതായ് അവൻ പരിഗണിച്ചു. ഇന്നലെ നിങ്ങൾ അവന്റെ മൃതദേഹം കണ്ടിരുന്നെങ്കിൽ അവന്റെ കിടക്കയിൽ ചെറിയ കറ്റേക്കിസ് മുസിനെയും നിങ്ങൾ കാണുമായിരുന്നു. ക്രിസ്തീയ വിശ്വാസത്തിന്റെയും ഉപദേശത്തിന്റെയും രത്നചുരുക്കമായ ഒരു കൈപുസ്തകമാണ് ലൂഥറൻകാരുടെ ചെറിയ കറ്റേക്കിസ്മുസ്. സ്റ്റീഫൻ അതു പഠിച്ചു. വിശ്വസിച്ചു. അത് ജീവിതത്തിൽ കാണിച്ചു.

"ഇതു നീ വിശ്വസിക്കുന്നുവോ?" അതെ സ്റ്റീഫൻ അതു വിശ്വസിച്ചു. *മറ്റൊരു* പുസ്തകം മൃതശരീരത്തിനു സമീപം നിങ്ങൾ കാണുമായിരുന്നത് ലൂഥറൻ കീർത്തന പുസ്തകമാണ്. കറ്റേക്കിസ് മുസ് പഠിച്ചിരുന്ന കുട്ടിക്കാലത്തും, മുതിർന്ന ശേഷം സ്ഥിരീകരണ ക്ലാസ്സുകളിൽ പങ്കെടുത്തിരുന്നപ്പോഴും പാസ്റ്റർ അവനോടു കൂടി പാട്ടുകൾ പാടിയിരുന്നു. ഞാനും സ്റ്റീഫനും തമ്മിൽ ആ പഴയ നല്ല കാലങ്ങളെപ്പറ്റി പല പ്രാവശ്യം സംസാരിച്ചിട്ടുണ്ട്. ഞങ്ങൾ  ഒരുമിച്ചിരുന്നു പാടുമായിരുന്നു.

ഞങ്ങൾക്ക് ഒരുമിച്ച് *ഇവിടെ കീഴെ* ഭൂമിയിൽ ദൈവസ്തുതി ഗീതങ്ങൾ പാടാൻ സാധിയ്ക്കാതെ വരുന്നു. എന്നാൽ ഞങ്ങൾ ഒരുമിച്ച് ഇവിടെ ഭൂമിയിൽ ചെയ്ത പ്രകാരം തന്നെ അവിടെ ഉയരത്തിൽ സ്വർഗ്ഗീയ സൈന്യത്തോടപ്പം പിതാ പുത്ര പരിശുദ്ധാത്മാവായ ദൈവത്തെ പാടിക്കൊണ്ടിരിക്കുന്നു എന്നു ഞാനറിയുന്നു. ലൂഥറൻ സഭ "പാടുന്ന സഭ" എന്നറിയപ്പെടുന്നു. കാരണം ഈ സഭ അത്രമേൽ പാട്ടുകൾക്കു പ്രാധാന്യം നൽകുന്നു. നാം വിശ്വസിക്കുന്നു. വിശ്വാസം പാട്ടുകളിലൂടെ ഏറ്റുപറയുന്നു. നമ്മുടെ പാട്ടുകൾ വിശ്വാസത്തിന്റെ ഏറ്റുപറച്ചിലുകളാണ്. സ്റ്റീഫനും ഇതു വിശ്വസിച്ചിരുന്നു.

"ഇതു നീ വിശ്വസിക്കുന്നുവോ?" അതെ, സ്റ്റീഫൻ അതു വിശ്വസിച്ചു. അവൻ ദൈവത്തിന്റെ വചനം വിശ്വസിച്ചു. അതിലെ ഓരോ വാക്കും അവൻ വിശ്വസിച്ചു. അവൻ ക്രിസ്ത്യാനിയായിരുന്നു. അങ്ങനെ തന്നെ *തുടരും*. ലാസർ നിദ്രകൊണ്ട പ്രകാരം സ്റ്റീഫന്റെ *ശരീരവും* ഉറങ്ങുക മാത്രമാണ്. എന്നാൽ അവന്റെ *ആത്മാവ്* സ്വർഗ്ഗത്തിലാണ്. സ്റ്റീഫൻ സ്വർഗ്ഗീയ ഭൂതഗണത്തോടൊപ്പം സന്തോഷിക്കുന്നു. ഒരു നീണ്ട ജീവിത കാലത്തിനൊടുവിൽ– 94 വർഷങ്ങൾക്കുശേഷം – യേശു തന്റെ ദൂതന്മാരെ അയച്ചു സ്റ്റീഫനെ തന്റെ അരികിലേക്ക് ചേർത്തു കൊണ്ടു. ക്രിസ്തുവിൽ ഇതിനകം മരിച്ച സകലരോടും ഒപ്പം, ചെറുപ്രായത്തിൽ മരിച്ചു പോയ അവന്റെ മകൻ നിക്കിയും ഒപ്പം. നിക്കിയും ലാസർ യുവത്വകാലത്ത് തന്റെ സഹോദരിമാരെ വിട്ടേച്ചു പോയ പോലെ കടന്നു പോയവനായിരുന്നു. നിക്കിയായാലും ലാസറായാലും സ്റ്റീഫനായാലും ഈ ലോകത്തിൽ ജീവിക്കുമ്പോൾ നിത്യജീവനായുള്ള ഉയർത്തെഴുന്നേൽപിന് യേശു ക്രിസ്തുവിൽ വിശ്വസിച്ച് ആശ്രയിച്ചവരാണ്. യേശുക്രിസ്തുവിന്റെ ഈ വാഗ്ദത്ത പ്രകാരം നിക്കിയെ താൻ വീണ്ടും കാണുമെന്ന് സ്റ്റീഫൻ വിശ്വസിച്ചിരുന്നു. അതെ സ്റ്റീഫൻ ദൈവവചനം വിശ്വസിച്ചു. ഇപ്പോൾ താൻ വിശ്വസിച്ചപ്രകാരം തന്റെ പ്രീയപ്രുത്രൻ നിക്കിയേയും സ്വർഗ്ഗീയ പിതാവിന്റെ നിത്യപുത്രൻ യേശുക്രിസ്തുവിനേയും കണ്ടുകൊണ്ടിരിക്കുന്നു. ഉയർത്തെഴുന്നേൽപ്പിന്റെ മഹത്വത്തിനായ് കാത്തിരിയ്ക്കുന്നു. അതെ സ്റ്റീഫൻ വിശ്വസിച്ചു. ആകയാൽ അവൻ എന്നെന്നേയ്ക്കും അനുഗ്രഹിയ്ക്കപ്പെട്ടു.

"ഇതു നീ വിശ്വസിക്കുന്നുവോ?" മാർത്ത വിശ്വസിച്ചു. യേശുവിനോടുള്ള അവളുടെ പ്രതികരണം മനോഹരമായിരുന്നു. "ഉവ്വു കർത്താവേ, ലോകത്തിൽ വരുവാനുള്ള ദൈവപുത്രനായ ക്രിസ്തു നീ തന്നെ എന്നു ഞാൻ വിശ്വസിച്ചിരിക്കുന്നു" തന്നെയും ലോകത്തുള്ള സകലരേയും രക്ഷിക്കാനായി ജഡം ധരിച്ച ദൈവപുത്രനായ യേശുവിൽ അവൾ ആശ്രയിച്ചു. യേശു മുഴുലോകത്തിനായും വേണ്ടി മരിച്ചു. നമ്മുടെ പാപത്തിന്റെ കുറ്റത്തിനുള്ള ശിക്ഷ അവൻ കൊടുത്തു തീർത്തു. നാം ഓരോരുത്തരും അവൻ മൂലം സ്വതന്ത്രരായി. ആരെല്ലാം തങ്ങളുടെ പാപങ്ങളെക്കുറിച്ച് അനുതപിച്ച് അവനിൽ വിശ്വസിക്കുന്നുവോ, അവർക്കെല്ലാം അതു *പ്രയോജനപ്പെടുന്നു*. അവസാനം വരെ അവന്റെ വചനത്തിൽ നിലനിൽക്കാൻ അവർ പരിശ്രമിക്കുന്നു. എന്നാൽ *അതിന്മേലുള്ള* അവളുടെ വിശ്വാസത്തെക്കുറിച്ച് യേശു കേൾക്കുക മാത്രമല്ല ഇവിടെ ചെയ്യുന്നത്. പ്രത്യേകിച്ച് അവൻ ചോദിക്കുന്നത്, അവൾ വിശ്വസിച്ചാൽ അവളുടെ സഹോദരൻ ലാസറിനെ ഉയിർപ്പിക്കുന്നത് അവൾ കാണും എന്നും കൂടെയാണ്. അവൾ പറഞ്ഞു: " ഉവ്വു കർത്താവേ". യേശു അതു ചെയ്തു. യോഹന്നാൻ സുവിശേഷകൻ ഇപ്രകാരം പറഞ്ഞിരിക്കുന്നു: യേശു കല്ലറയ്ക്കലെത്തി. "ലാസറേ പുറത്തു വരിക" എന്നു ഉറക്കെ വിളിച്ചു. മരിച്ച ലാസർ എഴുന്നേറ്റു *ജീവനുള്ളവനായി* കല്ലറയ്ക്കു പുറത്തേയ്ക്കു വന്നു. തന്റെ രണ്ടു സഹോദരിമാർക്കൊപ്പവും തന്നെ ഈ ഭൂമിയിൽ സ്നേഹിച്ച ഏവർക്കും ഒപ്പവും ചേർന്നു.

"ഇതു നിങ്ങൾ വിശ്വസിക്കുന്നുവോ?" നിങ്ങൾ ഒരു പക്ഷേ ഇങ്ങനെ പറയുവാൻ ഇഷ്ടപ്പെടുമായിരിക്കും. "കൊള്ളാം, ഞാൻ ഇതു വിശ്വസിക്കുന്നു അത് *എനിക്കു വേണ്ടിയും* കൂടെ യേശു ചെയ്യുവാൻ ആഗ്രഹിക്കുന്നു." ഒരു സംശയവും വേണ്ട സ്റ്റീഫനും റോസമ്മയും നിക്കിയുടെ കാര്യത്തിലും ഇതു ആഗ്രഹിച്ചിരുന്നു. അവനെ *ജീവനിലേക്ക്* തിരികെ കിട്ടാൻ അവർ കൊതിച്ചു. സ്റ്റീഫനെ സംബന്ധിച്ചും അവൻ ജീവനിലേക്ക് മടങ്ങി വരണം എന്ന താല്പര്യം നമുക്കുണ്ട്. ചുറ്റുമുള്ളവരുടെ ഇടയിൽ എത്ര മഹത്തായ വ്യക്തിയായിരുന്നു സ്റ്റീഫൻ എന്നും അവന്റെ അഭാവം എത്ര വലുതാണെന്നും കുടുംബ അംഗങ്ങൾ അറിയുന്നു. ദയയുള്ളവനായിരുന്നു അവൻ. തമാശക്കാരനായിരുന്നു.

സൽസ്വഭാവിയായിരുന്നു. വിശ്വസ്തനും പ്രിയപ്പെട്ടവനുമായ ഭർത്താവായിരുന്നു. കാരുണ്യവാനും ശ്രദ്ധാലുവുമായ പിതാവാ യിരുന്നു. ആരെയും കവച്ചു വയ്ക്കുന്ന ഉത്തമനായ മുത്തശ്ശനാ യിരുന്നു. സ്റ്റീഫൻ എന്നോടും എന്റെ കുടുംബത്തോടും വളരെ സ്നേഹവും ശ്രദ്ധയും ചെലുത്തിയിരുന്നു. അങ്ങനെയങ്കിൽ, തന്റെ സ്വന്ത രക്തത്തിൽ ഉള്ളവരോട് അയാൾ എങ്ങനെ ആയി രുന്നിരിക്കും എന്ന് എനിക്ക് ഊഹിയ്ക്കാൻ കഴിയും. ഒരു നല്ല മീൻ പിടുത്തക്കാരൻ, പാചകക്കാരൻ, ചീട്ടുകളി ഇഷ്ടപ്പെടുന്ന വൻ, ദുരന്തവേളകളിൽ സഹമനുഷ്യരെ ഏറെ കരുതിയവൻ, മറ്റു ള്ളവർക്കിടയിൽ നല്ല സാക്ഷ്യം കൊണ്ടുവൻ... അതെ എനിക്കും എന്റെ കുടുംബത്തിനും നികത്താനാകാത്ത വിടവാണ് ഈ അഭാ വം. അതു കൊണ്ടു തന്നെ സ്റ്റീഫന്റെ കുടുംബക്കാർക്കും പ്രീയ പ്പെട്ടവർക്കും ഈ അനുഭാവം എത്ര വലുതാണ് എന്ന് ഞാൻ ചിന്തിച്ചു പോകുന്നു. ഇത്തരം അവസരങ്ങളിൽ സ്റ്റീഫനും ലാസ റിനെപ്പോലെ തന്റെ പ്രീയപ്പെട്ടവരുടെ അടുക്കലേക്ക് തിരിച്ചുവ ന്നിരുന്നെങ്കിൽ എന്നു നാം ആഗ്രഹിച്ചുപോകുന്നു.

ഒരിക്കൽ *അവൻ വരും*. അതാണ് മുഖ്യകാര്യം. ക്രീസ്തീയ വിശ്വാസത്തിന്റെ കാതൽ അതാണ്. നാം ശരീരത്തിന്റെ പുനഃരു ത്ഥാനത്തിലും നിത്യജീവനിലും വിശ്വസിക്കുന്നു. യേശു ഉയിർത്തെഴുന്നേല്പ്പും ജീവനുമാണ് എന്നു നാം വിശ്വസിക്കു ന്നു. അവനാണ് പാപികളെ രക്ഷിപ്പാൻ ഈ ലോകത്തിൽ വന്ന ദൈവപുത്രൻ എന്ന് നാം വിശ്വസിക്കുന്നു. നമുക്കായ് അവൻ ന്യായപ്രമാണം മുഴുവനും അനുസരിച്ചു എന്നു നാം വിശ്വസി ക്കുന്നു. നമ്മുടെ പാപങ്ങളുടെ പകരക്കാരനായ് മരിച്ചു. വിജയ കരമായി ഉയർത്തെഴുന്നേറ്റ് പാപം മരണം പിശാച് എന്നിവകളെ കീഴടക്കി എന്നെന്നേയ്ക്കുമായ് ജയോത്സവം കൊണ്ടാടി എന്നു നാം വിശ്വസിക്കുന്നു. യേശുക്രിസ്തുവിന്റെ മരണത്തോടും പുനഃ രുത്ഥാനത്തോടും ചേരുവാൻ സ്നാനം ഏറ്റ ഏവരും, അവനി ലാശ്രയിക്കുന്ന ഏവരും ദൈവസന്നിധിയിൽ നീതികരിക്കപ്പെട്ട വരും സഭാകാലത്തേയ്ക്കും രക്ഷിക്കപ്പെട്ടവരുമാകുന്നു. ഞാനി തു വിശ്വസിക്കുന്നു. സ്റ്റീഫൻ ഇതു വിശ്വസിച്ചു. നിങ്ങൾ ഇതു വിശ്വസിക്കുന്നുവോ?

ഇതു വിശ്വസിക്ക. നിങ്ങൾ സ്റ്റീഫനെ വീണ്ടും കാണും.

ഇതു വിശ്വസിക്ക നിങ്ങൾ നിക്കി, ലാസർ, മാർത്ത, മറിയ എന്നിവരെ വീണ്ടും കാണും. ഇതു വിശ്വസിക്ക. ക്രിസ്തുവിൽ കഴിഞ്ഞ കാലങ്ങളിൽ മരിച്ച *സകലരോടും*, ഈ കാലത്ത് അവനിൽ വിശ്വസിക്കുന്നവരോടും, ഭാവിയിൽ അവനിൽ വിശ്വസിപ്പാനിരിക്കുന്നവരോടും നിങ്ങൾ ഒരു നാൾ ഉയിർത്തെഴുന്നേല്പ്പും നിത്യജീവനും അനുഭവിക്കും. എന്നാൽ എല്ലാവരും അല്ല. ചിലർ നിത്യനാശത്തിനായ് ഉയിർത്തേഴുന്നേൽപ്പും. നിങ്ങൾക്ക് അങ്ങനെ സംഭവിക്കണമെന്ന് യേശു ആഗ്രഹിക്കുന്നില്ല. അതു കൊണ്ടാണ് അവൻ നിങ്ങൾക്കായും മരിച്ചത്. അതിനാലാണ് അവന്റെ സഭയിലൂടെ പാപമോചനവും നിത്യ ജീവന്റെ വാഗ്ദത്തവും അവൻ നൽകിക്കൊണ്ടിരിക്കുന്നത്. സ്റ്റീഫൻ സഭയിലൂടെ ഈ ആശ്വാസം പ്രാപിച്ചു. വിശ്വാസികളുടെ സമൂഹം ഇന്നും ഇതു പ്രാപിച്ചുകൊണ്ടേയിരിക്കുന്നു.

ഇവയെല്ലാം യേശു *തനിക്കു വേണ്ടി* ചെയ്തു എന്നു സ്റ്റീഫൻ വിശ്വസിച്ചു. ഇവയെല്ലാം യേശു നിങ്ങൾക്കായും ചെയ്തു. ആകയാൽ, “ഇതു നിങ്ങൾ വിശ്വസിക്കുന്നുവോ?” ഇതു വിശ്വസിക്കുക. സ്റ്റീഫന് ദീർഘായുസ്സു ദൈവം നൽകി. നമുക്കു ലഭ്യമാകാൻ പോകുന്ന നാളുകളെക്കുറിച്ചു നമുക്ക് നിശ്ചയമില്ല. നാം *മുന്നോട്ട്* നോക്കുന്നു. മാർത്തയ്ക്കൊപ്പം, സ്റ്റീപനൊപ്പം, സകല വിശുദ്ധർക്കും ഒപ്പം മുമ്പോട്ടു നോക്കുക. ഉയിർത്തെഴുന്നേൽപ്പ് നിശ്ചയമായ യാഥാർത്ഥ്യമാണ്. യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റു. അവന്റെ ജീവൻ സ്റ്റീഫനു ജീവൻ നൽകുന്നു. നമ്മുടെ ജീവനും അവൻ മാത്രമാണ് ഉറവ. മാർത്തയോടൊപ്പം നിങ്ങളും പറയുക. “ഉവ്വ് കർത്താവേ, ഞാൻ വിശ്വസിക്കുന്നു. നിനക്ക് മരണത്തിന്മേൽ അധികാരവും ശക്തിയും ഉണ്ടെന്നു ഞാൻ വിശ്വസിക്കുന്നു.” യേശു ക്രിസ്തു എന്ന നമ്മുടെ പ്രീയ രക്ഷകനിൽ ആശ്രയിക്കുന്ന ഏവരോടും ഉയിർത്തെഴുന്നേൽപ്പിന്റെ മഹത്വത്തിൽ സ്റ്റീഫനെ നാം കാണുമ്പോൾ നമ്മുടെ ദുഃഖത്തിന്റെ കണ്ണുനീർ ആനന്ദകണ്ണുനീരോട് അലിഞ്ഞു ചേരും.

ഹല്ലേലുയ്യാ! ക്രിസ്തു ഉയിർത്തെഴുന്നേറ്റു. **അവൻ നിശ്ചയമായും ഉയിർത്തെഴുന്നേറ്റു. ഹല്ലേലൂയ്യാ!**

## പ്രസംഗം 4
## "കർത്താവിന്റെ ശക്തി നാഥന്റെ ബലഹീനതയെ തികഞ്ഞതാക്കി"

**2 കൊരി. 12.7-10**

*നാഥന്റെ പ്രീയ കുടുംബ അംഗങ്ങളെ പ്രത്യേകിച്ച് ആശ, ലില്ലി, ജോബ്, പ്രീയ സുഹൃത്തുക്കളെ, ക്രിസ്തുവിൽ പ്രീയ സഹോദരീ സഹോദരങ്ങളെ.*

നമ്മുടെ പിതാവായ ദൈവത്തിങ്കൽ നിന്നും നമ്മുടെ കർത്താവായ യേശുക്രിസ്തുവിങ്കൽ നിന്നും നിങ്ങൾക്ക് കൃപയും സമാധാനവും ഉണ്ടാകട്ടെ ***ആമേൻ.***

**പൗ**ലൂസിനെപ്പോലെ നാഥനും തന്റെ ബലഹീനതയിൽ പ്രശംസിച്ചു. കൗമാര പ്രായത്തിൽ തന്നെ നാഥനിൽ അസാധാരണമായ ജന്മവൈകല്യം നിർണ്ണയിക്കപ്പെട്ടു. തന്റെ ഈ ബലഹീന അവസ്ഥയിലും തികഞ്ഞുവരുന്ന കർത്താവിന്റെ ബലം നാഥാൻ തിരിച്ചറിഞ്ഞു. നാഥാൻ പറയുമായിരുന്നു: "ഈ രോഗ സാഹചര്യത്തിലും എന്നിലൂടെ ആളുകളെ ക്രിസ്തുവിങ്കലേക്ക് അടുപ്പിക്കുന്നതിന് ഞാൻ ഉപയോഗിക്കപ്പെടുന്നുവെന്നതിൽ ഞാൻ സന്തുഷ്ടനാണ്. " ഈ പ്രത്യേകതരം രോഗ അവസ്ഥയിൽ അനേകർ നാഥനെ സന്ദർശിയ്ക്കാൻ വരും. ക്രിസ്തുവിൽ തനിച്ചുള്ള പ്രത്യാശയെക്കുറിച്ച് അവരോടു പങ്കിടാൻ അത് അവസരമാകുന്നു. തന്റെ രക്ഷനായ യേശുക്രിസ്തു മുഖാന്തിരം തനിക്കു ലഭിക്കുന്ന ദൈവകൃപയെ നാഥാൻ അറിഞ്ഞിരിക്കുന്നു. അങ്ങനെ നാഥൻ തന്റെ ബലഹീനതയിൽ പ്രസംശിക്കുന്നു.

ഈ രോഗം നിമിത്തം നാഥാൻ ഇപ്പോൾ മരണപ്പെട്ടു മരണം ഒരു ആത്യന്തിക ബലഹീനതയാണ്. *നാഥാന് ഇപ്പോഴും പ്രശംസിയ്ക്കാം.* മരണത്തിന്റെ ബലഹീനതയിൽ പോലും.

നാഥാന്റെ *ആത്മാവ്* സ്വർഗ്ഗത്തിൽ ജീവിക്കുന്നതിനാൽ മാത്ര മല്ല അവന്റെ ശരീരം മഹത്വത്തിലേക്ക് ഉയിർത്തെഴുന്നേൽക്കും. കൂടാതെ നാമെല്ലാം ഇവിടെ കൂടി വന്നിരിയ്ക്കാനുള്ള കാരണം നാഥാന്റെ മരണമാണ്. എനിയ്ക്ക് നാഥാന്റെ പേരിൽ നിങ്ങളോട് സംസാരിക്കുവാൻ ഇത് അവസരമൊരുക്കി. എനിക്ക് പറയാനു ള്ളത്. യേശുവിൽ നാഥാനുണ്ടായിരുന്ന പ്രശംസയെക്കുറിച്ചാ ണ്. അതുവഴി *നിങ്ങൾക്കോരോരുത്തർക്കും* രക്ഷകനിൽ പ്രത്യാ ശയുണ്ടാകാനാണ്. *നിങ്ങൾക്കേവർക്കും* നിങ്ങളുടെ ബലഹീന തിയിൽ പ്രശംസിക്കാൻ ഇടയാകട്ടെ. നാഥനോടൊപ്പം ദൈവ ത്തിന്റെ കൃപ എനിക്കു മതി എന്നു തിരിച്ചറിയുക. അവന്റെ ശക്തി നിങ്ങളുടെ ബലഹീനതയിൽ തികഞ്ഞു വരാനാണ്.

തന്റെ അടിസ്ഥാന ബലഹീനതയെക്കുറിച്ചുള്ള അറിവി ലാണ് നാഥാനിൽ യേശുവിലെ പ്രത്യാശ ആരംഭിച്ചത്. നാഥാൻ താൻ ഒരു പാപിയാണ് എന്നു വിശ്വസിച്ചു സകലരും പാപികൾ തന്നെ. പക്ഷെ നാഥൻ വാസ്തവമായി അതു വിശ്വസിച്ചു. തന്റെ ജന്മ വൈകൃതം പോലെ പാപവും ഒരു യാഥാർത്ഥ അവസ്ഥ യാണ് എന്ന് അവൻ ഗ്രഹിച്ചു. രോഗത്തേക്കാൾ മാരകമാണ് പാപം എന്നു അവൻ തിരിച്ചറിഞ്ഞു. പാപം നിമിത്തമാണ് മരണം ലോകത്തിലേക്ക് കടന്നു വന്നതും ഓരോരുത്തരും മരിയ്ക്കുന്ന തും. മറ്റെല്ലാം ഇതിന്റെ അനുബന്ധ കാരണങ്ങൾ ആണ്. പാപ ത്തിന്റെ ശമ്പളം മരണമാണ്. ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നെ. (റോമർ. 6:23) നാഥാൻ തന്റെ ബലഹീനതയിൽ പ്രസംസിച്ചു. തന്റെ പാപ ത്തിൽ അല്ല അവൻ പ്രശംസിച്ചത്. പാപത്തെക്കുറിച്ച് അവൻ അനുതപിച്ചു. അവന്റെ പാസ്റ്റർ എന്ന നിലയിൽ, എനിയ്ക്ക് എണ്ണാ വുന്നതിലും അപ്പുറം പ്രാവശ്യം അവൻ പാപം ഏറ്റു പറഞ്ഞു. നാഥാൻ തന്റെ ബലഹീന അവസ്ഥയിലും പാപത്തെ ഓർത്തും പ്രശംസിച്ചു കാരണം *യേശു പാപികളെ രക്ഷിപ്പാനായി വന്നു എന്ന് അവൻ വിശ്വസിച്ചു.* ഇതായിരുന്നു അവന്റെ പ്രത്യാശ. നിങ്ങ ളെല്ലാവരും ഇതു തന്നെ വിശ്വസിക്കണമെന്ന് അവൻ ആഗ്രഹി ച്ചു. യേശു നിങ്ങൾക്കായ് വന്നു. കാരണം ഒരു രക്ഷകനെ ആവ ശ്യമുള്ള ബലഹീനരാണ് നിങ്ങളും. യേശു നിങ്ങളുടെ തികഞ്ഞ രക്ഷകനാണ്. അവന്റെ കൃപയാൽ, അവന്റെ അനർഹമായ

സ്നേഹത്താൽ ദൈവം നിങ്ങളുടെ നഷ്ട അവസ്ഥയെ കണ്ടു- നിങ്ങളുടെ പാപ അവസ്ഥയിൽ നിന്നും നിങ്ങളെ രക്ഷയ്ക്കായ് അവൻ തിരഞ്ഞെടുത്തു. അവൻ തന്റെ ഏകപുത്രനെ പാപരഹി തനായി ഈ ഭൂമിയിലേക്ക് അയച്ചു. ദൈവത്തിന്റെ ന്യായപ്രമാ ണത്തിൻ കീഴിൽ അവൻ ഒരു പരിശുദ്ധ ജീവിതം നയിച്ചു. ക്രൂശിന്റെ *ബലഹീനതയിൽ* നിങ്ങളുടെ സകല പാപങ്ങളും ദൈവം തന്റെ പുത്രനായ യേശുവിന് ശിക്ഷയും വിധിച്ചു. നിങ്ങ ളുടെ പാപ ജീവിതത്തിനു പ്രായച്ഛിത്തമായി ക്രൂശിലെ *ബലഹീ നതയെ* യേശുക്രിസ്തുവിന്റെ പരിശുദ്ധ ജീവിതത്തെ ദൈവം സ്വീകരിച്ചു. അവന്റെ ശക്തി നമ്മുടെ ബലഹീനതയിൽ തികഞ്ഞു വന്നു. ആ കുരിശിൽ നിങ്ങളുടെ രക്ഷയ്ക്കായ് അവൻ മരിച്ചു മൂന്നാം നാൾ കല്ലറയിൽ നിന്നും ഉയർത്തെഴുന്നേറ്റുകൊണ്ട് അവൻ തന്റെ ശക്തി വെളിപ്പെടുത്തി. പാപത്തിന്മേൽ വിജയ ക്കൊടി ഉയർത്തി. മരണവും നരകവും നാഥാനെന്ന പോലെ നിങ്ങൾക്കും പിന്മാറി. സകല മനുഷ്യർക്കും പാപത്തിന്മേൽ വിജയം ലഭിച്ചു. ഇപ്പോൾ യേശു തന്റെ വിജയം നിങ്ങൾക്ക് സൗജ ന്യമായി നിൽക്കുന്നു. അവന്റെ പാപമോചനവും നിത്യജീവനും തികച്ചും സൗജന്യദാനമാകുന്നു.

നാഥാൻ യേശു ക്രിസ്തുവിന്റെ ഈ സുവാർത്ത ഗ്രഹി ച്ചു. അതു രക്ഷയ്ക്കായി ദൈവശക്തിയാകുന്നു. (റോമർ 1:16) നാഥാൻ അതു വിശ്വസിച്ചു. അവൻ യേശുക്രിസ്തുവിനെ രക്ഷ കനായ് എണ്ണമറ്റ സന്ദർഭങ്ങളിൽ ഏറ്റുപറഞ്ഞതിലൂടെ ഞാൻ ഇതു അറിയുന്നു. അവൻ സഭയിലെത്തി ക്രിസ്തുവിന്റെ സ്നേഹ ത്തിലും കൃപയിലും തനിയ്ക്കുള്ള വിശ്വാസം പ്രകടിപ്പിച്ചിട്ടുണ്ട്. ഈ അടുത്തകാലത്ത് ആശുപത്രി കിടക്കയിലും സഹവിശ്വാ സികൾക്കൊപ്പം അവൻ സാക്ഷിച്ചിട്ടുണ്ട്."എല്ലാ ദാനങ്ങൾക്കും ഉറവയായോനെ, അങ്ങേയ്ക്കു നന്ദി, സ്തുതി". എന്നു ഞങ്ങൾ പാടിയപ്പോൾ അവനും അതിൽ പങ്കുചേർന്നു. തനിക്കു തിരുവ ത്താഴം വേണമെന്ന് അവൻ അഭ്യർത്ഥിച്ചു. നിത്യജീവനിലേക്ക് കാത്തു സംരക്ഷിക്കുന്ന ജീവന്റെ അപ്പം അനേകം വർഷങ്ങളായി അവൻ ഭക്ഷിച്ചു വരികയാണ്. അതെ ജീവിതത്തിലുടനീളവും അന്ത്യം വരേയും നാഥാൻ യേശുക്രിസ്തുവിന്റെ സുവിശേഷം വിശ്വസിച്ചു. *നാഥാന്റെ ഈ വിശ്വാസം നിങ്ങളുടേതും ആകുമോ?*

യേശു പറയുന്നു:

"ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു. ഞാൻ മുഖാന്തിരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല." (യോഹ. 14.16) ഈ വിശ്വാസം കൂടാതെ നിങ്ങൾക്ക് ഇത് പ്രയോജനം ചെയ്യുന്നില്ല. പക്ഷെ വിശ്വാസം മൂലം നിങ്ങൾക്ക് ഇതു ഫലപ്രാപ്തിയാകുന്നു. ആകയാൽ യേശുക്രിസ്തു *നിങ്ങൾക്കായും വന്നു* എന്നു വിശ്വസിക്ക. നാഥാൻ ചെയ്തതു പോലെ അവന്റെ ക്രൂശിലേക്ക് നോക്കുക. നിങ്ങളുടെ ഹൃദയം കലങ്ങാതിരിയ്ക്കട്ടെ. ദൈവത്തിലും നിങ്ങൾക്കു പകരക്കാരനായ് മരിച്ച രക്ഷകനായ യേശുക്രിസ്തുവിലും വിശ്വസിക്കുക. നാഥാനെപ്പോലെ നിങ്ങളുടെ ബലഹീനതയിൽ പ്രശംസിക്ക.

നാഥാന് തന്റെ ബലഹീനതയിൽ പ്രശംസിയ്ക്കാം. ഒന്നാമത്തെ കാരണം അവന്റെ മരണം മൂലമാണ് നിങ്ങൾ എല്ലാവരും ഇന്ന് ഇവിടെ കൂടി വന്നതും നിങ്ങൾക്കായുള്ള ഈ സുവിശേഷം കേൾക്കാൻ ഇടയായതും. എത്ര ശ്രേഷ്ഠചിന്തയാണിത്. തന്റെ സ്വന്തം മരണ ശുശ്രൂഷയിൽ കൂടിയും നാഥാൻ യേശുക്രിസ്തുവിന്റെ സുവിശേഷം ഏറ്റുപറയുന്നു.

തന്റെ മരണത്തിലും ബലഹീനതയിലും പ്രശംസിയ്ക്കാൻ നാഥാന് ഇനിയും മറ്റൊരു കാരണം കൂടിയുണ്ട്. *എന്തുകൊണ്ട്* ഇത്തരം പ്രത്യാശ യേശുവിന്റെ സുവിശേഷം നൽകുന്നു. നിങ്ങൾക്കും *വിശ്വസിക്കുന്ന എല്ലാവർക്കും എന്തുകൊണ്ട്* ഇന്നും പ്രത്യാശ ലഭിക്കുന്നു. *നാഥാന് യേശു വാഗ്ദത്തം ചെയ്തപ്രകാരം നിത്യപ്രത്യാശ നൽകി.* ഇപ്പോൾ നാഥാന്റെ ആത്മാവ് പറുദീസയിൽ യേശുവിന് ഒപ്പമാണ്. അതിലധികമായി, നമ്മുടെ രക്ഷിതാവ് മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർത്തെഴുന്നേറ്റു ജീവിക്കുന്നതുകൊണ്ട്, നാഥാനും തന്റെ ശരീരത്തിൽ ജീവിയ്ക്കും. ദ്രവത്വത്തിൽ വിതയ്ക്കപ്പെട്ട ശരീരം ആ ദ്രവത്വത്തിൽ ഉയിർക്കുന്നു. ബലഹീനതയിൽ വിതയ്ക്കപ്പെടുന്നു. ആത്മീക ശരീരം ഉയിർക്കുന്നു. (1 കൊരി.1542.43) ആകയാൽ നാഥാൻ സ്വർഗ്ഗത്തിലും തന്റെ മരണത്തിന്റെ ബലഹീനതിയൽ പ്രശംസിക്കുന്നു എന്ന് എനിക്ക് പറയാൻ കഴിയും. കാരണം ദൈവം നമ്മുടെ ബലഹീനതകളിൽ തന്റെ ശക്തിയിൽ തികഞ്ഞവരാകുന്നു. കർത്താവായ യേശുക്രിസ്തുവിൽ ആശ്രയിക്കുന്ന ഏവരുടെയും

ശരീരം ഉയിർത്തെഴുന്നേൽക്കും.

നാഥാന് ഈ ലോകത്തിൽ ധീരവും ബോധപൂർവ്വവും ആയ പരിശീലനം ഉണ്ടായിരുന്നു. പ്രസംഗത്തിന് മുമ്പ് പാട്ടുകൾ പാടുന്നതായിരുന്നു ഈ പരിപാടി. നാമൊരുമിച്ച് നാഥാൻ അനേകം പ്രാവശ്യം പാടിയിട്ടുള്ള പാട്ടു ഓർക്കുക. നമ്മുടെ ആരാധനകളിൽ പതിവായി സംബന്ധിക്കുന്ന അനേകർ ഇവിടെ സന്നിഹിതരായിട്ടുണ്ടല്ലോ. നാഥാൻ ചിരിച്ചുകൊണ്ട് പറയുന്നത് ചിന്തിച്ചു നോക്കുക.

*മരണമേ, നിനക്കെന്റെ സന്തോഷം അവസാനിപ്പിക്കാനാവില്ല.*
*ഞാൻ ക്രിസ്തുവിൽ സ്നാനമേറ്റു!*
*ഞാൻ മരിയ്ക്കുമ്പോൾ, എന്റെ സകല ദുഃഖവും അവസാനിക്കും,*
*ഞാൻ പറുദീസ അവകാശമാക്കും.*
*ഞാൻ പൊടിയിലും ചാരത്തിലും കിടന്നാലും*
*വിശ്വാസത്തിന്റെ നിശ്ചയം ശോഭയോടെ തിളങ്ങും*
*തിരുസ്നാനം ഉള്ളിലെ ദിവ്യബലമാണ്*
*എന്റെ മർത്യശരീരത്തെ അത് അമർത്യമാകുന്നു.*
*ആജീവനാന്ത ആശ്വാസം എനിയ്ക്ക് സുനിശ്ചിതമാണ്*
*തുറന്ന കല്ലറ എന്നെ തുറിച്ചു നോക്കുന്നു.*
*അവിടെയും ഞാൻ സുരക്ഷിതമായി ഉറങ്ങും.*
*എന്റെ ശരീരം ഉയിർപ്പിനായ് കാത്തിരിക്കുന്നെങ്കിലും*
*എന്റെ ആത്മാവു സ്തുതിച്ച് കൊണ്ടേയിരിയ്ക്കുന്നു.*
*ഞാൻ ക്രിസ്തുവിനോടു ചേരാൻ സ്നാനമേറ്റിരിയ്ക്കുന്നു.*
*ഞാൻ പറുദീസയുടെ പൈതലാണ്.*

അതെ, നാഥാൻ സ്നാനപ്പെട്ട ക്രിസ്ത്യാനിയെന്ന കണ്ണുകൊണ്ട് മരണത്തെ കണ്ട് ഇയ്യോബിനോടൊപ്പം പറയാം.

*"എന്നെ വീണ്ടെടുക്കുന്നവൻ ജീവിച്ചിരിക്കുന്നു എന്നും അവൻ*
*ഒടുവിൽ പൊടിമേൽ നിൽക്കുമെന്നും ഞാൻ അറിയുന്നു.*
*എന്റെ ദേഹരഹിതനായി ദൈവത്തെ കാണും*
*ഞാൻ തന്നെ അവനെ കാണും*
*അന്യനല്ല, എന്റെ സ്വന്ത കണ്ണും അവനെ കാണും"*

നാഥാന് തന്റെ മരണത്തിന്റെ ബലഹീനതയിൽ പ്രശംസിയ്ക്കാം, കാരണം യേശു തന്റെ വാഗ്ദത്തങ്ങളിൽ വിശ്വസ്തനാണ്. നാഥാന് തന്റെ മരണത്തിന്റെ ബലഹീനതയെ നോക്കി ഇങ്ങനെ പറയാം.

"എന്റെ കർത്താവിന്റെ ശക്തി എന്റെ ബലഹീനതയിൽ തികഞ്ഞുവരുന്നു. എന്റെ ജീവിതത്തിലുടനീളം ഞാനതുകണ്ടിട്ടുണ്ട്. എന്റെ മരണത്തിലും കൂടെ ഞാൻ ഇപ്പോൾ ഇതു കാണുന്നു. മരണത്തിനു എന്നെ എന്റെ ദൈവത്തിൽ നിന്നോ, എന്റെ കുടുംബ അംഗങ്ങൾ, സഹോദരങ്ങൾ, രക്ഷകർത്താക്കൾ, സ്നേഹിതർ, ബന്ധുക്കൾ, കൂടാതെ യേശുക്രിസ്തുവിലാശ്രയിക്കുന്ന മറ്റാരിൽ നിന്നുമോ വേർപിരിക്കാനാവില്ല. കാരണം യേശു നമുക്കേവർക്കുമായി മരണത്തെ തോല്പിച്ചു."

നിങ്ങൾക്കിപ്പോൾ കാണാം, നാഥാന്റെ ബലഹീനതയാണ് വാസ്തവത്തിൽ അവന്റെ ബലം. *നിങ്ങൾക്കും അതു അതേപോലെ തന്നെ.* ഇന്നു നിങ്ങൾ വിലപിക്കുന്നു. തന്റെ ചെറു ജീവിതം കൊണ്ട് സ്നേഹത്താൽ നിറഞ്ഞ ഒരു ക്രിസ്ത്യാനി നിങ്ങളെ പിരിയുന്നു; നിങ്ങൾ അതു നിമിത്തം ദുഃഖിച്ചു കരയുന്നു. നിങ്ങൾക്ക് നിങ്ങളുടെ പപ്പ സ്വർഗ്ഗീയ പിതാവിനെപ്പോലെയായിരുന്നു. അവന്റെ ദയ ഇനി നിങ്ങൾക്ക് ഇല്ലാതെയാകുന്നു. കെവീൻ, ലോയീസ് നിങ്ങൾ കരയുന്നു. നിങ്ങൾക്ക് നാഥാൻ എത്രമാത്രം പ്രീയപ്പെട്ടവനായിരുന്നു എന്നു ഞങ്ങൾ അറിയുന്നു. എനിയ്ക്കും ഏറെ ദുഃഖമുണ്ട്. കാരണം എനിയ്ക്ക് നാഥാൻ വളരെ പ്രചോദനമായിരുന്നു. എന്നാലും നാഥാനേ സ്നേഹിക്കുന്ന അവന്റെ ഭാര്യ, മക്കൾ, മാതാപിതാക്കൾ, ബന്ധുക്കൾ, സ്നേഹിതർ എല്ലാ പ്രീയപ്പെട്ടവരുമേ, നിങ്ങൾ ഒന്ന് അറിയുക. നിങ്ങൾക്ക് മുമ്പേ ദൈവം നാഥാനെ സ്നേഹിച്ചു. നിങ്ങളേക്കാൾ ഏറെ. നിങ്ങളുടെ കണ്ണുനീർ ബലഹീനത പോലെ തോന്നുന്നു. പക്ഷെ നമ്മുടെ കർത്താവിനെ പറ്റി ചിന്തിക്കുക. നമ്മുടെ കർത്താവും തന്റെ പ്രീയനായവന്റെ വേർപാടിൽ ദുഃഖിക്കുന്നു. അവൻ പറയുന്നു.

> "ഞാൻ തന്നെ പുനരുത്ഥാനവും ജീവനുമാകുന്നു.
> എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിയ്ക്കും.
> ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്നവർ ആരും
> ഒരു നാളും മരിയ്ക്കുകയില്ല." (യോഹ.11.25.26)

ഇത് അർത്ഥമാക്കുന്നത് യേശു നിങ്ങളോടു സഹതപിക്കുക മാത്രമല്ല ചെയ്യുന്നത്. അവനിൽ വിശ്വസിക്കുന്ന ഏവർക്കും, *നിങ്ങളുടെ കണ്ണിൽ നിന്നും കണ്ണു നീരെല്ലാം തുടച്ചു*

*കളയും എന്നു അവൻ വാഗ്ദത്തം ചെയ്യുന്നു.* നിങ്ങളേയും *നിങ്ങളുടെ* ബലഹീനതകളിൽ നിന്ന് അവൻ ഉയർത്തിയെടുക്കും. ആകയാൽ നാഥാനെ പോലെ നിങ്ങൾക്കും പ്രശംസിക്കാനാകും. നാഥാനോടൊപ്പം യേശു നിങ്ങൾക്കായ് ഒരുക്കിയിരിക്കുന്ന പിതാവിന്റെ ഭവനത്തിൽ നിങ്ങളെയും ചേർത്തുകൊള്ളും. നിങ്ങൾ അവനെ വീണ്ടും കാണും. നിങ്ങൾ അവനെ വീണ്ടും ആലിംഗനം ചെയ്യും. നമ്മുടെ കർത്താവിനോടൊപ്പം തികഞ്ഞ സ്നേഹത്തിൽ നിങ്ങൾ എന്നേയ്ക്കും ജീവിയ്ക്കും.

ആ മഹത്തായ ദിനം വരെ, ദൈവകൃപ നിങ്ങൾക്ക് മതിയായതാണ്. അവന്റെ ശക്തി നിങ്ങളുടെ ബലഹീനതയിൽ തികഞ്ഞു വരുന്നു. നാഥാനും നിങ്ങൾക്കും, യേശു വഴിയും സത്യവും ജീവനുമാണ് എന്നു വിശ്വസിക്കുന്ന ഏവർക്കും.

യേശുവിന്റെ നാമത്തിൽ **ആമേൻ.**

# പ്രസംഗം 5

# "ശലോമിയെ എതിരേൽക്കുക, യേശുവിനെ എതിരേൽക്കുക"

**1 തെസ്സ. 4:13–18**

*ശലോമിയുടെ പ്രീയ കുടുംബ അംഗങ്ങളെ, പ്രീയസുഹൃത്തുക്കളേ, ക്രിസ്തുവിൽ പ്രീയ സഹോദരീ സഹോദരന്മാരേ!*
നമ്മുടെ പിതാവായ ദൈവത്തിങ്കൽ നിന്നും നമ്മുടെ കർത്താവായ യേശുക്രിസ്തുവിങ്കൽ നിന്നും നിങ്ങൾക്ക് കൃപയും സമാധാനവും ഉണ്ടാകട്ടെ. *ആമേൻ*

**തൊ**ണ്ണൂറുകളുടെ ഒടുവിൽ വളരെ ആകർഷകമായ ഒരു പാട്ടുണ്ടായിരുന്നു.

"ശലോമിയെ എതിരേല്ക്കുക!" ഞാൻ ശലോമിയാ ഭാമയെ സന്ദർശിച്ചിരുന്നപ്പോഴൊക്കെ ഈ പാട്ടു എന്റെ തലയ്ക്കകത്ത് ഉണ്ടായിരുന്നു. ഞാൻ ആദ്യമായി ശലോമിയെ കണ്ട ദിനം ഓർക്കുന്നു. അപ്പോൾ'ശലോമിയെ എതിരേൽക്കാൻ എനിക്കു കാത്തിരിക്കാനാവില്ല." എന്ന ആ പാട്ടിലെ വരികൾ എന്റെ ഓർമ്മയിലുണ്ടായിരുന്നു. ശലോമിയെകാണുമ്പോഴെല്ലാം ഈ വരികൾ എന്റെ കാതിൽ മുഴങ്ങുമായിരുന്നു. അതു സത്യവുമായിരുന്നു. പിന്നീടുള്ള വർഷങ്ങളിൽ അനേകം പ്രാവശ്യം ഞാൻ ശലോമിയെ സന്ദർശിച്ചിട്ടുണ്ട്. ആദ്യം പള്ളിയിൽ പിന്നീട് അവളുടെ വീട്ടിൽ, അതിനെ തുടർന്ന് അവളെ പാർപ്പിച്ചിരുന്ന ലൂഥറൻ ഹോമിൽ.

ശലോമിയെ വാസ്തവത്തിൽ കാത്തിരിയ്ക്കണം. അവൾ വിശ്വസ്ത കുടംബ അംഗമായി നമ്മെ കാത്തിരിയ്ക്കുകയാകും. ഒരു സമർപ്പിതയായ അമ്മ, മുത്തശ്ശി, പതിറ്റാണ്ടുകളായി എല്ലാ കുടുബ വിശേഷങ്ങളിലും അവരുടെ സജീവ സാന്നിദ്ധ്യമുണ്ട്.

അവർ എല്ലാപേരെയും നല്ലതുപോലെ സ്നേഹിച്ചു അവളുടെ കൊച്ചുമക്കളുടെ ചിത്രങ്ങൾ സൂക്ഷമതയോടും മനോഹരമായും ചുമരുകളിൽ പതിപ്പിച്ചിരിക്കുന്നത് അതിന്റെ തെളിവാണ്. ഫോട്ടോകളിൽ നോക്കി അവർ ഓരോരുത്തരെക്കുറിച്ചും വാതോരാതെ സംസാരിയ്ക്കുമായിരുന്നു. നിങ്ങൾക്കു വേണ്ടി അവർ എങ്ങനെ പ്രാർത്ഥിച്ചു. നിങ്ങളുടെ ക്രിസ്തീയവിശ്വാസം, ഒടുവിലായി നിങ്ങളെ കണ്ട വിശേഷങ്ങൾ, നിങ്ങളെ അവർ വീണ്ടും ഇനി കാണാൻ പോകുന്നതിനെക്കുറിച്ചു.... അതെ ശലോമി, മക്കളെയും കൊച്ചു മക്കളേയും സന്ദർശിക്കുന്നതിന് വളരെ ഇഷ്ടപ്പെട്ടു നിങ്ങൾക്കും ശലോമിയെ കാണാൻ നല്ല താല്പര്യമായിരുന്നു.

നമ്മുടെ ദൈവാലയത്തിൽ ശലോമിയെകാണുക വളരെ സന്തോഷമായിരുന്നു. കുട്ടികളെ ഞായറാഴ്ചകളിലും മദ്ധ്യവാരത്തിലും ശലോമി പ്രത്യേകം ശ്രദ്ധിക്കുകയും വർഷങ്ങളോളം പഠിപ്പിക്കുകയും ചെയ്തു. തങ്ങളുടെ നാവുകൊണ്ട് ദൈവത്തിന് മഹത്വം കൊടുത്തിരുന്ന ഗായക സംഘത്തിന് *ശലോമിയെ കാണുക* വളരെ ഇഷ്ടമായിരുന്നു. അവളും ഗായക സംഘത്തിലെ ഒരു സജീവ അംഗമായിരുന്നവല്ലോ. ലൂഥറൻ വനിതാ സംഘത്തിലും അതിന്റെ ബൈബിൾ ക്ലാസ്സിലും പതിവായി അനേകം സ്ത്രീകൾ ശലോമിയ്ക്കൊപ്പം കൂടുകയും പഠിയ്ക്കുകയും ചെയ്തിരുന്നു. ദൈവാലയത്തിലെ എല്ലാ ആരാധനകളിലും ക്രമമായും ചിട്ടയോടും ശലോമി പങ്കെടുത്തു ദൈവചനം ശ്രദ്ധിച്ചിരുന്നു.

നമ്മുടെ കർത്താവിന്റെ വചനത്തോടു ചേർന്നു *ശലോമിയെ കണ്ടുമുട്ടുക* എന്നതാണ് അവളുടെ ജീവിതത്തിലെ *പ്രധാന ഭാഗം*. ഏതൊരു ക്രിസ്ത്യാനിയുടെയും ജീവിതത്തിലെ അതിപ്രധാന സമയമാണത്. എന്തെന്നാൽ എപ്പോഴാണ് ശലോമിയെ കാണാനായി സഭാ അംഗങ്ങളുമായി അവളുടെ അടുക്കലെത്തുക. ഇതു പരമപ്രധാനമാണ്. എന്തെന്നാൽ ശലോമി യേശുവിനെ *എതിരേറ്റില്ലെങ്കിൽ,* അവൻ അവളുടെ നല്ല ഇടയനായിരുന്നില്ലായെങ്കിൽ. അവൾ അലഞ്ഞു തിരിയുന്ന ഒരു ആടായി തുടരുമായിരുന്നു. നാമെല്ലാവരെ സംബന്ധിച്ചും ഇതു സത്യമാണ്. യെശയ്യാവ് നമ്മെ ഓർമ്മിപ്പിയ്ക്കുന്നു, "നാം എല്ലാ

വരും ആടുകളെപോലെ തെറ്റിപ്പോയിരുന്നു. നാം ഓരോരുത്തരും താന്താന്റെ വഴിക്ക് തിരിഞ്ഞിരുന്നു." (യെശ. 53.6) പാപം അങ്ങനെയാണ്. പാപം എന്നതു അവിടെയും ഇവിടെയും ചില തെറ്റുകൾ ചെയ്യുന്നതുമാത്രമല്ല. അത് കേവലം പിഴവോ, പിശകോ മാത്രമല്ല. പാപം എന്നാൽ ദൈവത്തെ ഉപേക്ഷിച്ച് അകന്നു പോകുന്നതാണ്. *അവന്റെ വഴിയ്ക്ക്* പകരം *നിങ്ങളുടെ* വഴി തിരഞ്ഞെടുക്കുന്നതാണ്. നാം യേശുവിനെ കണ്ടുമുട്ടാത്തേടത്തോളം നാം നഷ്ടപ്പെട്ട ആടുകളായി *തുടരും. മരണാർഹരായ* പാപികളായി. ഇത് ഏറ്റവും മോശമായ അവസ്ഥയാണ്. പ്രതിരോധിയ്ക്കാൻ ശേഷിയില്ലാത്ത മേച്ചൽ പുറങ്ങളിൽ അലഞ്ഞുനടക്കുന്ന ആടുകളെ ചെന്നായ്ക്കളായ പിശാചുക്കൾ എന്നന്നേയ്ക്കുമായി നശിപ്പിച്ചുകളയുന്നു. അതെ, അതുതന്നെ ശലോമിയ്ക്കും സംഭവിയ്ക്കേണ്ടതായിരുന്നു. അവൾ *യേശുക്രിസ്തുവിനെ കണ്ടുമുട്ടിയില്ലായിരുന്നു എങ്കിൽ.*

ആകയാൽ ഒരു തർക്കവും കൂടാതെ ശലോമിയുടെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഭാഗം ദൈവവചനത്തിലൂടെ അവൾ *യേശുവിനെ കണ്ടെത്തിയതാണ്.* അവൻ നമ്മുടെ നല്ല ഇടയൻ. യേശു ഇതു *അവളോടും നമ്മോടും* സകലരോടും വളരെ പ്രാധാന്യത്തോടെ പറയുന്നു. അവന്റെ ആടുകൾ അവനെ കാണും. വീണ്ടും യേശു പറഞ്ഞു.

"എന്റെ ആടുകൾ എന്റെ ശബ്ദം കേൾക്കുന്നു. ഞാൻ അവയെ അറിയുകയും അവ എന്നെ അനുഗമിക്കുകയും ചെയ്യുന്നു. *ഞാൻ അവയ്ക്ക് നിത്യജീവൻ* കൊടുക്കുന്നു. അവ ഒരു നാളും നശിച്ചു പോകുകയില്ല. ആരും അവയെ എന്റെ കയ്യിൽ നിന്നും പിടിച്ചു പറിയ്ക്കുകയില്ല. അവയെ തന്നിരിക്കുന്ന എന്റെ പിതാവ് എല്ലാവരിലും വലിയവൻ. പിതാവിന്റെ കയ്യിൽ നിന്നും പിടിച്ചുപറിപ്പാൻ ആർക്കും കഴിയുകയില്ല"

യേശു നല്ലയിടയൻ *ആകുന്നു.* അലഞ്ഞു തിരിഞ്ഞു നടക്കുന്ന ആടുകളെ ചേർത്തു പിടിച്ച് എന്റെ ആടുകൾ എന്നു വിളിക്കുന്നവൻ. അവൻ തന്റെ ശബ്ദം കൊണ്ട്, അതായത് വചനം കൊണ്ട് വിളിയ്ക്കുന്നു.

"എന്നോട് ചേർന്നു വസിക്ക. ഞാൻ നിന്നെ പാപത്തിൽ നിന്നും മരണത്തിൽ നിന്നും പിശാചിന്റെ അധികാരത്തിൽ

നിന്നും സംരക്ഷിക്കും. ഞാൻ നിനക്കു നിത്യജീവൻ നൽകും. നീ ആകുലപ്പെടേണ്ടതില്ല. എന്തെന്നാൽ ഞാനും എന്റെ സ്വർഗ്ഗസ്ഥ പിതാവും നിന്നെ ചേർത്തു കൊള്ളും"

നല്ല ഇടയനായ യേശുവിന്റെ ഈ വാക്കുകൾ കേൾക്കെ, വിശ്വസിക്ക. ശലോമി മഹത്തായ ഈ വാക്കുകൾ കേട്ടു വിശ്വസിച്ചു തന്റെ ജീവിത്തിലുടനീളം നല്ല ഇടയന്റെ ശബ്ദം കേട്ടു അതിലാശ്രയിച്ചു. ആകയാൽ അവൾ ഒരു ദോഷവും കൂടാതെ സുരക്ഷിത കരങ്ങളിൽ *യേശുവിനെ സന്ദർശിക്കും.*

അതെ, *ശലോമി*, യേശു തന്നെ അറിയുന്നു എന്നതിൽ ആശ്രയിച്ചു അവൾ നല്ല ഇടയന്റെ ആടു *ആകുന്നു.* ജീവിതാരംഭം മുതൽ അവസാനം വരെ അവൾ അവന്റെ ശബ്ദം കേട്ടു. അവനിൽ ആശ്രയിച്ചു. ഇപ്പോൾ അവളുടെ ആത്മാവ് സ്വർഗ്ഗത്തിൽ ആയിരിക്കുന്നു. ഞാനത് മനസ്സിലാക്കിയിട്ടുണ്ട്. അവളുടെ ജീവിതത്തിന്റെ അവസാനനാൾ വരെ ഈ ജീവന്റെ വചനങ്ങൾ അവളോട് പങ്കിടാൻ എനിക്ക് പദവി ലഭിച്ചു. ശലോമി തന്റെ പാപം ഏറ്റുപറഞ്ഞു. പാപമോചനം അവൾ സ്വന്തമാക്കി. യേശുവിനെ തന്റെ നല്ല ഇടയനായി പ്രഖ്യാപിച്ചു. അവളുടെ നല്ല ഇടയൻ അവൾക്കായി ജീവനെ കൊടുക്കയും പിന്നെ തിരികെ പ്രാപിയ്ക്കുകയും ചെയ്തവനാണ്. തിരുസ്നാനത്തിലൂടെ തന്നെ സ്വസ്ഥതയുള്ള വെള്ളത്തിനരികിലേക്കു നടത്തുന്ന നല്ലിടയനായ കർത്താവിൽ അവൾ ആശ്വാസം കണ്ടെത്തി. നല്ല ഇടയൻ ഒരുക്കിയ വിരുന്നിൽ പങ്കാളിയായി അവന്റെ ശരീര രക്തങ്ങൾ ഭക്ഷിച്ച് പാനം ചെയ്തു. അതിനാൽ പരിപോഷിപ്പിയ്ക്കപ്പെട്ടു. ഇപ്പോൾ പച്ചയായ പൽപുറമായ പറുദീസയിലെത്തി. ശലോമി യേശുവിനെ എതിരേൽക്കാൻ എത്തും. അവൾ അവന്റെ വചനത്തിലാശ്രയിച്ചു. *ഈ കാരണത്താൽ* അവളുടെ ആത്മാവ് അവൾ മരിച്ചപ്പോൾ *യേശുവിനെ* മുഖാമുഖം *കാണാൻ* ഇടയായി.

നിങ്ങൾക്ക് ഇനിയും ശലോമിയെ *കാണണമെങ്കിൽ* നിങ്ങൾ യേശുവിനെ *കണ്ടുമുട്ടുക.* ഇന്നു മാത്രമല്ല അവന്റെ ശബ്ദം മുഴങ്ങുന്നത്. അവന്റെ ശബ്ദം പ്രസംഗ പീഠത്തിൽ നിന്നും ആഴ്ചകൾ തോറും പുറപ്പെട്ടു വരുന്നു. അലഞ്ഞു തിരിയുന്ന ആടുകൾ വീണ്ടും ഒന്നിച്ചു ചേർന്നു വരാൻ ആവർത്തിച്ചു ക്ഷണിയ്ക്കുന്നു. തന്റെ സ്വന്തം വഴികളിലൂടെ ദൈവത്തെ ഉപേക്ഷിച്ച്

നടക്കുന്നത് അവസാനിപ്പിയ്ക്കാം. ഏറ്റവും നല്ല വഴികാട്ടുന്ന *നല്ല ഇടയിനിലേക്ക്* തിരികെ വരാം. അവനെ അനുഗമിക്കാം. എന്തെന്നാൽ അവന്റെ ശബ്ദം നിങ്ങളോട് പറയുന്നു. “ഞാൻ നിന്റേയും കൂടെ നല്ല ഇടയനാണ്. ഞാൻ *നിനക്കായ്* എന്റെ ജീവൻ വച്ചു കൊടുത്തു. നിന്റെ സകല പാപങ്ങളും; അതു എന്തു തന്നെ ആയി കൊള്ളട്ടെ, ഞാൻ എന്റെ മേൽ ഏറ്റെടുത്തു. അതിന്റെ വില ഞാൻ കൊടുത്തു തീർത്തു അത് ഞാൻ നിമിത്തം നീ സ്വതന്ത്രനായും പൂർണ്ണമായി പാപമോചിതനും ആകാനായിട്ടാണ്. ഞാൻ പിശാചിനെ നിനക്കായ് തോൽപ്പിച്ചു *നിനക്ക്* ഞാൻ നിത്യജീവൻ നൽകുന്നു. ഇതു നിനക്കായും കൂടെയാണ് എന്നറിഞ്ഞ് ആശ്രയിക്കുക.” ഇപ്പോഴും യേശുവിന്റെ ശബ്ദം മുഴങ്ങുന്നു. “എന്നെ അനുഗമിയ്ക്ക. തിരുസ്നാനത്താൽ, നല്ല ഇടയനാൽ വെള്ള വസ്ത്രം പുതപ്പിച്ചു ശുദ്ധയാകപ്പെട്ട ആടാണ് നീ. ദൈവത്തിന്റെ സന്നിധിയിൽ നീ നീതിമാനും പരിശുദ്ധനുമാണ്. നിന്റെ നല്ല ഇടയന്റെ വാഗ്ദത്തങ്ങളിൽ ചാരികൊൾക. എന്റെ സഭയിലൂടെ എന്റെ വചനമാകുന്ന പച്ചപുൽപുറം വഴി ലഭിക്കുന്ന പരിപോഷണം കൃത്യമായി ഭക്ഷിക്കുന്ന എന്റെ ആടായി തുടരുക. യേശു എല്ലാവരെയും ഇന്നു വിളിയ്ക്കുന്നു.

വിശ്വാസത്താൽ യേശുവിന്റെ ശബ്ദം കേൾക്കുന്ന എല്ലാവരും നിത്യജീവൻ എന്ന ദാനം പ്രാപിക്കുന്നു. അവർ ശലോമയെ വീണ്ടും കാണും. അതെ സ്വർഗ്ഗത്തിൽ ഇപ്പോൾ അവിടെ അവളുടെ ആത്മാവ് കടന്നുപോയ സകല വിശുദ്ധരോടും ദൂതസംഘത്തോടും ചേർന്ന് ഉല്ലസിക്കുന്നു. എന്നാൽ അന്ത്യനാളിൽ, നാം ഇവിടെ ഈ ഭൂമിയിൽ നിക്ഷേപിയ്ക്കുന്ന അവളുടെ ശരീരം നിദ്രവിട്ട് എഴുന്നേൽക്കും. അവൾ ക്രിസ്തുവിൽ മരിച്ചു. അതിനർത്ഥം അവൻ വീണ്ടും വരുമ്പോൾ ശലോമിയുടെ ശരീരം നിത്യതയ്ക്കായ് എല്ലാ തലമുറയിലെ വിശുദ്ധന്മാർക്കും ഒപ്പം ഉയിർത്തെഴുന്നേൽക്കും. നല്ല ഇടയനിൽ ആശ്രയിച്ചവരായി അപ്പോഴും ജീവിച്ചിരിക്കുന്നവരെല്ലാവരും കണ്ണിമയ്ക്കുന്നതിനിടയിൽ അവരുടെ മർത്യ ശരീരങ്ങൾക്ക് രൂപാന്തരം സംഭവിക്കും. പിന്നീട് പൗലൂസ് നമ്മെ അറിയിച്ചതുപോലെ, ‘നാം എല്ലാവരും *കർത്താവിനെ എതിരേൽക്കാൻ* മേഘങ്ങളിൽ എടുക്കപ്പെടും, അങ്ങനെ നാം എല്ലായ്പ്പോഴും കർത്താവിനോടു കൂടെ ഇരി

യ്ക്കും.' നല്ല ഇടയന്റെ ആടുകൾക്ക് എത്ര മഹത്വകരവും ശുഭകരവുമായ ഭാവിയാണ് ഒരുക്കപ്പെട്ടിരിക്കുന്നത്! യേശുവിനെ നിശ്ചയമായും നാം സന്ദർശിക്കും പ്രകാരം ശലോമയേയും നാം കാണും. 'ആകയാൽ ഈ വാക്കുകളെക്കൊണ്ട് അന്യോന്യം ആശ്വസിച്ചു കൊൾവിൻ"

യേശുവിന്റെ നാമത്തിൽ, **ആമേൻ.**

# പ്രസംഗം 6

# "ജോർജ്ജിന്റെ ജീവിതത്തിലെ ഏറ്റവും അർത്ഥവത്തായ സുദിനം"

**റോമർ 6: 3–5**

*ജോർജ്ജിന്റെ പ്രീയ കുടുംബ അംഗങ്ങളേ, പ്രത്യേ കിച്ചു പാൾ, പ്രീയ സുഹൃത്തുക്കളെ, ക്രിസ്തുവിൽ പ്രീയ സഹോദരീ സഹോദരങ്ങളേ,*

നമ്മുടെ പിതാവായ ദൈവത്തിങ്കൽ നിന്നും നമ്മുടെ കർത്താവായ യേശുക്രിസ്തുവിങ്കൽ നിന്നും നിങ്ങൾക്ക് കൃപയും സമാധാനവും ഉണ്ടാകട്ടെ, **ആമേൻ.**

**ക**ഴിഞ്ഞ ഒരു ദിവസം ജോർജ്ജ് എന്നോടു പറഞ്ഞു. തന്റെ ജീവിതത്തിലെ ഏറ്റവും അർത്ഥവത്തായ ദിവസം 1941 ഡിസംബർ 7 ആയിരുന്നത്രേ. പേൾ തുറമുഖം ആക്രമിക്കപ്പെട്ടതും അതിനെ തുടർന്ന് രണ്ടാം ലോക മഹായുദ്ധം ആരംഭിയ്ക്കപ്പെട്ടതും ആ ദിവസമായിരുന്നു. എങ്കിലും ജോർജ്ജിന് ആ ദിവസം പ്രത്യേക പ്രാധാന്യം ഉള്ളതായി മാറിയത് *മറ്റൊരു* വിധത്തിലാണ്. നമ്മുടെ സർവ്വശക്തനായ ദൈവം ജോർജ്ജിന്റെ ശത്രുക്കളായ പാപം മരണം പിശാച് എന്നിവകളെ വെള്ളത്താലുള്ള തിരുസ്നാനം നിമിത്തം നശിപ്പിച്ചുകളഞ്ഞത് ആ ദിവസമായിരുന്നു.

ജോർജ്ജിന്റെ ജീവിതത്തിൽ ഇതു സംഭവിച്ചത് *നിമിത്തം* ജോർജ്ജ് താൻ ഒരു ക്രിസ്ത്യാനിയാണ് എന്നു തിരിച്ചറിഞ്ഞു 53 വർഷത്തോളമായി ജോർജ്ജ് സ്നേഹനിധിയായ ഒരു ഭർത്താവാണ്. വിശ്വസ്തനായ ഒരു പിതാവും മുത്തശ്ശനുമാണ്. ആജീവനാന്ത അംഗത്വം നിമിത്തം ഈ സഭയിൽ ജോർജ്ജ് നിരവധിയായ ഉത്തരവാദിത്വങ്ങൾ വിജയകരമായി നിർവ്വഹിച്ചിട്ടുണ്ട്. ആഗോള ക്രിസ്തീയ

ദൗത്യം നിർവ്വഹണത്തിലും ജോർജ്ജിന്റെ പങ്കാളിത്തം പ്രത്യേകം എടുത്തു പറയണം. അതെ, ജോർജ്ജ് എന്ന ക്രിസ്തീയ കർഷകനെ, കുടുംബത്തേയും മണ്ണിനെയും ഒരു പോലെ സ്നേഹിച്ച മനുഷ്യനെ നാം അറിയുന്നു. നല്ലതും ചീത്തയും ആയ ദിവസങ്ങളോടൊപ്പം ദൈവം തന്റെ കൃപയാൽ ജോർജ്ജിനെ വളർത്തി ഉയർത്തി. എന്നാൽ ജോർജ്ജിന്റെ സേവനങ്ങളുടെയും സ്നേഹ നിർഭരമായ സമർപ്പണത്തിന്റെയും *കാരണം* നാം തിരക്കുകയാണെങ്കിൽ മനസ്സിലാകും ജോർജ്ജ് മുമ്പേ ക്രിസ്തു യേശുവിലുള്ള ദൈവസ്നേഹം രുചിച്ചറിഞ്ഞു. തിരുസ്നാനത്തിൽ യേശുക്രിസ്തുവിന്റെ മരണത്തിലും ഉയിർപ്പിലും പങ്കാളിയായപ്പോൾ ദൈവം അവന്റെ മേൽ തന്റെ സ്നേം പകർന്നതു അവൻ ആസ്വദിച്ചു. അതെ, സ്നാനപ്പെടണമെന്നും അതുവഴി സംഭവിക്കുന്നതെന്ത് എന്നും ജോർജ്ജ് അറിഞ്ഞു. ആ ദിനത്തെ ഓർത്തു പ്രത്യേകമായി സന്തോഷിച്ചു.

ജോർജ്ജ് താൻ ഒരു പാപിയാണെന്നും അതിനു പരിഹാരമായി തനിയ്ക്കു ഒന്നും തന്നെ ചെയ്വാൻ കഴിയുന്നതല്ല എന്നും ജോർജ്ജ് വിശ്വസിച്ചു. പാപത്തന്റെ ശമ്പളം മരണമാണെന്ന്, അത് ഒഴിവാക്കാൻ തന്നാൽ ആവില്ല എന്നും അവൻ അറിഞ്ഞു. അതു ഇന്നു ഇവിടെ നാം ഉറപ്പിക്കുന്നു. തനിക്ക് ഒരു രക്ഷകനില്ലയെങ്കിൽ, തനിക്കു വേണ്ടി ദൈവം പ്രവർത്തിച്ചില്ലായെങ്കിൽ, അതിന്റെ ഗൗരവ അവസ്ഥ അവന് ബോദ്ധ്യമുണ്ടായിരുന്നു. തന്റെ പാപവുമായി ദൈവത്തെ എതിരേൽക്കേണ്ടി വന്നാൽ ഉള്ള ഭയാനകമായ അവസ്ഥയെക്കുറിച്ച് അവൻ ഗ്രഹിച്ചിരുന്നു. ജോർജ്ജും തന്റെ കാര്യത്തിൽ മാത്രമല്ല, എല്ലാവരുടെ കാര്യത്തിലും, എന്റെയും നിങ്ങളുടെയും കാര്യത്തിലും ഇത് ഗൗരവമുള്ളതാണ് എന്ന് മനസ്സിലാക്കിയിരുന്നു.

അതുകൊണ്ടു തന്നെ ജോർജ്ജ് തന്റെ തിരുസ്നാനത്തിൽ സന്തോഷിച്ചു. ഓരോ ഡിസംബർ ഏഴിനും ശത്രുക്കൾ നമ്മുടെ രാജ്യത്തെ ആക്രമിച്ചതും നാം അവരെ കീഴടക്കിയതും ഓർമ്മിക്കുമ്പോൾ, യേശു തന്റെ *ശത്രുക്കളെ* തിരുസ്നാനം മൂലം അതിജീവിച്ചതിനെ അവൻ നന്ദിയോടെ ഓർക്കുമായിരുന്നു. യേശു സകലർക്കുമായി ഒരിക്കലായിട്ടു മരിച്ചു. നമ്മുടെ പാപങ്ങളുടെ ശിക്ഷ അവൻ സ്വയം ഏറ്റെടുത്തു. അതിന്മേലുള്ള സകല കഷ്ടങ്ങളും സഹിച്ചു. നമ്മുടെ പാപങ്ങൾക്കു പകരമായിട്ടുള്ള

അവന്റെ പ്രായശ്ചിത്ത മരണം വഴി നമ്മെ ക്രിസ്തു ദൈവത്തോടും പരസ്പരവും നിരപ്പിച്ചു. *നമ്മുടെ* മരണത്തിന്റെ സ്ഥാനത്ത് അവൻ മരിച്ചു. അതുവഴി നമ്മെ നരകത്തിലേക്ക് വലിച്ച് അടുപ്പിക്കാനുള്ള സാദ്ധ്യതയും ശക്തിയും പിശാചിന് ഇല്ലാതെയായി. അതെ വിശുദ്ധ തിരുസ്നാനത്തിങ്കൽ ദൈവം ജോർജ്ജിനോടെന്ന പോലെ നമ്മോടും പറയുന്നു.

"ഞാൻ ക്രിസ്തുവിന്റെ നീതിയാൽ നിന്റെ പാപത്തെ മറച്ചു കളയുന്നു.
അവന്റെ രക്തത്താൽ ഞാൻ നിന്റെ പാപങ്ങളെ കഴുകി കളഞ്ഞു.
അവന്റെ മരണത്തോടു ഞാൻ നിന്നെ കൂട്ടിയോജിപ്പിച്ചു
അവന്റെ മരണം മൂലം ഉണ്ടായ നേട്ടങ്ങളെല്ലാം വ്യക്തിപരമായി
നിന്റേതും കൂടെ ആയി. പാപമോചനം, പിശാചിന്മേലുള്ള ജയം
മരണത്തിന്റെ തോൽവി ഇതെല്ലാം നിനക്കും സാദ്ധ്യമായി.

ജോർജ്ജ് തന്റെ സ്നാനത്തിൽ സന്തോഷിച്ചു. അവൻ സന്തോഷിയ്ക്കാൻ ഇനി ഒരു കാരണം ക്രിസ്തുവിന്റെ *പുഃനരുത്ഥാനത്തിൽ* ദൈവം അവനെ പങ്കാളിയാക്കി എന്നതിനാലും കൂടെയാണ്. നമ്മുടെ ശത്രുക്കൾക്കെതിരെ പേൾ തുറമുഖം ഉണർന്നെഴുന്നേറ്റു. തിരുസ്നാനം നമ്മുടെ *ആത്മീയതയിലേക്ക്* നമ്മെ ഉണർത്തുന്നു. നമ്മുടെ ജീവിതത്തിലുടനീളം, മരണത്തിലും നരകത്തിലും കൂടെ, പാപവും സാത്താനും തമ്മിൽ വാഴാൻ ഇഷ്ടപ്പെടുന്നു. യേശുക്രിസ്തുവിൽ തനിക്ക് *പുതുജീവൻ* ഉണ്ട് എന്ന കാരണത്താൽ ജോർജ്ജ് തന്റെ ജീവിതത്തിലുടനീളം, താൻ സ്നാനപ്പെട്ട ദൈവ പൈതൽ എന്നതോർത്ത് അതിൽ സന്തോഷിച്ചു. *എല്ലാ ആഴ്ചയും* ജോർജ്ജ് ഈ പുതുജീവിതത്തിലേക്ക് അവൻ ഉയിർപ്പിക്കപ്പെട്ടു. കാരണം കഴിഞ്ഞ ദശാബ്ദങ്ങളിൽ എല്ലാ ആഴ്ചകളിലും അവൻ ദൈവീക ആരാധനയിൽ പങ്കെടുത്ത് തന്റെ പാപങ്ങളെ ഏറ്റുപറഞ്ഞ് പാപമോചനം സ്വന്തമാക്കി. രക്ഷകന്റെ വാഗ്ദത്തങ്ങളിൽ ശക്തി സംഭരിച്ചു. ഈ പുതുജീവൻ അവനിൽ സ്നേഹം ഉൽപാദിപ്പിച്ചു അതു നിങ്ങൾ നല്ല വണ്ണം അറിയുന്നു. നിങ്ങൾ അവനിലൂടെ ആസ്വദിച്ച സ്നേഹം അവൻ തന്റെ രക്ഷകനായ യേശുവിലൂടെ ആസ്വദിച്ച ദൈവസ്നേഹത്തിന്റെ ഫലം ആയിരുന്നു. ക്രിസ്തുവിലെ ദൈവ സ്നേഹം ജോർജ്ജിൽ *പ്രത്യാശയും* ജനിപ്പിച്ചു. യേശു ഉയിർത്തെഴുന്നേറ്റ പോലെ ജോർജ്ജും ഉയിർത്തെഴുന്നേൽക്കും

എന്നതു നിശ്ചയം. അതിൽ അവൻ വിശ്വസിച്ച് ആശ്രയിച്ചു. ജോർജ്ജ് തന്റെ സ്നാനത്തിൽ ഉല്ലസിച്ചു. എന്തെന്നാൽ സ്നാനത്തിലൂടെ യേശുക്രിസ്തുവിന്റെ പുനഃരുത്ഥാനത്തിൽ അവൻ പങ്കാളിയായി. അതു അവന്റെ ശരീരത്തിനും ആത്മാവിനും നിത്യജീവൻ വാഗ്ദാനം ചെയ്തു.

അവന്റെ *ആത്മാവിന്* ഇപ്പോൾ നിത്യജീവൻ ഉണ്ട് എന്ന് നാം അറിയുന്നു. ഞാനും അതു നിശ്ചയത്തോടെ അറിയുന്നു. പല സന്ദർഭങ്ങളിലും ഈ മനുഷ്യൻ ക്രിസ്തീയവിശ്വാസപ്രമാണം മുഴുവനായും ഭയഭക്തിയോടു ഏറ്റു പറയുന്നത് ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. ദൈവാലയത്തിൽ വരാൻ കഴിയാത്ത അവസാന നാളുകളിൽ അവൻ വീട്ടിൽ തന്നെ ആയിരുന്നു. അവിടെ അനേകം പ്രാവശ്യം ഭക്ഷണം മറ്റുള്ളവരുമായി പങ്കിട്ടു. തിരുവത്താഴ വിരുന്നിന്റെ മുന്നാസ്വാദനം അവൻ രുചിച്ചറിഞ്ഞു. ഒരു ചികിത്സാ രീതികളും ഒരു മരുന്നും അവന് സൗഖ്യം നൽകാൻ പ്രയോജനപ്പെട്ടില്ല. യേശു ക്രിസ്തുവിന്റെ ശരീരരക്തങ്ങളെ അമർത്യതയുടെ സൗഖ്യമാക്കുന്ന ദിവ്യ ഔഷധമായി അവൻ നോക്കി കണ്ടു. അവന്റെ ഈ ലോക ജീവിതം അവസാനിക്കാൻ പോകുന്നു എന്നു മനസ്സിലാക്കിയപ്പോൾ, കർത്താവിൽ സമാധാനത്തോടെയുള്ള മടങ്ങിപ്പോകലായി അവൻ അതിനെ കണ്ടു. അതെ അതു സംഭവിച്ചു.

കഴിഞ്ഞ ദിവസം ഞാൻ ഈ വീട്ടിലേയ്ക്കു വന്നു. എന്നോടൊപ്പം എന്റെ കുടുംബാംഗങ്ങളും ഉണ്ടായിരുന്നു. “ഇപ്പോൾ നാഥാ ഞാൻ എന്റെ ആത്മാവിനെ നിന്റെ കരങ്ങളിൽ ഭരമേൽപ്പിക്കുന്നു. അടിയാനെ സമാധാനത്തോടെ വിട്ടയയ്ക്കേണമേ” ഈ വാക്കുകൾ ഞാൻ അവന്റെ ചെവിയിൽ പറഞ്ഞു. ശാന്തനായി മൃദുസ്വരത്തിൽ അവൻ പറഞ്ഞുകൊണ്ടിരുന്നു, “ആമേൻ,” “ആമേൻ”. ‘കൂടെ പാർക്ക്’ എന്ന പാട്ടു ഞാൻ പാടി അതേ പാട്ടു വീണ്ടും നാമിന്നു പാടാൻ പോകുകയാണ്. നേർത്ത സ്വരത്തിൽ ജോർജ്ജും ചേർന്നു പാടി. കണ്ണുകൾ അടഞ്ഞിരുന്നു. വളരെ ക്ഷീണിച്ച ശരീരമായിരുന്നു. എങ്കിലും അവന്റെ വിശ്വാസം ശക്തമായിരുന്നു. തിരുസ്നാനത്തിലൂടെ അവന്റെ കർത്താവു അവനു വാഗ്ദത്തം ചെയ്ത സകലതിനും അവന്റെ ഹൃദയം തുറവിയുള്ളതായിരുന്നു. ജോർജ്ജ് അതെല്ലാം വിശ്വസിച്ചു. രക്ഷപ്രാപി

ച്ചു. ഇവിടെ കൂടി വന്നിരിക്കുന്ന നാമെല്ലാവരും ജോർജ്ജിന്റെ *ആത്മാവിനെ* ദൂതന്മാർ പറുദീസയിലേക്ക് ആനയിച്ച് സ്വീകരിച്ചതിന് സാക്ഷികളാണ്. അവൻ ഇപ്പോഴും ജീവിക്കുന്നു. ശക്തമായി ഒച്ചയോടെ സ്വർഗ്ഗീയ സൈന്യത്തോടൊപ്പം പാടികൊണ്ടിരിയ്ക്കുന്നു.

അവന്റെ *ശരീരം* ഇപ്പോൾ ഇവിടെ നമ്മുടെ കൺമുന്നിലുണ്ട്. നാം അതിനെ വിശ്രമത്തിനായ് ഭൂമിയിൽ നിക്ഷേപിക്കും. യേശു വീണ്ടും വരുമ്പോൾ ഈ ശരീരം മഹത്വീകരണത്തിനായ് ആത്മാവോട് വീണ്ടും സംയോജിയ്ക്കും. ജോർജ്ജ് മരിച്ചു എന്നാൽ *യേശു വാഗ്ദത്തം ചെയ്ത പ്രകാരം അവൻ ജീവിയ്ക്കുന്നു.*

തിരുസ്നാനത്താൽ യേശുവിന്റെ മരണത്തിലും ഉയിർത്തെഴുന്നേല്പിലും പങ്കാളിയായവൻ, ഉയിർത്തെഴുന്നേൽപ്പും ജീവനുമായ തന്റെ രക്ഷകനിൽ വിശ്വസിച്ചവൻ, ഈ മരണത്തിലൂടെ പുനഃരുത്ഥാനത്തിലേക്ക് നയിക്കപ്പെടും. ജോർജ്ജിനെപ്പോലെ ഈ വിശ്വാസം ഉള്ള സകലരും ഒരിക്കലും അവസാനിക്കാത്ത ജീവനെ ആശ്ലേഷിക്കും.

*നിങ്ങളുടെ ജീവിതത്തിലേയും* ഏറ്റവും അർത്ഥവത്തായ ദിനത്തിനായ് കാത്തിരിക്കുക. അത് ഏതെങ്കിലും ചരിത്രപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ജോർജ്ജും നിങ്ങളും സ്നാനപ്പെട്ടതിന്റെ രേഖയുണ്ട്. എന്നാൽ *ജീവ പുസ്തകത്തിൽ* നിങ്ങളുടെ പേർ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് ആണ് ജോർജ്ജിന്റെ തിരുസ്നാന നാൾ തികച്ചും മുഖ്യത്വമുള്ളതാകുന്നത്. ആ തീയതി *നമ്മുടെ രാജ്യത്തിന്റെ* സ്മാരകദിവസമാകയാലല്ല. ഈ നാൾ *നിത്യതയുടെ* സ്മാരകദിനമാണ്. അതുകൊണ്ട് നിങ്ങളും വിശ്വസിക്കുകയും സ്നാനപ്പെടുകയും വേണം.

“നിങ്ങളുടെ ആത്മാവിനെ പുതുക്കാൻ മറ്റൊന്നിനും കഴിയാതിരിയ്ക്കെ നിങ്ങളുടെ സ്നാനം നിങ്ങളെ പൂർണ്ണനാക്കുന്നു. അപ്പോൾ നിങ്ങൾ മുഴുവനും പരിപൂർണ്ണരാകുന്നു.” ഈ പാട്ടിന്റെ വരികൾ നമുക്കു പരിചിതമാണല്ലോ. അതായത് തിരുസ്നാന വാഗ്ദത്തങ്ങൾ നിങ്ങളെ *ദിനം തോറും, ആഴ്ചതോറും, മരണം വരേയും* വിശ്വാസത്തിൽ ബലപ്പെടുത്തി കൊണ്ടേയിരിക്കും. അതെ, ക്രിസ്തുവിന്റെ മരണവും ഉയിർത്തെഴുന്നേൽപ്പും *നിങ്ങൾക്കും വേണ്ടിയു*

*ള്ളതാണ്.* പാപത്തിന്മേലും, മരണത്തിന്മേലും, പിശാചിന്മേലും ഉള്ള അവന്റെ വിജയം *നിങ്ങൾക്കും* ഉള്ളതാണ്. ജോർജ്ജിനെപ്പോലെ അതിൽ സന്തോഷിക്കുക. നിങ്ങൾ നിങ്ങളുടെ രക്ഷകനോട് ചേർന്നിരിയ്ക്കയാൽ ആഹ്ലാദിക്കുക. അവൻ നിങ്ങൾക്കായ് ശത്രുവിനെ കീഴടക്കി. നിങ്ങളുടെ രക്ഷകന്റെ വിലയേറിയ വാഗ്ദത്തങ്ങൾ ജോർജ്ജിനെപ്പോലെ അതിൽ സന്തോഷിക്കുക. നിങ്ങൾ നിങ്ങളുടെ രക്ഷകനോട് ചേർന്നിരിയ്ക്കയാൽ ആഹ്ലാദിക്കുക. അവൻ നിങ്ങൾക്കായ് ശത്രുവിനെ കീഴടക്കി. നിങ്ങളുടെ രക്ഷകന്റെ വിലയേറിയ വാഗ്ദത്തങ്ങളിൽ ജോർജ്ജിനെപ്പോലെ നിങ്ങൾക്കും സ്വന്തമാകാൻ ജോർജ്ജിനെ മാതൃകയാക്കി ആരാധനയിലും വചനകേൾവിയിലും സാക്രമെന്തനുഭവത്തിലും നിലനിൽക്ക. ജോർജ്ജ് മഹത്വത്തിൽ പ്രവേശിച്ച പ്രകാരം ഒടുവിൽ സകല ജഢത്തിന്റേയും ഉയിർത്തെഴുന്നേല്പും സമീപമാകുംവരേയും അതു തുടരുക.

*അപ്പോൾ* ജോർജ്ജിന് 1941 ഡിസംബർ 7 ഏറ്റവും അർത്ഥവർത്തായി തീർന്നതിന്റെ യാഥാർത്ഥ്യം നിങ്ങൾക്കും ബോധ്യമാകും. നിങ്ങൾ സ്നാനപ്പെട്ട തീയതിയും *നിങ്ങൾക്ക്* പരമപ്രാധാന്യമുള്ള ദിനമാകും. നമ്മുടെ രക്ഷകൻ ജീവിയ്ക്കുന്നു. അവൻ ഒടുവിൽ പൊടിമേൽ നിൽക്കും. ഇതു ജോർജ്ജിനെപ്പോലെ നിങ്ങളും തിരിച്ചറിയുക. നിങ്ങളുടെ ത്വക്ക് അഴുകി നശിക്കും. എന്നാലും നിങ്ങളുടെ ശരീരത്തിൽ നിങ്ങൾ ദൈവത്തെ കാണും. നിങ്ങളുടെ സ്വന്തം കണ്ണ് അവനെ കാണും. അതെ, ആ ദിവസത്തിൽ, നിങ്ങളുടെ സകല ദുഃഖങ്ങളും ഇല്ലാതെയാകും. നിങ്ങളുടെ കണ്ണുനീരെല്ലാം തുടച്ചു നീക്കപ്പെടും. 1941 ഡിസംബർ 7 ദൈവത്തിന്റെ പ്രീയ ജോർജ്ജിന് ഒരു ജയത്തിന്റെ ദിവസമായിരുന്നു എന്ന് വ്യക്തതയോടെ നിങ്ങൾ ഗ്രഹിക്കുക. അതുപോലെ തന്നെയാകും നിങ്ങളുടെ സ്നാനദിവസം *നിങ്ങൾക്കും.*

യേശുവിന്റെ നാമത്തിൽ. **ആമേൻ.**

# പ്രസംഗം 7
# "അലീനയ്ക്കായി, മരണത്തെ വിജയം വിഴുങ്ങി"

**1 കൊരി. 15:51–57**

ഹല്ലേലൂയ്യാ! ക്രിസ്തു ഉയിർത്തെഴുന്നേറ്റു! *അതെ, സത്യമായും അവൻ ഉയിർത്തു*, ഹല്ലേലൂയ്യാ!
*അലീനയുടെ കുടുംബാംഗങ്ങളേ, പ്രീയ സ്നേഹിതരേ, ക്രിസ്തുവിൽ പ്രീയ സഹോദരി സഹോദരന്മാരേ:*

"**മ**രണത്തെ വിജയം വിഴുങ്ങിക്കളഞ്ഞു". 1 കൊരിന്ത്യൻ 15.54 (മലയാളം പരിഭാഷയിൽ 'മരണം നീങ്ങി ജയം വന്നിരിക്കുന്നു" എന്നു കാണാം. എന്നാൽ മൂലഭാഷയോടു കൂടുതൽ യോജിക്കുന്നത്; "മരണത്തെ വിജയം വിഴുങ്ങി" എന്നോ 'മരണത്തെ വിജയം ഗ്രസിച്ചു' എന്നോ പരിഭാഷപ്പെടുത്തുന്നതാണ്.) എന്തൊരു വിസ്മയകരമായ മർമ്മമാണ് വിശുദ്ധ പൗലൂസ് നമുക്കു നൽകുന്നത്! ആളുകൾ ഭക്ഷണം വിഴുങ്ങുന്നത് നമുക്ക് പരിചയമുണ്ട്. അലീന ഒരു പ്രത്യേക തരം ഭക്ഷണം ബന്നിൽ ഉണ്ടാക്കുമായിരുന്നു. എന്റെ മകൻ അത് ഏറെ ഇഷ്ടപ്പെട്ട് വിഴുങ്ങുമായിരുന്നു. അവളുടെ ഭവനം ഞങ്ങൾ സാധാരണ സന്ദർശിച്ച് മടങ്ങുമ്പോഴെല്ലാം അവൾ ഈ ഭക്ഷണം മകനു വേണ്ടി തന്നുവിടുമായിരുന്നു. മരുന്നു മാത്രകൾ സാധാരണയായി നാം വിഴുങ്ങാറുണ്ട്. വെള്ളവും ഇതര പാനീയങ്ങളും നാം വിഴുങ്ങാറുണ്ട്. എന്നാൽ മരണത്തെ വിഴുങ്ങാനാകുമോ? "വിജയം മരണത്തെ വിഴുങ്ങിക്കളയുമോ?"

ഈ മർമ്മം മനസ്സിലാക്കാൻ, ഇതു എങ്ങനെ അലീനയുമായി ബന്ധപ്പെട്ടിരിയ്ക്കുന്നു എന്നു ഗ്രഹിയ്ക്കേണ്ടതുണ്ട്. ഒന്നാമതായി മരണം സംഭവിക്കുന്നത് പാപം നിമിത്തമാണ്. "മരണ

ത്തിന്റെ വിഷമുള്ള പാപമാണ്" നാം അതിനെക്കുറിച്ച് കേട്ടു. മറ്റൊരിടത്തു നാം വായിക്കുന്നു. "പാപത്തിന്റെ ശമ്പളം മരണമത്രേ". ഈ ഇരുണ്ട സത്യത്തെ വചനം പകൽ പോലെ വ്യക്തമാക്കുന്നു. പിശാച് ആദമിനെയും ഹൗവ്വയേയും പാപത്തിലേക്ക് വശീകരിച്ചു. അവർ മരിച്ചു. അതുനിമിത്തം സകല മനുഷ്യരിലേക്കും ജന്മപാപം പകരുകയും ഏവരും മരണാർഹർ ആകുകയും ചെയ്തു. പാപം ഇല്ലാത്തേടത്തു മരണം ഇല്ല. അലീന മരിയ്ക്കാൻ കാരണം അവളുടെ പാപമാണ്.

രണ്ടാമതായി നാം ഗ്രഹിയ്ക്കേണ്ടത്, "പാപത്തിന്റെ ശക്തി ന്യായപ്രമാണം" എന്നതാണ്. നാം അതും വചനത്തിൽ കേട്ടു. മറ്റൊരിടത്തു നാം വായിക്കുന്നു. "ന്യായപ്രമാണം നിമിത്തം നമുക്കു പാപത്തെ കുറിച്ചുള്ള അറിവ്" ലഭിക്കുന്നു. അതുകൊണ്ട് മനുഷ്യർക്ക് അവരുടെ പാപത്തെ ഇഷ്ടം പോലെ നിഷേധിക്കാം. എന്നാൽ ദൈവത്തിന്റെ ന്യായപ്രമാണത്തിലൂടെ നമുക്ക് നമ്മുടെ പാപത്തെക്കുറിച്ചുള്ള അറിവ് അഥവാ പാപബോധം ഉണ്ടാകുന്നു. ദൈവത്തിന്റെ ന്യായപ്രമാണം എന്നത് എല്ലാറ്റിലും മേലായി ദൈവത്തെ സ്നേഹിക്ക എന്നതും കൂട്ടുകാരെ തന്നെ പോലെ തന്നെ സ്നേഹിക്ക എന്നതുമാണ്. നമ്മുടെ ഹൃദയത്തെ തുറന്നു കാണിയ്ക്കാനുള്ള ശക്തി ന്യായ പ്രമാണത്തിനുണ്ട്. ന്യായപ്രമാണം ആവശ്യപ്പെടും പ്രകാരം നാം ദൈവത്തേയോ സഹമനുഷ്യരേയോ സ്നേഹിച്ചിട്ടില്ല എന്ന് അത് വ്യക്തമാക്കുന്നു.

ആകയാൽ ഈ സത്യം ആദ്യമേ തന്നെ മനസ്സിലാക്കിയാലേ വിജയം വിഴുങ്ങിയ മരണത്തിന്റെ മർമ്മം ഗ്രഹിക്കുവാനും അതു അലീനയിൽ എപ്രകാരം സത്യമായിരിക്കുന്നു എന്നും നമുക്കു ഗ്രഹിയ്ക്കാനാകൂ. അലീന ഇതു നന്നായി മനസ്സിലാക്കിയിരുന്നു. "മരണത്തിന്റെ വിഷമുള്ള പാപം. പാപത്തിന്റെ ശക്തിയോ ന്യായപ്രമാണം..." നമ്മുടെ കർത്താവായ യേശു ക്രിസ്തു മൂലം നമുക്ക് ജയം നൽകുന്ന ദൈവത്തിന് സ്തോത്രം. ഇതു പൂർണ്ണമായും അലീന ഗ്രഹിച്ചിരുന്നു. ദൈവപുത്രനായ യേശു ക്രിസ്തു തന്നിൽ തന്നെ നമ്മുടെ പാപങ്ങളെ ഏറ്റെടുക്കുകയാൽ, ദൈവം വിജയം നൽകി എന്നു അലീന അറിഞ്ഞിരുന്നു. ദൈവം മനുഷ്യനായി വന്നു. നമുക്കായി ന്യായപ്രമാണം പൂർണ്ണമായി നിറവേറ്റി. നമ്മുടെ പാപത്തിനെതിരായ ദൈവ

കോപം മുഴുവൻ അവൻ വിഴുങ്ങി. കയ്പു നീർ കുടിച്ചു. യേശു ക്രിസ്തു എന്ന ദൈവപുത്രൻ മുഖാന്തിരം ദൈവം നമുക്ക് ജയം നൽകി. അവൻ തന്നെ മരണത്തെ ആഗിരണം ചെയ്തു. മരണത്തെ തോൽപിച്ച് മരിച്ചവരുടെ ഇടയിൽ നിന്നും ഉയിർത്തെഴുന്നേറ്റു. യേശു ഇപ്പോൾ നിത്യജീവൻ എന്ന വിജയം നൽകി. അവന്റെ ശബ്ദം കേൾക്കുന്ന ഏവരും ഇത്തരം വിജയാളികളാണ്. അലീന അവന്റെ ശബ്ദം ശ്രവിച്ചു. അവളുടെ നല്ല ഇടയന്റെ ശബ്ദം! അവൾ തന്റെ തോട്ടത്തിൽ നട്ടു വളർത്തിയ അനേകം ചെറുപഴങ്ങൾ വിഴുങ്ങുന്നതിലുപരി മരണത്തെ വിഴുങ്ങാൻ അവൾ പ്രാപ്തയായി. *90 വർഷങ്ങൾക്കു ശേഷം അവൾക്കതിന് കഴിഞ്ഞു.* അതിലുമുപരി; ദൈവം അവൾക്കായ് നേടിയ വിജയം അവളുടേതും കൂടെ ആയി സ്വീകരിയ്ക്കാനുള്ള വഴിനടത്തിപ്പു ലഭിച്ചു. പാപത്തിൽ നിന്നും, മരണത്തിൽ നിന്നും, നിത്യനരകത്തിൽ നിന്നും വിടുതൽ നൽകുന്ന രക്ഷകനായി അവൾ യേശു ക്രിസ്തുവിനെ വിശ്വസിച്ചു. അവളുടെ ജീവിതത്തിലൂടനീളം അലീന ഈ സത്യം പാനം ചെയ്തു. ഞാൻ അവളെ അവളുടെ വീട്ടിൽ കണ്ടപ്പോഴെല്ലാം അവൾ തന്റെ പാപം ഏറ്റുപറഞ്ഞു. അവളുടെ നല്ല ഇടയന്റെ ശബ്ദം കേട്ടു... അവൾക്കായും അവളുടെ പാപങ്ങൾക്കായും ജീവൻ വച്ചുകൊടുത്ത നല്ല ഇടയനെ അവൾ അറിഞ്ഞു. അവന്റെ മരണത്തിലും ഉയർത്തെഴുന്നേൽപ്പിലും അവളെ തിരുസ്നാനം വഴി പങ്കാളിയാക്കി. പുതു ജീവൻ അവൾക്കു നൽകി. നിരന്തരം ഇതിനെക്കുറിച്ചുള്ള പ്രസംഗങ്ങൾ അവൾ ശ്രദ്ധിക്കുകയും അതു ഉള്ളിലേക്ക് സ്വീകരിക്കുകയും ചെയ്തു. അവൾക്കായ് നുറുക്കപ്പെട്ട ശരീരവും ചിന്തപ്പെട്ട രക്തവും തിരുവത്താഴത്തിലൂടെ അവൾ സ്വന്തമാക്കി. അവളുടെ മരണം എന്നെന്നേയ്ക്കുമായി യേശുവിന്റെ ജയം ആഗിരണം ചെയ്തു.

അതെ, ഈ മർമ്മം അലീന വിശ്വസിച്ചു. "യേശു മുഖാന്തിരം മരണം നീങ്ങി ജനം വന്നിരിക്കുന്നു. വിജയത്താൽ മരണത്തെ വിഴുങ്ങിക്കളഞ്ഞു. ഇതിനർത്ഥം അലീന മരിച്ചുപോയി എന്നല്ല. നിദ്ര ചെയ്യുന്നു എന്നാണ്. പൗലൂസും ഇതു തന്നെയാണ് പറയുന്നത്. അതെ അവളുടെ ആത്മാവ് സ്വർഗ്ഗത്തിൽ യേശുവോട് ചേർന്ന് ആനന്ദിക്കുന്നു. അവൾക്കൊപ്പം മുന്നമേ

കടന്നുപോയ പ്രീയ കുടുംബ അംഗങ്ങളും സകല വിശുദ്ധന്മാരുമുണ്ട്. ഇവിടെ അവളുടെ ശരീരം ഉറങ്ങുന്നു. യേശു വീണ്ടും വരുമ്പോൾ, "കണ്ണിമയ്ക്കുന്നതിനിടയിൽ, അന്ത്യകാഹളം കേൾക്കുമ്പോൾ.. മരിച്ചവർ അക്ഷയരായി ഉയിർക്കും." അതു തിരുവചനം നൽകുന്ന ഉറപ്പാണ്. നല്ല ഇടയന്റെ ശബ്ദം കേട്ടവരുടെ ശരീരങ്ങൾ അവന്റെ മഹത്വത്തിനൊപ്പം രൂപാന്തരപ്പെടും. ഇതു സംഭവിക്കുമ്പോൾ ക്ഷയമുള്ള ശരീരം അക്ഷയതയെ ധരിക്കും. മർത്യശരീരം അമർത്യതയെ ധരിക്കും. അതിനുശഷം ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. "മരണത്തെ ജയം വിഴുങ്ങിയിരിക്കുന്നു." അപ്പോൾ നാം അലീനയെ വീണ്ടും ജീവനോടെ കാണം, നമ്മുടെ കർത്താവായ യേശുവിൽ വിശ്വസിച്ച സകലരോടും കൂടെ.

അതെ, "മരണത്തെ ജയം വിഴുങ്ങി കളഞ്ഞു". എന്തൊരു മഹത്തായ മർമ്മമാണ് വിശുദ്ധ പൗലൂസ് നമ്മോട് പറയുന്നത്. യേശു ക്രിസ്തുവിൽ വിശ്വസിക്കുന്ന ഏവർക്കും എന്ത് വലിയ ആശ്വാസമാണ് ഇതു നൽകുന്നത്! പ്രത്യേകിച്ചും ഇവളെ, സ്നേഹിച്ചവരും ഇവളു സ്നേഹിച്ചവരുമായ കുടുംബ അംഗങ്ങൾക്ക് എത്ര വലിയ സന്തോഷമാണ് ഇതു നൽകുക. ഇതു വിശ്വസിക്കുക. അലീനയ്ക്കായ് "മരണത്തെ ജയം വിഴുങ്ങിയിരിക്കുന്നു." മരണം നീങ്ങി ജയം വന്നിരിക്കുന്നു. ഭക്ഷണ പാനീയങ്ങൾ വിഴുങ്ങുന്നവരുടെ ചിത്രം മനസ്സിൽ കാണുക. അതു ഒരു പുഞ്ചിരി നിങ്ങളിൽ ഉണ്ടാക്കും. എന്നാൽ മരണത്തെ വിഴുങ്ങി കളഞ്ഞ സത്യം നിങ്ങൾക്കു തരുന്നത് തീർച്ചയായും നിമിഷനേരത്തെ സംതൃപ്തിയല്ല. മരണത്തിന്റെ വിഷമുള്ള് എന്നെന്നേയ്ക്കുമായി നീങ്ങിപ്പോയി. നിങ്ങൾ നിത്യ വിജയം ഇനി സ്വന്തം. വിജയം അലീനയുടേതുമായി തീർന്നിരിയ്ക്കുന്നു. യേശു എന്ന നല്ലിടയന്റെ ശബ്ദം കേൾക്കുകയും അവന്റെ നാമത്തിൽ വിശ്വസിക്കുകയും ചെയ്യുന്ന ഏവരുടേതുമായി വിജയം മാറിയിരിക്കുന്നു.

ഹല്ലേലൂയ്യാ! ക്രിസ്തു ഉയിർത്തെഴുന്നേറ്റു!

*അവൻ നിശ്ചയമായും ഉയിർത്തു, ഹല്ലേലൂയ്യാ!*

# പ്രസംഗം 8
# "ഇനി ചലനമില്ല"
### യോഹന്നാൻ 14.1–6

*പ്രീയ പ്രേമയുടെ കുടുംബ അംഗങ്ങളേ, പ്രീയ സുഹൃത്തു ക്കളെ, ക്രിസ്തുവിൽ പ്രീയ സഹോദരീ സഹോദരന്മാരേ,*
പിതാവായ ദൈവത്തിങ്കൽ നിന്നും നമ്മുടെ കർത്താ
വായ യേശു ക്രിസ്തുവിങ്കൽ നിന്നും നിങ്ങൾക്ക്
കൃപയും സമാധാനവും ഉണ്ടാകട്ടെ. ***ആമേൻ.***

**ഇ**നി ചലനമില്ല. ചലിച്ചുകൊണ്ടേയിരിക്കുക എന്നതു പ്രേമയുടെ ജീവിതക്രമമായിരുന്നു. ഒരിടത്തുനിന്നും മറ്റൊരിട ത്തേയ്ക്ക്, അവിടെ നിന്നും വേറൊരു ഇടത്തേയ്ക്ക് ഇങ്ങനെ ജീവിതം എന്നതു പ്രേമയെ സംബന്ധിച്ചിടത്തോളം ഒരു പ്രയാ ണമായിരുന്നു എനിക്കു തോന്നുന്നു. ഇപ്പോൾ അവൾക്ക് ശരിക്കും ശ്വാസം വിടാൻ സമയം കിട്ടി... ഈ ഓട്ടപ്പാച്ചിലിനിട യിൽ പലപ്രാവശ്യം അവളെ സന്ദർശിക്കാൻ എനിക്ക് അവസരം ഉണ്ടായി. എന്നാൽ ഇപ്പോൾ *അതു അവസാനിച്ചു*. ഇനി ചലന മില്ല. പ്രേമ വീട്ടിലാണ്. അവളുടെ *ആത്മാവ്* സ്വർഗ്ഗത്തിലാണ്.

എന്നാൽ *എന്തുകൊണ്ട്* പ്രേമ ഇപ്പോൾ ഈ ശവപ്പെട്ടി യ്ക്കുള്ളിലായിരിയ്ക്കണം? *അവൾക്കായ്* സ്വർഗ്ഗത്തിൽ ഒരു വീടു ഒരുക്കപ്പെട്ടതല്ലേ? യേശുവിന്റെ വാക്കുകൾ ശ്രദ്ധിക്കുക.

"നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്, ദൈവത്തിൽ വിശ്വസിപ്പിൻ എന്നിലും വിശ്വസിപ്പിൻ. എന്റെ പിതാവിന്റെ ഭവ നത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്. ഇല്ലെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു. ഞാൻ നിങ്ങൾക്ക് സ്ഥലം ഒരു ക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കി യാൽ, ഞാൻ ഇരിയ്ക്കുന്ന ഇടത്ത് നിങ്ങളും ഇരിയ്ക്കേണ്ടതിന് പിന്നേയും വന്ന് നിങ്ങളെ എന്റെ അടുക്കൽ ചേർത്തു കൊള്ളും!

പ്രേമയ്ക്കായ് യേശു പിതാവിന്റെ ഭവനത്തിൽ ഒരു സ്ഥലം ഒരുക്കിയിട്ടുണ്ട്. അവൾക്ക് സ്വർഗ്ഗത്തിൽ ഒരു ഇടം ഉണ്ടാകുവാനുള്ള കാരണം യേശുക്രിസ്തുവാണ്. മറ്റുള്ളവരും അതിൽ എന്തു കൊണ്ട് പോകേണ്ടതുണ്ട്? യേശു പിതാവിന്റെ ഭവനത്തിൽ ആണി കൊണ്ടും മരം കൊണ്ടും രക്തം കൊണ്ടും വിയർപ്പ് കൊണ്ടും... ഒക്കെയാണ് ഭവനം ഒരുക്കിയത്. എന്നാൽ അതു സാധാരണ നാം ചിന്തിയ്ക്കും വിധമല്ല. യേശു ഉപയോഗിച്ച ആണി എന്നതു തന്റെ കാൽ കരം തുളച്ച ആണികളാണ്. ആ കൂർത്ത ആണികളാൽ തറയ്ക്കപ്പെട്ടാണ് അവൻ ക്രൂശിൽ മരിച്ചത്. യേശുവിൽ നിന്നും രക്തവും വിയർപ്പും കണ്ണുനീരും ഒഴുകിയത് അവൻ അനുഭവിച്ച കഠിന കഷ്ടപ്പാടിലൂടെയാണ്. പ്രേമയ്ക്കായ്, നിങ്ങൾക്കായ് മുഴു ലോകത്തിനുമായ് യേശു വീടൊരുക്കി.

യേശു നമ്മുടെ പാപങ്ങൾക്ക് പകരക്കാരനായി മരിച്ചു. അതിനു വേണ്ടി മാത്രം മരിച്ചു. യേശു ക്രിസ്തുവിന്റെ മരണം മുഖാന്തിരമല്ലാതെ ആരും, ആർക്കും പിതാവിന്റെ ഭവനത്തിൽ സ്ഥലം ഒരുക്കുന്നില്ല. എന്തെന്നാൽ യേശു നിത്യമായും ദൈവ പുത്രനാണ്. അവനെന്നേയ്ക്കും പിതാവിനോടൊപ്പം ജീവിയ്ക്കുന്നു. ലോകസ്ഥാപനത്തിനും മുമ്പേ ഈ ഭവനം പണിയപ്പെട്ടു. നമ്മുടെ പാപം എടുത്തുകളയാതെ *നമുക്കാർക്കും* തന്നെ ആ ഭവനത്തിൽ പ്രവേശിക്കാനാകില്ല. തന്റെ പരിശുദ്ധ ഭവനത്തെ പാപം മലിനപ്പെടുത്താൻ ദൈവം അനുവദിയ്ക്കുകയില്ല. എന്നാൽ അവൻ സ്നേഹമായിരിക്കുകയാൽ, നാം അവിടെ പ്രവേശിക്കണമെന്നും അവൻ ആഗ്രഹിയ്ക്കുന്നു. പ്രേമയും അവിടെ ആയിരിക്കണമെന്ന് അവൻ ആഗ്രഹിച്ചു. ആകയാൽ, കാലതികവിങ്കൽ പ്രേമയ്ക്കു ഒരു സ്ഥലം ഒരുക്കാനായി ദൈവം സ്വപുത്രനെ അയച്ചു. അത് നമുക്ക് ഓരോരുത്തർക്കും വേണ്ടി കൂടിയാണ്. ദൈവത്തിന്റെ പരിശുദ്ധ പുത്രൻ നമ്മുടെ ജഡം സ്വീകരിച്ചു. കന്യക മറിയയിൽ അവൻ മനുഷ്യനായ് ജനിച്ചു. നമ്മുടെ സ്ഥാനത്ത് അവൻ ഒരു പരിശുദ്ധ ജീവിതം നയിച്ചു. നമ്മുടെ പാപ ജീവിതത്തിനു പകരമായി ദൈവം അതിനെ കണക്കിട്ടു. ദൈവപുത്രൻ ക്രൂശിലൂടെ പിതാവിന്റെ ഭവനത്തിൽ പ്രേമയ്ക്കും എനിയ്ക്കും നിങ്ങൾക്കും ആയി ഒരു സ്ഥലം ഒരുക്കി.

വിശ്വാസത്താൽ ഈ സത്യം സ്വീകരിക്കുന്ന ഏവർക്കും ഇതുവഴിയുള്ള പ്രയോജനം ലഭിയ്ക്കും. ഇത് തികച്ചും സൗജ

ന്യദാനമാണ്. യേശു പറഞ്ഞു. യേശു പോയി സ്ഥലം ഒരുക്കിയ ശേഷം വീണ്ടും വന്ന് അവൻ ഇരിയ്ക്കുന്ന ഇടത്തേയ്ക്ക് വിശ്വാസികളെ ചേർത്തു കൊള്ളും. യേശു മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേറ്റ ശേഷം ലോകത്തിലേക്ക് പരിശുദ്ധാത്മാവിനെ അയച്ചു. വചനം മൂലം പരിശുദ്ധാത്മാവു പ്രവൃത്തിച്ചു കേൾവിക്കാരായ നിങ്ങളെപ്പോലെയുള്ളവരിൽ വിശ്വാസം ജനിപ്പിക്കുന്നു. യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവൻ യേശുവിന്റെ വിലയേറിയ വചനത്തിൽ പറ്റിപ്പിടിയ്ക്കണം. അവരോടു കൂടെ യേശുവുണ്ട്. രക്ഷയുടെ അറിവ് എന്ന *സത്യം* ഗ്രഹിയ്ക്കുന്ന ഏവരും, യേശുവിൽ പറ്റിച്ചേരുന്ന ഏവരും, വിശ്വാസത്താൽ ആത്മ നിറവുള്ള വചനം കൈക്കൊള്ളുന്ന ഏവരും ദൈവമക്കൾ ആകുന്നു. ജീവനിലും മരണത്തിലും യേശുവിനോട് ഒപ്പം പിതാവിന്റെ ഭവനത്തിലായിരിയ്ക്കാൻ അവൻ വഴി കാട്ടുന്നു.

ഇത് പ്രേമയുടെ കാര്യത്തിലും സത്യമാണ് എന്നു ഞാൻ *അറിയുന്നു.* എല്ലാ ചലനങ്ങളിലും യാത്രകളിലും ജീവിതത്തിലുടനീളം പ്രേമ യേശുവിൽ വിശ്വസിച്ചു എന്ന് ഞാൻ *അറിയുന്നു.* കാരണം കഴിഞ്ഞ പത്ത് വർഷമായി യേശു ക്രിസ്തുവിന്റെ ജീവവചനം ഞാൻ പ്രേമയോട് പ്രസംഗിച്ചു. ഈ പള്ളിയിലും അവൾ മാറി മാറി താമസിച്ച ഇടങ്ങളിലും അതു തന്നെ തുടർന്നു. അവൾ ക്രിസ്തുവിലാശ്രയിച്ച് തുടരെ തുടരെ പാപമോചന അപേക്ഷകൾ നടത്തി. പാപമോചനത്തിനായി ക്രിസ്തുവിലാശ്രയിച്ച് വിജയം നേടി. പ്രേമ സ്വർഗ്ഗത്തിലുള്ള പിതാവിനെ സൃഷ്ടിതാവായും പുത്രനായ യേശുക്രിസ്തുവിനെ ക്രൂശുമരണം വഴി തന്റെ വീണ്ടെടുപ്പുകാരനായും പിതാവിന്റെ സന്നിധിയിൽ തനിക്ക് സ്ഥലം ഒരുക്കുന്നവനായും തിരുസ്നാനം വഴി തന്നെ വിശുദ്ധീകരിച്ച് ദൈവപൈതലാക്കുകയും ദൈവകുടുംബത്തിലെ അംഗമാക്കി പരിപോഷിപ്പിക്കുന്ന പരിശുദ്ധാത്മാവിനേയും കുറിച്ചുള്ള ഏറ്റുപറച്ചിലുകൾ നിരന്തരം നടത്തി. ഹൃദയം ചഞ്ചലപ്പെടാതെയും ഭ്രമിക്കാതെയും ഉള്ളിൽ ബലപ്പെട്ടിരിക്കാൻ തക്കവിധം വിശുദ്ധ തിരുവത്താഴത്തിൽ ക്രമമായി സംബന്ധിച്ചു. യേശുവിന്റെ ശരീരരക്തങ്ങളെ വിശ്വാസപൂർവ്വം ഭക്ഷിച്ചു പാനം ചെയ്തു. അതെ, പ്രേമ എന്നോടൊപ്പം ക്രിസ്തുവിനെ പാടി സ്തുതിച്ചു. രക്ഷകനായ് യേശുവിനെ സാക്ഷിച്ചു. ഇനി

പ്രേമയ്ക്കു ചലനമില്ല. പ്രയാണമില്ല. പിതാവിന്റെ നിത്യഭവനത്തിലെ വാസഗൃഹത്തിൽ അവളെത്തിച്ചേർന്നു.

പ്രേമയെപ്പോലെ നിങ്ങൾക്കും ദൈവപിതാവിന്റെ ഭവനത്തിൽ ഇടം വേണമെന്നുണ്ടെങ്കിൽ നിങ്ങൾ യേശുവിലാശ്രയിക്കുക. യേശുവിനെ ശരിയായും വിശ്വസിച്ച് ഏറ്റുപറയുന്ന ഒരു സഭയുടെ ഭാഗമാകുക. ആത്മനിറവുള്ള വചനത്താലും സാക്രമെന്തുകളാലും നിങ്ങളോട് അവൻ ഇരിക്കും. നിങ്ങളിൽ വസിക്കുകയും വിലയേറിയ തന്റെ കൃപാ മുഖാന്തിരങ്ങളാൽ നിങ്ങളെ വിശ്വാസത്തിൽ സൂക്ഷിക്കുകയും ചെയ്യും. സമീപപ്രദേശത്തിലെ സഭയെക്കുറിച്ച് എന്തെങ്കിലും കൂടുതൽ വിവരം നിങ്ങൾ ആഗ്രഹിക്കുന്നു എങ്കിൽ ബന്ധപ്പെടുക. എന്തെന്നാൽ വിശ്വാസത്തിൽ വളരുവാൻ വചനത്തിന്റെയും സാക്രമെന്തിന്റെയും കൂട്ടായ്മയുടെയും ആവശ്യം നിങ്ങൾക്ക് ഉണ്ട്. പാപം യാഥാർത്ഥ്യമാണ്. അതിനാലാണ് മരണം സംഭവിക്കുക. എന്നാൽ നിങ്ങൾ *പാപത്തിൽ മരിയ്ക്കേണ്ടതില്ല. ക്രിസ്തുവിൽ* നിങ്ങൾക്കു *മരിയ്ക്കാനാകും*. അവൻ നിങ്ങളുടെ പാപത്തെ നീക്കികളഞ്ഞവനാണ്. അവനിൽ പുതുജീവനോടെ നിങ്ങൾക്ക് ഉയർത്തെഴുന്നേൽക്കാനാകും. നിങ്ങൾക്കായ് അവൻ സമ്പാദിച്ച പാപമോചനം നിങ്ങൾക്ക് അവകാശമാക്കാനാകും. നിങ്ങൾക്ക് അവനിലുള്ള വിശ്വാസം മൂലം തിരുസ്നാനം സ്വീകരിച്ച് അവനോടു ചേരാനാകും. അതുമൂലം ദൈവമക്കളായി തീരുന്ന നിങ്ങൾ സകല സ്വർഗ്ഗീയ ദാനങ്ങളുടെയും അവകാശിയായി മാറുകയാണ്. പ്രേമയെ പോലെ നിങ്ങളും നിത്യജീവൻ പ്രാപിയ്ക്കും. ഇതൊരു സൗജന്യദാനമാണ്. നിങ്ങൾക്കെല്ലാപേർക്കും വേണ്ടിയുള്ള ദൈവ ഇഷ്ടമാണത്."തന്റെ പ്രീയപുത്രനെ ആദരിയ്ക്കാതെ അവനെ നൽകിയവൻ അവനോടു കൂടെ സകലതും നമുക്ക് നൽകാതിരിക്കുമോ?" അവൻ മഹാദയാലുവാണ്. ഏറ്റവും സ്നേഹമുള്ളവൻ. ആകയാൽ നിങ്ങളുടെ ഹൃദയം ഭ്രമിക്കരുത്. ദൈവത്തിൽ വിശ്വസിക്ക. പിതാവിന്റെ ഭവനത്തിൽ നിങ്ങൾക്കായും കൂടെ വാസസ്ഥലം ഒരുക്കിയിരിക്കുന്ന പുത്രനിലും വിശ്വസിക്ക...

പ്രേമ തന്റെ ഭവനത്തിലായിരിയ്ക്കുന്നു. എത്തിച്ചേരേണ്ട ഇടത്തു തന്നെ എത്തിച്ചേർന്നു. അവളുടെ *ആത്മാവ്* അവിടെയത്തി. അവളുടെ ശരീരം ഇപ്പോൾ ഇവിടെ ഉയർത്തെഴുന്നേല്പു

കാത്തിരിയ്ക്കുന്നു. നാം അതു വിശദീകരിയ്ക്കേണ്ടതില്ല. എന്തെന്നാൽ അത്രയ്ക്കും അതിശയകരവും ആശ്വാസപ്രദവുമായ സത്യവും വാഗ്ദാനവുമാണത്. ഒരിക്കൽ യേശു തന്റെ *ശരീരത്തിൽ* തിരികെ വരും. അന്ന് എല്ലാ *ശരീരങ്ങളേയും* അവൻ ഉയിർപ്പിയ്ക്കും. പ്രേമയെ പോലെ അവനോടൊപ്പം സ്വർഗ്ഗത്തിൽ ഇപ്പോൾ ആയിരിക്കുന്ന ആത്മാക്കളെല്ലാം, ഭൂമിയിൽ വച്ച് അവനിൽ ആശ്രയിച്ചവരെല്ലാം യേശു ക്രിസ്തുവിന്റേതിനു സമാനമായ അമർത്യ ശരീരത്തോടു കൂടെ ഉയിർത്തെഴുന്നേൽക്കും. അന്നു കർത്താവു സഭാകാലത്തേയക്കുമായ് മരണത്തെ നീക്കിക്കളയും. അവന്റെ പ്രത്യക്ഷതയിൽ സകലരും സന്തോഷിക്കുകയും സകലരുടെയും കണ്ണുനീർ ഇല്ലാതാക്കുകയും ചെയ്യും. ഇപ്പോൾ നമുക്ക്, നമ്മുടെ ആത്മാക്കൾക്ക് അത് എത്രമാത്രം സന്തോഷമായിരിക്കും എന്ന് *ഊഹിയ്ക്കാൻ* പോലും കഴിയുകയില്ല. ഉയിർത്തെഴുന്നേൽപിൻ നാളിൽ, പ്രമേയുടെ മുഖത്തെ നാം സങ്കല്പിയ്ക്കേണ്ട. അവളെ പോലെ വിശ്വാസത്തിൽ നിലനിന്ന നാം അതു *കാണും*. അവളുടെ വായിൽ നിറയെ തിളങ്ങുന്ന പല്ലുകൾ ഉണ്ടാകും. അവളുടെ തലമുടി കൗമാരപ്രായത്തിലെന്നപോലെ തന്നെ ഇരിയ്ക്കും. അവളുടെ മുകം ആകാംക്ഷകളില്ലാതെ സൗമ്യസുന്ദരമായിരിക്കും. ഒരു ശസ്ത്രക്രീയാ വിദഗ്ദന്റേതെന്ന പോലെ അവളുടെ കരങ്ങൾ നിവർന്നിരിയ്ക്കും. അവളുടെ ശരീരം യൗവനയുക്തമായിരിക്കും. അവളുടെ കണ്ണുകൾ തിളക്കത്തോടെ തന്റെ രക്ഷകൻ അവൾക്കായ് ചെയ്തതിന്ന് സകലത്തിന്നും സാക്ഷ്യമായിരിക്കും. നാം അവളുടെ സുന്ദരശബ്ദം കേൾക്കും. അവളുടെ ഭർത്താവും, സകലവിശുദ്ധരും, സകല ദൂതന്മാരും അവൾക്കൊപ്പമുണ്ടാകും.

ആകയാൽ, തൽക്കാലം നാം പ്രേമയുടെ വിയോഗം അനുഭവിക്കുന്നു. യേശു ക്രിസ്തു അവൾക്കും നമുക്കും നൽകുന്ന *നിത്യജീവനിൽ* നാം ദുഃഖങ്ങൾ മറന്ന് സന്തോഷിക്കും. യേശു വഴിയും സത്യവും *ജീവനുമാണ്*. പ്രേമയ്ക്ക് ഇപ്പോൾ ചലനമില്ല. പക്ഷെ ദൈവം തന്റെ മഹാകരുണയാൽ അവൾക്ക് അതിശ്രേഷ്ഠമായത് കരുതിയിരിക്കുന്നു. ഇപ്പോൾ അവൾ ദൈവഭവനത്തിൽ സ്വസ്ഥത അനുഭവിച്ച് സന്തോഷിക്കുക പ്രകാരം നാമും കർത്താവിന്റെ ഭവനത്തിൽ എന്നേയ്ക്കും വസിക്കും.

യേശുവിന്റെ നാമത്തിൽ, **ആമേൻ.**